# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കല്ലിയൂർ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001

ഇ-മെയിൽ: lfadtvm@yahoo.in

ഫോൺ : 0471-2331231

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA/TVM/GP-4/748/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001
തീയ്യതി: 23/06/2022
ഇ-മെയിൽ: lfadtvm@yahoo.in
ഫോൺ: 0471-2331231

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കല്ലിയൂർ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കല്ലിയൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കല്ലിയൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തിരുവനന്തപുരം.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA/TVM/GP-4/748/2022 തീയ്യതി: 23/06/2022

## തിരുവനന്തപുരം ജില്ലയിലെ കല്ലിയൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തിരുവനന്തപുരം ജില്ലയിലെ കല്ലിയൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2020 മുതൽ 31-03-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 31 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 20 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി ശ്രീജ കെ | ഡെപ്യൂട്ടി ഡയറക്ടർ | 05-04-2022 | 16-04-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 05-04-2022 | 16-04-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി സിന്ധു പിഎസ്, ഓഡിറ്റ് ഓഫീസർ
ശ്രീമതി ജയലക്ഷ്മി, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ അൻവർ രാജ്, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ രഞ്ജിത്ത്, ഓഡിറ്റർ
ശ്രീമതി ആതിര, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|

| | | | |
|---|---|---|---|
| ശ്രീമതി ജയലക്ഷ്മി | പ്രസിഡന്റ് | 01-04-2020 | 11-10-2020 |
| അഡ്മിനിസ്ട്രേറ്റീവ് സമിതി | പ്രസിഡന്റ് | 12-10-2020 | 19-12-2020 |
| ശ്രീ.ചന്ദ്രകൃഷ്ണ കെ.കെ | പ്രസിഡന്റ് | 20-12-2020 | 31-03-2021 |
| ശ്രീ ജോസഫ് ബിജു.എം | സെക്രട്ടറി | 01-04-2020 | 30-06-2020 |
| ശ്രീ അനുസചേതനൻ | സെക്രട്ടറി | 01-07-2020 | 31-03-2021 |

നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി പ്രിയങ്ക വി എസ് | അസിസ്റ്റന്റ് എഞ്ചിനിയർ | 01-04-2020 | 31-03-2021 |
| ശ്രീമതി നിഷ സോമൻ | കൃഷി ഓഫീസർ | 01-04-2020 | 31-03-2021 |
| ഡോ രാജശേഖരൻ | മെഡിക്കൽ ഓഫീസർ , ആയുർവേദം | 01-04-2020 | 31-03-2021 |
| ശ്രീമതി ജീന എ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ I | 01-04-2020 | 31-03-2021 |
| ശ്രീമതി ആശ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ II | 01-04-2020 | 31-03-2021 |
| ശ്രീമതി ബീന സരോജം | ഹെഡ്മിസ്ട്രസ്സ് | 01-04-2020 | 31-03-2021 |
| ശ്രീ ഗോപകുമാർ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2020 | 31-03-2021 |
| ശ്രീമതി നിഷ വത്സലൻ | ഡയറി ഫാം ഇൻസ്പെക്ടർ | 01-04-2020 | 31-03-2021 |
| ശ്രീമതി പ്രീതി പി ആർ | വെറ്ററിനറി സർജൻ | 01-04-2020 | 31-03-2021 |
| ശ്രീമതി അശ്വതി | ICDS സൂപ്പർവൈസർ | 01-04-2020 | 31-03-2021 |
| ഡോ.സുനിത | മെഡിക്കൽ ഓഫീസർ, PHC | 01-04-2020 | 31-03-2021 |
| ശ്രീമതി.ദിവ്യാറാണി | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2020 | 31-03-2021 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Sindhu P.S (Audit Officer, On 29-04-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 01-06-2022) | 1-1 |
| 2 | അക്കൗണ്ട്സ് പരിശോധനയിലെ അപാകതകൾ<br>Written By: Sindhu P.S (Audit Officer, On 19-04-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 01-06-2022) | 1-2 |
| 3 | പദ്ധതി അവലോകനം<br>Written By: Sindhu P.S (Audit Officer, On 19-04-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 30-05-2022) | 1-3 |
| 4 | ഗ്രാന്റ് വിനിയോഗം<br>Written By: Sindhu P.S (Audit Officer, On 28-04-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 01-06-2022) | 1-4 |
| 5 | ക്ഷേമ പദ്ധതികൾ<br>Written By: Renjith C (Auditor, On 19-04-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 30-05-2022) | 1-5 |
| 6 | സാമൂഹ്യ സുരക്ഷാ പെൻഷൻ - മരണശേഷവും പെൻഷൻ നൽകിയിരിക്കുന്നു.<br>Written By: Renjith C (Auditor, On 21-04-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 01-06-2022) | 1-5-1 |
| 7 | ക്യാഷ് പരിശോധന<br>Written By: Athira C (Auditor, On 13-04-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 30-05-2022) | 1-6 |
| 8 | ആഭ്യന്തര നിയന്ത്രണം<br>Written By: Sindhu P.S (Audit Officer, On 19-04-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 01-06-2022) | 1-7 |
| 9 | തൊഴിലുറപ്പ് പദ്ധതി<br>Written By: Jayalekshmi BK (Senior Grade Auditor, On 19-04-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 01-06-2022) | 1-8 |
| 10 | പ്രൊക്യൂർമെന്റ് കമ്മിറ്റി ചുമതലകൾ നിറവേറ്റുന്നില്ല.<br>Written By: Sindhu P.S (Audit Officer, On 19-04-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 30-05-2022) | 1-9 |
| 11 | FTEAOS ലൈസൻസ്- അപാകതകൾ.<br>Written By: Athira C (Auditor, On 13-04-2022)<br>Last Updated By: Rajeevan Chellan (Office Superintendent, On 16-06-2022) | 1-10 |
| 12 | കടമുറികൾ വാടകയ്ക്ക് നൽകാതിരുന്നതിനാൽ വരുമാന നഷ്ടം.<br>Written By: Athira C (Auditor, On 13-04-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 30-05-2022) | 1-11 |
| 13 | വാടകയിനത്തിൽ കുടിശിക നിലനിൽക്കുന്നു.<br>Written By: Athira C (Auditor, On 13-04-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 01-06-2022) | 1-12 |
| 14 | കൊറ്റില്ലം പാർക്ക് ഗേറ്റ് ഫീ പിരിവ്- ലേല നിബന്ധന പാലിക്കുന്നില്ല.<br>Written By: Athira C (Auditor, On 13-04-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 30-05-2022) | 1-13 |
| 15 | നായ്ക്കൾക്ക് ലൈസൻസ് നൽകിയിട്ടില്ല.<br>Written By: Athira C (Auditor, On 13-04-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 30-05-2022) | 1-14 |
| 16 | മൊബൈൽ ടവറുകളിൽ നിന്നും വസ്തുനികുതി പിരിച്ചെടുക്കുന്നില്ല.<br>Written By: Athira C (Auditor, On 16-04-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 30-05-2022) | 1-15 |
| 17 | അനധികൃത കെട്ടിടങ്ങൾ കെട്ടിട നികുതി ഒടുക്കുന്നതിൽ കുടിശിക വരുത്തുന്നു.<br>Written By: Athira C (Auditor, On 16-04-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 30-05-2022) | 1-16 |
| 18 | രസീത് പരിശോധനയിലെ അപാകതകൾ.<br>Written By: Athira C (Auditor, On 16-04-2022) | 1-17 |

| | | |
|---|---|---|
| | Last Updated By: Prathap Rajan R.G (Computer Assistant, On 01-06-2022) | |
| 19 | സത്യവാങ്മൂലം സമർപ്പിക്കാത്തവർക്കും നികുതി ഇളവ് നൽകി.<br>Written By: Athira C (Auditor, On 16-04-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 01-06-2022) | 1-18 |
| 20 | ഗ്രാമപഞ്ചായത്തിൽ സമീപകെട്ടിടങ്ങൾക്ക് വ്യത്യസ്ഥ മേഖല.<br>Written By: Athira C (Auditor, On 16-04-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 01-06-2022) | 1-19 |
| 21 | തൊഴിൽ നികുതി ഈടാക്കിയതിലെ അപാകതകൾ.<br>Written By: Athira C (Auditor, On 16-04-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 01-06-2022) | 1-20 |
| 22 | വീട് വാസയോഗ്യമാക്കൽ എസ്.സി - പദ്ധതി പൂർത്തീകരിച്ചിട്ടില്ല.<br>Written By: Anwar Raj.M (Senior Grade Auditor, On 03-05-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 30-05-2022) | 1-21 |
| 23 | റേഷൻകടകൾ ലൈസൻസ് ഇല്ലാതെയും തൊഴിൽ നികുതി ഒടുക്കാതെയും പ്രവർത്തിക്കുന്നു.<br>Written By: Athira C (Auditor, On 17-04-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 01-06-2022) | 1-22 |
| 24 | ഗ്രാമസഭകൾ ചുമതലകൾ നിറവേറ്റുന്നില്ല.<br>Written By: Sindhu P.S (Audit Officer, On 19-04-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 30-05-2022) | 1-23 |
| 25 | നിർവ്വഹണോദ്യോഗസ്ഥരുടെ പേരിൽ പ്രത്യേകം സേവിംഗ്സ് അക്കൌണ്ട് സൂക്ഷിക്കുന്നത്- സംബന്ധിച്ച്.<br>Written By: Jayalekshmi BK (Senior Grade Auditor, On 19-04-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 30-05-2022) | 1-24 |
| 26 | ലൈഫ് വീടുകൾക്ക് ശൗചാലയം നിർമ്മാണം (സ്പിൽ ഓവർ) - രേഖകൾ ഹാജരാക്കിയില്ല<br>Written By: Anwar Raj.M (Senior Grade Auditor, On 03-05-2022)<br>Last Updated By: Rajeevan Chellan (Office Superintendent, On 23-06-2022) | 1-25 |
| 27 | ലൈഫ് വീടുകൾക്ക് ശൗചാലയം -രേഖകൾ ഹാജരാക്കിയില്ല<br>Written By: Anwar Raj.M (Senior Grade Auditor, On 03-05-2022)<br>Last Updated By: Rajeevan Chellan (Office Superintendent, On 23-06-2022) | 1-26 |
| 28 | ലൈഫ് പദ്ധതി, എസ്സ്.സ്സി. - നിർമ്മാണം പൂർത്തിയാക്കിയിട്ടില്ല<br>Written By: Anwar Raj.M (Senior Grade Auditor, On 03-05-2022)<br>Last Updated By: Rajeevan Chellan (Office Superintendent, On 23-06-2022) | 1-27 |
| 29 | വീട്ടുവളപ്പിൽ കുളത്തിലെ മത്സ്യകൃഷി- ചെലവ് രേഖകൾ ഹാജരാക്കിയില്ല. 1,73,480/- രൂപ തടസ്സം ചെയ്യുന്നു.<br>Written By: Renjith C (Auditor, On 17-04-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 01-06-2022) | 1-28 |
| 30 | മരുന്നുകൾ പൂർണ്ണമായി ലഭിച്ചിട്ടില്ല.<br>Written By: Renjith C (Auditor, On 17-04-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 01-06-2022) | 1-29 |
| 31 | പദ്ധതിയിനത്തിൽ വാങ്ങിയ കമ്പ്യൂട്ടർ, പ്രിന്റർ എന്നിവ ഗുണനിലവാരം ഉറപ്പാക്കി സ്റ്റോക്കിൽ എടുത്തിട്ടില്ല.<br>Written By: Renjith C (Auditor, On 17-04-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 30-05-2022) | 1-30 |
| 32 | അപരാജിത ചൂർണം വാങ്ങൽ ; പദ്ധതി ലക്ഷ്യം കൈവരിച്ചിട്ടില്ല. 50000/- രൂപ തടസ്സംചെയ്യുന്നു.<br>Written By: Renjith C (Auditor, On 17-04-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 30-05-2022) | 1-31 |
| 33 | വനിതകൾക്ക് യോഗാ പരിശീലനം; രേഖകൾ ഹാജരാക്കിയില്ല. 27325/- രൂപ തടസ്സംചെയ്യുന്നു.<br>Written By: Renjith C (Auditor, On 17-04-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 30-05-2022) | 1-32 |
| 34 | ടെണ്ടർകുറവ് കുറക്കാതെ കരാറുകാരന് മുഴുവൻ തുകയും നൽകി- 54105/- രൂപ | 1-33 |

| | | |
|---|---|---|
| | തിരിച്ചടയ്ക്കേണ്ടതാണ്.<br>Written By: Jayalekshmi BK (Senior Grade Auditor, On 18-04-2022)<br>Last Updated By: Rajeevan Chellan (Office Superintendent, On 23-06-2022) | |
| 35 | ഇലക്ട്രിക്കൽ വർക്ക് ഉൾപ്പെടുന്ന പ്രവൃത്തികൾ- നിർവ്വഹണത്തിലെ അപാകതകൾ.<br>Written By: Jayalekshmi BK (Senior Grade Auditor, On 18-04-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 01-06-2022) | 1-34 |
| 36 | ഗുണഭോക്തൃ സമിതി മുഖേന നടപ്പാക്കിയ പ്രോജക്ടുകൾ- അപാകതകൾ.<br>Written By: Jayalekshmi BK (Senior Grade Auditor, On 18-04-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 30-05-2022) | 1-35 |
| 37 | തെരുവുവിളക്ക് സ്ഥാപിക്കൽ - സ്ഥാപനവുമായുള്ള കരാറിന് വിരുദ്ധമായി പ്രവൃത്തി നടത്തി<br>Written By: Sindhu P.S (Audit Officer, On 19-04-2022)<br>Last Updated By: Rajeevan Chellan (Office Superintendent, On 23-06-2022) | 1-36 |
| 38 | കട്ടിൽ വിതരണം- തുക അധികം നൽകി - 998/- രൂപ അധികച്ചെലവ്<br>Written By: Jayalekshmi BK (Senior Grade Auditor, On 19-04-2022)<br>Last Updated By: Rajeevan Chellan (Office Superintendent, On 23-06-2022) | 1-37 |
| 39 | സ്റ്റോക്ക് രജിസ്റ്റർ വിതരണ രജിസ്റ്റർ എന്നിവയിൽ കൃത്യമായ രേഖപ്പെടുത്തൽ നടത്തി സൂക്ഷിക്കുന്നില്ല.<br>Written By: Renjith C (Auditor, On 19-04-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 30-05-2022) | 1-38 |
| 40 | വൃദ്ധർക്ക് കട്ടിൽ വിതരണം, അപേക്ഷകനും റേഷൻ കാർഡിൽ ഉൾപ്പെട്ട കുടുംബാംഗങ്ങൾക്കും പകരം മറ്റ വ്യക്തികൾക്ക് കട്ടിൽ കൈമാറി.<br>Written By: Renjith C (Auditor, On 19-04-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 30-05-2022) | 1-39 |
| 41 | അങ്കണവാടി പോഷകാഹാരം; TDS തുക കുറവ് ചെയ്യാതെ മുഴുവൻ തുകയും കൈമാറി.<br>Written By: Renjith C (Auditor, On 19-04-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 30-05-2022) | 1-40 |
| 42 | കൂടിയ നിരക്ക് രേഖപ്പെടുത്തിയ കരാറുകാരന് കരാർ നൽകി- അധിക ചെലവ്.<br>Written By: Jayalekshmi BK (Senior Grade Auditor, On 20-04-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 30-05-2022) | 1-41 |
| 43 | പ്രത്യേക കന്നുക്കുട്ടി പരിപാലന പദ്ധതി; മുൻ വർഷങ്ങളിൽ കൈമാറിയ തുക പൂർണമായും വിനിയോഗിച്ചിട്ടില്ല.<br>Written By: Renjith C (Auditor, On 21-04-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 30-05-2022) | 1-42 |
| 44 | പശു വളർത്തൽ പദ്ധതി; പദ്ധതിയിനത്തിൽ ലഭിച്ച പശുക്കളെ കൈമാറ്റം ചെയ്തു.<br>Written By: Renjith C (Auditor, On 23-04-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 30-05-2022) | 1-43 |
| 45 | കോവിഡ് പ്രതിരോധപ്രവർത്തനം.<br>Written By: Jayalekshmi BK (Senior Grade Auditor, On 29-04-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 30-05-2022) | 1-44 |
| 46 | ഹെഡ്മാസ്റ്റർ നിർവ്വഹണോദ്യോഗസ്ഥനായ പദ്ധതികൾ - 1260633/-രൂപ തടസ്സപ്പെടുത്തുന്നു.<br>Written By: Renjith C (Auditor, On 27-05-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 01-06-2022) | 1-45 |

ഭാഗം **2**

--- No Records Found ---

ഭാഗം **3**

--- No Records Found ---

ഭാഗം **4**

| | | |
|---|---|---|
| 1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Sindhu P.S (Audit Officer, On 19-04-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 01-06-2022) | 4-1 |
| 2 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Sindhu P.S (Audit Officer, On 19-04-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 01-06-2022) | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Sindhu P.S (Audit Officer, On 19-04-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 20-04-2022) | 4-3 |
| 4 | വായ്പ/വായ്പ തിരിച്ചടവ്<br>Written By: Prathap Rajan R.G (Computer Assistant, On 31-05-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 01-06-2022) | 4-4 |
| 5 | സ്ഥിര നിക്ഷേപം<br>Written By: Sindhu P.S (Audit Officer, On 19-04-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 01-06-2022) | 4-5 |
| 6 | ഓഡിറ്റ് റിക്കവറി<br>Written By: Sindhu P.S (Audit Officer, On 29-04-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 31-05-2022) | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലുൾപ്പെട്ട ഖണ്ഡികകൾ<br>Written By: Sindhu P.S (Audit Officer, On 29-04-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 31-05-2022) | 4-7 |
| 8 | ചാർജ്ജ്/സർചാർജ്ജ് നടപടിക്രമങ്ങൾ<br>Written By: Sindhu P.S (Audit Officer, On 29-04-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 31-05-2022) | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Sindhu P.S (Audit Officer, On 29-04-2022)<br>Last Updated By: Rajeevan Chellan (Office Superintendent, On 23-06-2022) | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Sindhu P.S (Audit Officer, On 29-04-2022)<br>Last Updated By: Rajeevan Chellan (Office Superintendent, On 16-06-2022) | 4-10 |
| | അനുബന്ധം | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ബജറ്റ്

2020-21 വർഷത്തേക്കുള്ള വാർഷികബജറ്റ് 27.03.20-ലെ ഒന്നാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരം പ്രതീക്ഷിത വരവ് 253,822,775/-രൂപയും (മുന്നിരിപ്പ് 15,494,250/- രൂ ഉൾപ്പടെ) ചെലവ് 244,584,647/- രൂപയും നീക്കി ബാക്കി 92,38,128/- രൂപയും ആണ്.

ബജറ്റ് ഫയൽ ആവർത്തിച്ചാവശ്യപ്പെട്ടിട്ടും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ആകയാൽ ബജറ്റ് രൂപീകരണത്തിനായുള്ള നടപടിക്രമങ്ങൾ പാലിച്ചിട്ടുണ്ടോ എന്ന് പരിശോധിക്കാനായിട്ടില്ല. ബജറ്റ് രൂപീകരണത്തിന്റെ നടപടിക്രമങ്ങൾ കൃത്യമായി പാലിക്കേണ്ടതും ഫയൽ ഓഡിറ്റിൽ ഹാജരാക്കേണ്ടതുമാണ്.

എ) ബജറ്റിൽ വകയിരുത്താതെ തുക ചെലവഴിച്ചു.

1994-ലെ കേരള പഞ്ചായത്ത്രാജ് നിയമം, വകുപ്പ് 214(5) പ്രകാരം ബജറ്റിൽ ഉൾപ്പെടാത്ത തുക ചെലവഴിക്കുന്നുണ്ടെങ്കിൽ അനുബന്ധ ബജറ്റ്/പരിഷ്കരിച്ച ബജറ്റ് അവതരിപ്പിക്കേണ്ടതും തൊട്ടടുത്ത ഗ്രാമപഞ്ചായത്ത് യോഗത്തിൽ അംഗീകരിക്കേണ്ടതുമാണ്. എന്നാൽ ബജറ്റിൽ ഉൾപ്പെടാത്ത താഴെപ്പറയുന്ന ഇനങ്ങൾക്ക് മേൽ നടപടിക്രമങ്ങൾ പാലിക്കാതെ ചെലവ് നടത്തിയിട്ടുണ്ട്.

| ക്രമ നം | ഹെഡ് ഓഫ് അക്കൗണ്ട് | ഇനം | ബജറ്റ് പ്രകാരമുള്ള തുക | എ.എഫ്.എസ് പ്രകാരമുള്ള തുക |
|---|---|---|---|---|
| 1 | 2405001 | Interest On Loans From Banks | - | 895740 |
| 2 | 2501003 | Agriculture Development Programmes | - | 76000 |
| 3 | 2501006 | Agriculture & Related Sectors-fisheries | - | 173480 |
| 4 | 2501048 | Diary Development -Infrastructure | - | 400000 |
| 5 | 2511001 | Arts & Culture - General | - | 88076 |
| 6 | 2512001 | PHC,CHC & Other Hospitals | - | 179123 |

ബി) 2020-21 വർഷത്തിൽ ചുവടെപ്പറയുന്ന ഇനങ്ങളിൽ ബജറ്റിൽ വകയിരുത്തിയതിലും കൂടുതൽ ചെലവഴിച്ചിട്ടുണ്ട്.

| ക്രമ നം | ഹെഡ് ഓഫ് അക്കൗണ്ട് | ഇനം | ബജറ്റ് പ്രകാരമുള്ള തുക | എ.എഫ്.എസ് പ്രകാരമുള്ള തുക |
|---|---|---|---|---|
| 1 | 2208001 | Other Administrative Expenses | 600000 | 1164927 |

| | | | | |
|---|---|---|---|---|
| 2 | 2305001 | Repairs & Maintenance - Buildings | 30000 | 74500 |
| 3 | 2305003 | Repairs & Maintenance - Lanes | 25000 | 2587724 |
| 4 | 2305007 | Repairs & Maintenance - Electricity | 25000 | 401677 |
| 5 | 2305009 | Repairs & Maintenance - Vehicles | 300000 | 339830 |
| 6 | 2502001 | മണ്ണ് ജല സംരക്ഷണം | 160000 | 2460247 |
| 7 | 2510115 | സാക്ഷരത തുല്യത പരീക്ഷ | 150000 | 490000 |

## 1-2 അക്കൗണ്ട്സ് പരിശോധനയിലെ അപാകതകൾ

2020-21 ലെ വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 62 (2) പ്രകാരം വാർഷിക ധനകാര്യപത്രിക തയ്യാറാക്കുമ്പോൾ ചുവടെ ചേർക്കുന്നവ കൂടി ഉൾപ്പെടുത്തേണ്ടതാണ്.

A. അക്കൗണ്ടുകളിന്മേലുള്ള കുറിപ്പുകൾ

B. അടിസ്ഥാന അനുപാതകങ്ങൾ

മേൽ രേഖകൾ വാർഷിക ധനകാര്യപത്രികയോടൊപ്പം ഉൾപ്പെടുത്തിയിട്ടില്ല.

2. കേരള പഞ്ചായത്ത്‌രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 58 (4) എ പ്രകാരമുള്ള സ്റ്റോക്കിന്റെ ഭൗതിക പരിശോധനയും പൊരുത്തപ്പെടുത്തലും നടത്തിയിട്ടില്ല. B-14 Stock In Hand (Inventories).

3. B4 പത്രിക പ്രകാരം TSC, SSA, PYCKA, MPLAD, Joint Venture (Capital Expenditure) Projects, ഗുണഭോക്തൃ വിഹിതം എന്നീ ഇനങ്ങളിൽ 2019-20 ലെ അതേ തുക തന്നെ 2020-21 ലും ശേഷിക്കുന്നു.

4. ബാലൻസ് ഷീറ്റ് B9 ഷെഡ്യൂൾ പ്രകാരം ലൈബ്രറി സെസ് ഇനത്തിൽ 254308/- രൂപ അടവാക്കിയിട്ടില്ലെന്ന് കാണുന്നു.

5. പ്രത്യേക ഭവനപദ്ധതിയുടെ പലിശ തിരിച്ചടവ് കണക്കാക്കാതെയാണ് ബാലൻസ്ഷീറ്റ് B5 പത്രികയിൽ അടവാക്കാൻ ശേഷിക്കുന്ന തുക രേഖപ്പെടുത്തിയിട്ടുള്ളത്.

6. KURDFC ലോൺ തൻവർഷം 20568971/- രൂപ അടവാക്കാൻ ശേഷിച്ചിരുന്നതിൽ വി.ഇ.ഒ-യുടെ പദ്ധതികൾ മുഖേന 1465137/- രൂപ ആണ് ഒടുക്കു വരുത്തിയിട്ടുള്ളത്. എന്നാൽ ബാലൻസ് ഷീറ്റിൽ 19103834/-രൂപ എന്നതിനു പകരം 17638697/-രൂപ എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

7. വാട്ടർ അതോറിറ്റിയുമായുള്ള നിക്ഷേപ പ്രവൃത്തികൾക്കായി 610000/-രൂപ തൻവർഷം ചെലവായിട്ടുണ്ട്. 2019-20 ലെ ധനകാര്യപത്രിക പ്രകാരം 3408655/- രൂപ മൂല്യമുള്ള പ്രവൃത്തികൾ പൂർത്തീകരിക്കാതെ ശേഷിക്കുന്നുണ്ട്. തൻവർഷത്തിലും ഇവയൊന്നും പൂർത്തീകരിച്ചതായുള്ള സാക്ഷ്യപത്രം ലഭിച്ചിട്ടില്ല. എന്നാൽ 20-21 ലെ വാർഷിക പത്രികയിൽ ഈയിനത്തിൽ സൂചിപ്പിച്ചിട്ടുള്ള തുക 3411755/-രൂപ ആണ്.

8. 9809.33 രൂപ നീക്കിയിരിപ്പുള്ള ഒരു പോസ്റ്റ് ഓഫീസ് അക്കൗണ്ട് പഞ്ചായത്തിനുള്ളതായി ധനകാര്യപത്രികയിൽ സൂചിപ്പിച്ചിരിക്കുന്നു. എന്നാൽ ആയതിന്റെ പാസ്സ്ബുക്ക്/സ്റ്റേറ്റ്മെന്റ് എന്നിവയുൾപ്പെടെ യാതൊരു വിവരവും സ്ഥാപനത്തിൽ ലഭ്യമല്ല.

9. Relief Fund (KSCB), SBT – Literacy (2 അക്കൗണ്ടുകൾ) എന്നിവയുടെ റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് ലഭ്യമായിട്ടില്ല. ആകയാൽ ഇവയുടെ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധിക്കാനായിട്ടില്ല.

10. B4 പ്രകാരം ഗുണഭോക്തൃ വിഹിതമിനത്തിൽ 309686/-രൂപ 2019-20ലും 2020-21 ലും ചെലവാകാതെ ശേഷിക്കുന്നു. ടി തുക ഏതു പദ്ധതിക്കായി പിരിച്ചെടുത്തതാണെന്ന വിവരം വ്യക്തമാക്കിയിട്ടില്ല.

11. B4 പ്രകാരം 8946790/-രൂപ വിവിധ ഏജൻസികളിൽ നിന്നും പ്രത്യേക ഉദ്ദേശ്യ ഗ്രാന്റായി ലഭിച്ച തുക അവശേഷിക്കുന്നു. അവ തുടർ വർഷങ്ങളിൽ വിനിയോഗിച്ചോ തിരികെ ഒടുക്കിയോ എന്നത് വ്യക്തമല്ല.

12. ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരം ആകെ ചെലവ് തുക ആകെ വരവിനെ അധികരിച്ചിരിക്കുന്നു.

13. B11 പ്രകാരം Other Fixed Assets-ന്റെ Accumulated Depreciation (6927930/-രൂപ) ആകെ Fixed Assets-നെ (938222/-രൂപ) അധികരിച്ചിരിക്കുന്നു.

14. ചുവടെപ്പറയുന്ന വരവിനങ്ങൾ ധനകാര്യ പത്രികയിലേതും ബന്ധപ്പെട്ട രജിസ്റ്ററുകളിലേതും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

| ഇനം | വരവ് | |
|---|---|---|
| | AFS പ്രകാരം | രജിസ്റ്റർ പ്രകാരം |
| തൊഴിൽനികുതി (ജീവനക്കാർ) | 2318150 | 2357400 |
| തൊഴിൽനികുതി (സ്ഥാപനങ്ങൾ) | 620750 | - |

15. ശാന്തിവിള മാർക്കറ്റ് കടമുറി വാടകയിനത്തിൽ തൻവർഷം 1300/-രൂപ പിരിച്ചെടുക്കാൻ ശേഷിക്കുന്നു. എന്നാൽ ഇത് ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിക്കാണുന്നില്ല.
പ്രസ്തുത അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. വരും വർഷങ്ങളിൽ ധനകാര്യപത്രിക തയ്യാറാക്കുമ്പോൾ മേൽ അപാകതകൾ ഒഴിവാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-3 പദ്ധതി അവലോകനം

സ.ഉ.(കൈ) നം. 11/2018/ത.സ്വ.ഭ.വ തീയതി 29.01.18 ഖണ്ഡിക 3.1.1(ബി) പ്രകാരം പ്രദേശത്തിന്റെ വികസനം സംബന്ധിച്ച് ആരോഗ്യകരമായ സംവാദങ്ങൾ പ്രോത്സാഹിപ്പിക്കുക, സ്ഥാപനത്തിന്റെ ദീർഘകാല വികസന പരിപ്രേഷ്യത്തിന് രൂപം നൽകുന്നതിൽ ഭരണസമിതിയേയും വർക്കിംഗ് ഗ്രൂപ്പുകളെയും സഹായിക്കുക, പദ്ധതി ആസൂത്രണത്തിനും പദ്ധതിയുടെ ഗുണമേന്മ മെച്ചപ്പെടുത്തുന്നതിനും അനുയോജ്യമായ പഠനങ്ങൾ നടത്തി ഭരണസമിതിക്ക് റിപ്പോർട്ട് നൽകുക തുടങ്ങി നിരവധി ചുമതലകൾ ആസൂത്രണസമിതി നിർവ്വഹിക്കേണ്ടതായിട്ടുണ്ട്. ആസൂത്രണസമിതിയുടെ മിനുട്സ് പരിശോധിച്ചതിൽ വ്യക്തമായ രേഖപ്പെടുത്തലുകൾ ഒന്നും തന്നെയില്ല. ആകയാൽ സമിതി അതിന്റെ കടമകൾ നിർവ്വഹിച്ചിട്ടുണ്ടോയെന്ന് ഉറപ്പാക്കാനായിട്ടില്ല.

സ.ഉ(കൈ) നം. 11/2018/ത.സ്വ.ഭ.വ തീയതി 29.01.18 ഖണ്ഡിക 3.1.2 പ്രകാരം പൊതുജനങ്ങളിൽ നിന്ന് നിർദ്ദേശങ്ങൾ സ്വീകരിച്ച് പദ്ധതി ആസൂത്രണത്തിന് ജനപങ്കാളിത്തം ഉറപ്പു വരുത്തുക, അതത് വികസനമേഖലയുമായി ബന്ധപ്പെട്ട പദ്ധതി ആസൂത്രണത്തിന് നേതൃത്വം നൽകുക തുടങ്ങി വിപുലമായ ചുമതലകളാണ് വർക്കിംഗ് ഗ്രൂപ്പുകൾക്കുള്ളത്. വർക്കിംഗ് ഗ്രൂപ്പുകളുടെ മിനുട്സ് പരിശോധിച്ചതിൽ രണ്ടു ദിവസം മാത്രമാണ് വർക്കിംഗ് ഗ്രൂപ്പുകൾ യോഗം ചേർന്നതായി കാണുന്നത്. പ്രസ്തുത മീറ്റിംഗുകളിൽ പ്രോജക്ട് നിർദ്ദേശങ്ങൾ മാത്രമാണ് വർക്കിംഗ് ഗ്രൂപ്പുകൾ നൽകിയിട്ടുള്ളത്. ഖണ്ഡിക 3.1.2(ബി) 6 പ്രകാരം വാർഷിക പദ്ധതി തയ്യാറാക്കുന്നതിന്റെ പ്രാരംഭ പ്രവർത്തനമായി നിലവിലുള്ള അവസ്ഥാരേഖ പരിഷ്കരിക്കുന്നതും വർക്കിംഗ് ഗ്രൂപ്പിന്റെ ചുമതലയാണ്. അപ്രകാരം ഒരു നടപടി സ്വീകരിച്ചതായി പരിശോധനയിൽ കണ്ടെത്തിയിട്ടില്ല. ഖണ്ഡിക 3.1.2(ബി)7 പ്രകാരം ഒരു സാമ്പത്തിക വർഷം അവസാനിച്ചാൽ മുൻ വാർഷിക പദ്ധതിയിൽ നടപ്പാക്കിയ പ്രോജക്ടുകളുടെ ചെലവു കണക്കുകൾ ഫോറം 4-ൽ തയ്യാറാക്കി ഏറ്റവും ആദ്യം നടക്കുന്ന ഗ്രാമസഭായോഗത്തിൽ അവതരിപ്പിക്കേണ്ടതാണ്. അത്തരത്തിലൊരു ചുമതല വർക്കിംഗ് ഗ്രൂപ്പുകൾ നിർവ്വഹിച്ചതായി രേഖയില്ല. ഖണ്ഡിക 3.1.2(ബി)12 പ്രകാരം വാർഷിക പദ്ധതി ജില്ലാ ആസൂത്രണ സമിതി അംഗീകരിച്ച ശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിച്ച് പ്രോജക്ടുകൾ ഫലപ്രദമായി മോണിറ്റർ ചെയ്യേണ്ടതാണ്. ഈ നടപടിക്രമവും പാലിക്കപ്പെട്ടിട്ടില്ല.

സ.ഉ(കൈ) നം 11/2018/ത.സ്വ.ഭ.വ തീ.തി 29.01.2018 ഖണ്ഡിക 3.2.1(1) പ്രാദേശിക ആസൂത്രണത്തിന്റെ ജീവനാഡി ജനപങ്കാളിത്തമാണ്. ഗ്രാമസഭാ മിനുട്സ് പരിശോധിച്ചതിൽ 2020-21 വർഷത്തെ പദ്ധതി രൂപീകരണ ഗ്രാമസഭകൾ 2021 ജനവരി മാസത്തിലാണ് കൂടിയിട്ടുള്ളത്. എന്നാൽ ഇവയിലൊന്നും പ്രോജക്ടുകളുടെ മുൻഗണന നിർണ്ണയിച്ചതായി കാണുന്നില്ല.

പദ്ധതിക്ക് അന്തിമരൂപം നൽകുന്നതിന് മുന്നോടിയായി മേഖലാ വിഭജന നിബന്ധനകളുടെ അടിസ്ഥാനത്തിൽ ഓരോ മേഖലയിലും വകയിരുത്തേണ്ട തുക, അനിവാര്യമായ ഇനങ്ങൾക്കും വിഭാഗങ്ങൾക്കും വകയിരുത്തേണ്ട തുക എന്നിവ

സംബന്ധിച്ച ശുപാർശ ഓരോ സ്റ്റാന്റിംഗ് കമ്മിറ്റിയും നൽകേണ്ടതും അവ പരിശോധിച്ച് മേഖല, ഉപമേഖലാ വിഹിതങ്ങൾ സംബന്ധിച്ച അന്തിമ തീരുമാനം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ശുപാർശയിന്മേൽ ഭരണസമിതി കൈക്കൊള്ളേണ്ടതാണ്. സ്റ്റാന്റിംഗ് കമ്മിറ്റികളുടെ മിനിട്സ് പരിശോധിച്ചതിൽ പ്രോജക്ടുകളെ സംബന്ധിച്ച ശുപാർശകൾ നല്കിയിട്ടുണ്ടെങ്കിലും മേഖലാ വിഭജനം, അനിവാര്യ വകയിരുത്തൽ എന്നിവ പരിശോധിച്ച ശേഷമാണോ ശുപാർശകൾ നൽകിയിട്ടുള്ളതെന്ന് വ്യക്തമല്ല.

വാർഷിക പദ്ധതിയിലെ മുൻഗണനകൾക്കും വികസന തന്ത്രങ്ങൾക്കും മൂർത്തരൂപം നൽകുന്നതിനായാണ് വികസന സെമിനാർ ചേരുന്നത്. എന്നാൽ വികസന സെമിനാർ മിനിട്സ് പരിശോധിച്ചതിൽ 7.03.2020-ൽ വികസനസെമിനാർ ചേർന്നതായി സൂചനയുണ്ടെങ്കിലും പങ്കെടുത്തവരുടെ ഹാജർ മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

സുലേഖ എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരം ആകെ അടങ്കൽ തുക 184986245/- രൂപയും ചെലവ് 105026832/- രൂപയുമാണ്. അതായത് ആകെ പദ്ധതിച്ചെലവിന്റെ 56% മാത്രമാണ് ചെലവ് വന്നിട്ടുള്ളത്.

മേഖല അടിസ്ഥാനത്തിലുള്ള ചെലവിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| ഫണ്ടിനം | മേഖല | വകയിരുത്തിയ തുക | ചെലവഴിച്ച തുക | ശതമാനം |
|---|---|---|---|---|
| പൊതു വിഭാഗം | ഉല്പാദനം | 5433745 | 5005467 | 92 |
| | സേവനം | 20212826 | 14374852 | 71 |
| | പശ്ചാത്തലം | 156022 | 156022 | 100 |
| പട്ടിക ജാതി വിഭാഗം | ഉല്പാദനം | 408000 | 204000 | 50 |
| | സേവനം | 14424709 | 11755376 | 81 |
| | പശ്ചാത്തലം | 5587811 | 4697587 | 84 |

## 1-4 ഗ്രാന്റ് വിനിയോഗം

| ഗ്രാന്റ് | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട്- ജനറൽ | | 17926215 | 17926215 | 19536341 | 1610126 |
| വികസനഫണ്ട്- SCP | | 19661276 | 19661276 | 16656963 | 3004313 |
| വികസനഫണ്ട്- TSP | | 306373 | 306373 | 103613 | 202760 |
| ധനകാര്യകമ്മിഷൻ ഗ്രാന്റ് (Untied) | | 14529032 | 14529032 | 11608029 | 2921003 |
| ധനകാര്യകമ്മിഷൻ ഗ്രാന്റ് (Tied) | | 9570000 | 9570000 | 4931602 | 4638398 |
| മെയിന്റനൻസ് ഗ്രാന്റ് (റോഡ്) | | 13607000 | 13607000 | 13605247 | 1753 |
| മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ്) | | 7397414 | 7397414 | 7371297 | 26117 |
| MGNREGS | 439991 | 51835306 | 52275297 | 52266210 | 9087 |
| ലൈബ്രറി ഗ്രാന്റ് | 19793 | 20050 | 39843 | 19950 | 19893 |
| ശുചിത്വമിഷൻ ഗ്രാന്റ് | 1718648 | 4850420 | 6569068 | 5596087 | 972981 |

1. 2020-21 വർഷം ലഭിച്ച വിവിധ ഗ്രാന്റുകളും ഫണ്ടുകളും ഒന്നുപോലും പൂർണ്ണമായി ചെലവഴിച്ചിട്ടില്ല. പദ്ധതി തുക കാര്യക്ഷമമായി ചെലവഴിക്കുന്നതിൽ നിർവ്വഹണ ഉദ്യോഗസ്ഥരുടെയും ഭരണസമിതിയുടെയും ശ്രദ്ധ അനിവാര്യമാണ്.
2. വികസനഫണ്ട് നീക്കിയിരിപ്പ്/ലാപ്സ് നെഗറ്റീവ് ആയത് വിശദീകരിച്ചിട്ടില്ല.
3. വിവിധ ചെലവു തുകകൾ എ.സി.ആർ-ലെ തുകകളുമായി പൊരുത്തപ്പെടുന്നില്ല.

## 1-5 ക്ഷേമ പദ്ധതികൾ

2020-21 സാമ്പത്തിക വർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശം.

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | ഇല്ല | ഇല്ല |
| കർഷക തൊഴിലാളി പെൻഷൻ | 3994300 | 190 |
| വിധവാ പെൻഷൻ | 29568500 | 1580 |
| വാർധക്യകാല പെൻഷൻ | 57157500 | 3043 |
| വികലാംഗ പെൻഷൻ | 9446300 | 460 |
| വിവാഹ ധനസഹായം | 150000 | 5 |
| അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 1065900 | 60 |

### 1-5-1 സാമൂഹ്യ സുരക്ഷാ പെൻഷൻ - മരണശേഷവും പെൻഷൻ നൽകിയിരിക്കുന്നു.

കല്ലിയൂർ പഞ്ചായത്തിലെ ഏതാനും മരണ രജിസ്ട്രേഷൻ അപേക്ഷകൾ സേവന സോഫ്റ്റ്‌വെയറിൽ പരിശോധിച്ചതിൽ പെൻഷൻ വാങ്ങിയിരുന്ന വ്യക്തികൾക്ക് മരണപ്പെട്ടതിന് ശേഷവും പെൻഷൻ നല്കിയിരിക്കുന്നതായി കണ്ടെത്തി. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| പെൻഷണറുടെ പേര് | പെൻഷൻ ഐ.ഡി | ആധാർ കാർഡ് നം. | പെൻഷൻ ഇനം | മരണപ്പെട്ട തീയതി | ഏതു മാസം വരെ പെൻഷൻ നൽകിയിരിക്കുന്നു | അധികമായി നൽകിയ തുക |
|---|---|---|---|---|---|---|
| കാർത്തികേയൻ തമ്പി ഡി | 102820201800 | 666783840132 | സാമൂഹ്യ സുരക്ഷ പെൻഷൻ(ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ) | 13-01-2021 | April-2021 | 4800 |
| ശാന്ത എസ് | 102820203384 | 910687172443 | സാമൂഹ്യ സുരക്ഷ പെൻഷൻ(ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ) | 02-02-2021 | April-2021 | 3200 |

| | | | | | | |
|---|---|---|---|---|---|---|
| ജനാർദ്ദനൻ നായർ | 101670207479 | 467001412620 | സാമൂഹ്യ സുരക്ഷ പെൻഷൻ(ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ) | 09-05-2021 | June-2021 | 1600 |
| രാജപ്പൻ നായർ. എസ് | 102770200872 | 356045296031 | സാമൂഹ്യ സുരക്ഷ പെൻഷൻ(ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ) | 31-05-2021 | September-2021 | 6400 |
| മോഹനൻ പി | 102820202473 | 801923390636 | സാമൂഹ്യ സുരക്ഷ പെൻഷൻ(ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ) | 10-06-2021 | April-2022 | 16000 |

ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടുകളിൽ അവരുടെ മരണശേഷവും നിക്ഷേപിച്ച പെൻഷൻ തുക പിൻവലിച്ചിട്ടുണ്ടോ എന്ന വിവരം പരിശോധിക്കപ്പെട്ടിട്ടില്ല. ധനകാര്യവകുപ്പിന്റെ 05.11.20-ലെ സർക്കുലർ നമ്പർ 67/20 പ്രകാരം മരണപ്പെട്ടവരേയും മാനദണ്ഡങ്ങൾ പ്രകാരം അർഹരല്ലാത്തവരേയും പെൻഷൻ ഗുണഭോക്തൃലിസ്റ്റിൽ നിന്നും ഒഴിവാക്കാത്തതു മുഖേന സർക്കാരിന് സാമ്പത്തികനഷ്ടം ഉണ്ടായാൽ പ്രസ്തുത തുക ബന്ധപ്പെട്ട പ്രാദേശിക സർക്കാർ സെക്രട്ടറിയിൽ നിന്നും ഈടാക്കുന്നതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ആയതിനാൽ അനർഹമായി നൽകിയ തുക തിരികെ ഈടാക്കി സർക്കാരിലേക്ക് അടവാക്കേണ്ടതാണ്. ഈ വിഷയം ശ്രദ്ധയിൽപ്പെടുത്തി നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം. 29/16-04-2021), മരണപ്പെട്ട വ്യക്തികളുടെ അക്കൗണ്ടിൽ നിക്ഷേപിച്ച തുക തിരികെ അടവാക്കാൻ ബന്ധപ്പെട്ട ബാങ്ക് മാനേജർ മാർക്ക് കത്ത് നല്കിയിട്ടുള്ളതാണെന്നും; മരണപ്പെട്ട പെൻഷണർമാരുടെ ഡാറ്റ, മരണ സർട്ടിഫിക്കറ്റ് ഹാജരാക്കുന്ന മുറയ്ക്കും നിലവിൽ ഈ കാര്യാലയത്തിൽ ലഭ്യമായ മരണ റിപ്പോർട്ട് പ്രകാരവും സസ്പെൻഡ് ചെയ്ത് ബന്ധപ്പെട്ട ബാങ്കുകളിൽ തുക തിരികെ ഒടുക്കുന്നതിന് നിർദ്ദേശം നൽകുന്നുണ്ടെന്നും അറിയിച്ചിട്ടുണ്ട്. മേൽപ്പറഞ്ഞ പ്രവൃത്തി കൂടുതൽ കാര്യക്ഷമമായി നിർവ്വഹിക്കേണ്ടതാണ്. മരണപ്പെട്ട മുഴുവൻ പേരെയും പെൻഷൻ പട്ടികയിൽ നിന്നും ഒഴിവാക്കി തുടർ നടപടികൾ സ്വീകരിച്ച് പ്രസ്തുത വിവരം ഓഡിറ്റിനെ ധരിപ്പിക്കേണ്ടതാണ്.

## 1-6 ക്യാഷ് പരിശോധന

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 07.04.2022 തീയതി രാവിലെ 10.50-ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 25587/-രൂപ നീക്കിയിരിപ്പിന്റെ കൃത്യത ബോദ്ധ്യപ്പെട്ടു.

## 1-7 ആഭ്യന്തര നിയന്ത്രണം

1)ഓഫീസ് ഓർഡർ മുഖേന ജോലിവിഭജനം കൃത്യമായി നിർവ്വഹിച്ചിട്ടുണ്ട്. ഓഫീസ് പ്രവർത്തനം നിരീക്ഷിക്കുന്നതിനും മെച്ചപ്പെടുത്തുന്നതിനും കൃത്യമായ ഇടവേളകളിൽ ജീവനക്കാരുടെ യോഗം ചേരേണ്ടതുണ്ട്. എന്നാൽ, ഗ്രാമപഞ്ചായത്തിൽ ഇപ്രകാരം യോഗം ചേർന്നതായുള്ള തേഖകളൊന്നും ലഭ്യമാക്കിയിട്ടില്ല.

2)റിവ്യൂ മീറ്റിംഗുകൾ നടത്തിയിട്ടില്ല.

3) 2004-ലെ കേരള പഞ്ചായത്ത്‌രാജ് (പൗരാവകാശരേഖ തയ്യാറാക്കൽ) ചട്ടങ്ങളിലെ ചട്ടം 9 പ്രകാരം മൂന്നാം ചട്ട പ്രകാരം തയ്യാറാക്കിയതും നാലാം ചട്ട പ്രകാരം പ്രസിദ്ധീകരിച്ചതുമായ പൗരാവകാശരേഖ വർഷത്തിലൊരിക്കൽ പഞ്ചായത്ത് ചർച്ച ചെയ്ത് പുതുക്കുകയും കാലാനുസൃതമാക്കുകയും ചെയ്യേണ്ടതാണ്. പൗരാവകാശ രേഖയുടെ പകർപ്പ് പരിശോധനയ്ക്കായി

ലഭ്യമാക്കിയിട്ടില്ല.

4)ഗ്രാമപഞ്ചായത്തുകളിൽ ഫ്രണ്ട് ഓഫീസ് സംവിധാനം ഏർപ്പെടുത്തുന്നതിനായി സ.ഉ(കൈ) നമ്പർ 123/2009/തസ്വഭവ തീയതി 02.07.2009 പ്രകാരം സർക്കാർ വിശദമായ മാർഗരേഖ പുറപ്പെടുവിച്ചിട്ടുള്ളതിൽ ചുവടെ ചേർക്കുന്ന നടപടികൾ സ്വീകരിച്ചിട്ടില്ല.

എ) തപാലുകളുടെ കൂടെയോ പ്രത്യേകമായോ ലഭിക്കുന്ന ആധാരങ്ങൾ, ബോണ്ടുകൾ തുടങ്ങിയവ ഫ്രണ്ട് ഓഫീസിൽ സ്വീകരിച്ച് രജിസ്റ്റർ ചെയ്യുകയും സെക്യൂരിറ്റി രജിസ്റ്ററിൽ ചേർത്ത് ബന്ധപ്പെട്ട സെക്ഷന്റെ ചുമതലയിൽ സൂക്ഷിക്കുകയും ചെയ്യണം.

ബി) സെക്ഷനിൽ ലഭിക്കുന്ന അപേക്ഷകളുടെ വിവരങ്ങൾ ചേർക്കേണ്ട രജിസ്റ്ററുകൾ ഏതെന്ന് അതാത് തപാലിന്റെ നേരെ രജിസ്ട്രേഷൻ - വിതരണ രജിസ്റ്ററിൽ (8-ാം കോളത്തിൽ) ചേർക്കുകയോ പ്രത്യേക രജിസ്റ്ററിൽ ചേർക്കണമെന്ന് നിഷ്കർഷിച്ചിട്ടില്ലാത്ത എല്ലാ തപാലുകളും പൊതു തൻപതിവേടിൽ ചേർക്കുകയോ ചെയ്യണം.

സി) ഏഴ് ദിവസത്തിനകം കൈപ്പറ്റാത്ത സേവനങ്ങൾ തപാൽ മാർഗ്ഗം അയക്കുകയും ഡെസ്പാച്ച് വിവരം ഡയറിയിലെ 8-ാം കോളത്തിൽ രേഖപ്പെടുത്തുകയും ചെയ്യണം.

ഡി) അന്വേഷണങ്ങൾക്ക് വ്യക്തമായ മറുപടി നൽകുന്നതിനു വേണ്ടി വിവരങ്ങൾ ശേഖരിക്കേണ്ട സാഹചര്യത്തിലും ഏതെങ്കിലും തരത്തിലുള്ള വിവരങ്ങൾ സെക്ഷനോ ഉത്തരവാദപ്പെട്ടവർക്കോ ഫ്രണ്ട് ഓഫീസിലേക്കോ തിരിച്ചോ കൈമാറേണ്ട സാഹചര്യത്തിൽ അവ നൽകുന്നതിനായി അനുബന്ധം 4 പ്രകാരമുള്ള മെസ്സേജ് ബുക്ക് സൂക്ഷിക്കണം.

ഇ) സൗജന്യമായും വില ഈടാക്കിയും നൽകുന്ന വിവിധ ഫോറങ്ങൾ ഫ്രണ്ട് ഓഫീസ് വഴി വിതരണം ചെയ്യുന്നതിന്റെ വിശദാംശങ്ങൾ അനുബന്ധം 5 മാതൃകയിലുള്ള ഫോറ വിതരണ രജിസ്റ്ററിൽ രേഖപ്പെടുത്തണം.

എഫ്) സൗജന്യമായി വിതരണം ചെയ്യുന്ന ഫോറങ്ങളുടെ വിവരം ഫ്രണ്ട് ഓഫീസിൽ എഴുതി പ്രദർശിപ്പിക്കണം.

ജി) ഫ്രണ്ട് ഓഫീസ് പ്രവർത്തനം കാര്യക്ഷമമായും ഫലപ്രദമായും നടക്കുന്നു എന്നുറപ്പ് വരുത്തുന്നതിന് പഞ്ചായത്ത് തലത്തിൽ പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനും സെക്രട്ടറി കൺവീനറുമായി മോണിറ്ററിംഗ് സമിതി രൂപീകരിക്കണം.

5)പരാതി രജിസ്റ്റർ ലഭ്യമാക്കിയിട്ടില്ല.

6)ഗ്രാമപഞ്ചായത്തിന് 27.01.2021-ന് ലഭ്യമായ ISO സർട്ടിഫിക്കറ്റിന് (നമ്പർ TQS/3/KGP/558) 16.07.2022 വരെ കാലാവധിയുണ്ട്.

7)രേഖകളും രജിസ്റ്ററുകളും ക്രമമായും പൂർണമായും ലഭ്യമാക്കുന്നതിൽ വിമുഖത.

1997-ലെ കേരള പഞ്ചായത്ത്‌രാജ് (പരിശോധന രീതിയും ഓഡിറ്റ് സംവിധനവും ചട്ടങ്ങളിലെ 12-ാം ചട്ടം പ്രകാരം ഓഡിറ്റർ രേഖാമൂലം ആവശ്യപ്പെടുന്ന രേഖകളും രജിസ്റ്ററുകളും കണക്കുകളും സെക്രട്ടറി നൽകേണ്ടതാണെന്നും ആയതിൽ വീഴ്ച വരുത്തിയാൽ അത്തരം രേഖയോ കണക്കോ നിലവിലില്ലായെന്ന് കരുതപ്പെടുന്നതും അതനുസരിച്ചുള്ള നിഗമനത്തിൽ എത്താവുന്നതുമാണ്. കൂടാതെ, ഓഫീസ് ഉത്തരവുകളുടെയും പഞ്ചായത്ത് തീരുമാനങ്ങളുടെയും അടിസ്ഥാനത്തിൽ ഏല്പിച്ചിട്ടുള്ള കൃത്യങ്ങളിൽ വീഴ്ച വരുത്തിയതുമൂലമുള്ള നഷ്ടങ്ങൾക്കും പാഴ്ചെലവിനും ദുർവിനിയോഗങ്ങൾക്കുമുള്ള ഉത്തരവാദി ജോലി വിഭജനം അനുസരിച്ചുള്ള ഉദ്യോഗസ്ഥനോ ജീവനക്കാരനോ ആയിരിക്കുന്നതും ഇക്കാര്യങ്ങളിൽ അയാളുടെ മേലുദ്യോഗസ്ഥനും സെക്രട്ടറിക്കും മേൽനോട്ട പിശകിനും ഉത്തരവാദിത്തമുണ്ടായിരിക്കുന്നതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. ചട്ടങ്ങൾ ഇപ്രകാരമായിരിക്കെ, ഓഡിറ്റിന് രജിസ്റ്ററുകളും രേഖകളും ഹാജരാക്കുന്നതിൽ ഗുരുതരമായ വീഴ്ച സംഭവിച്ചിട്ടുണ്ട്.

ഹെഡ്മാസ്റ്റർ, ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ എന്നീ നിർവ്വഹണ ഉദ്യോഗസ്ഥർ ഫയലുകളൊന്നും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ആവർത്തിച്ച് ആവശ്യപ്പെടുകയും ഓഡിറ്റ് റിക്വിസിഷൻ നല്കുകയും ചെയ്തതിനു ശേഷവും രേഖകൾ ലഭ്യമാക്കുവാൻ ടിയാളുകൾ തയ്യാറായിട്ടില്ല.

ഓഡിറ്റിനാവശ്യമായ വിവരങ്ങൾ ലഭ്യമാക്കുന്നതിൽ ഗ്രാമപഞ്ചായത്ത് ജീവനക്കാരും വീഴ്ച വരുത്തിയിട്ടുണ്ട്. ബിൽ രജിസ്റ്റർ, ബാങ്ക് ബുക്കിന്റെ പകർപ്പ്, റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റുകൾ, പോസ്റ്റ് ഓഫീസിൽ നിലവിലുള്ള അക്കൗണ്ടിന്റെ വിവരങ്ങൾ എന്നിവയൊന്നും ലഭ്യമാക്കാൻ സ്ഥാപനത്തിനായിട്ടില്ല.

8) തനത് വരുമാനങ്ങൾ പൂർണമായി പിരിച്ചെടുക്കുന്നതിനും പുതിയ വരുമാന സ്രോതസുകൾ കണ്ടെത്തുന്നതിലും വീഴ്ച വരുത്തിയിട്ടുണ്ട്.

9) പദ്ധതി പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തുമ്പോൾ തുക പൂർണമായും ഫലപ്രദമായും വിനിയോഗിക്കാൻ ശ്രമിക്കേണ്ടതാണ്.

## 1-8 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ (*) | 439991 | 2057045* | 2097273 | 2487949* | 9087 |

| | | | | | |
|---|---|---|---|---|---|
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 49857165 (**) | 49857165 | 49857165 | 0 |
| ആകെ | 439991 | 51914210 | 51914210 | 51914210 | 9087 |

(*) - 100 Days Bonus- 352000/- ഉൾപ്പെടെ

(**)- ലഭ്യമാക്കിയ സ്റ്റേറ്റ്മെന്റ് പ്രകാരം ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്ന തുക 49778261/- രൂപയാണ്.

തൊഴിലുറപ്പ് പദ്ധതി- കരാറുകാരിൽ നിന്ന് നിയമാനുസൃത റ്റി.ഡി.എസ് ഈടാക്കിയിട്ടില്ല.

2020-21 വർഷം പേയ്മെന്റ് നൽകിയിട്ടുള്ള മെറ്റീരിയൽ പ്രവൃത്തികൾക്ക് മെറ്റീരിയൽ സപ്ലൈ ചെയ്തിട്ടുള്ള കരാറുകാരിൽ നിന്ന് നിയമാനുസൃത ടി.ഡി.എസ്. ഈടാക്കി ഒടുക്കിയിട്ടില്ല (ഓഡിറ്റ് എൻക്വയറി. 5നുള്ള മറുപടി) . വിശദാംശം ചുവടെ.

| കരാറുകാരന്റെ പേര് | മെറ്റീരിയലിന് നൽകിയ ആകെ തുക | കരാറുകാരനിൽ നിന്ന് ഈടാക്കേണ്ട ടി.ഡി.എസ് |
|---|---|---|
| ശ്രീ.ഷിബു | 737514 | 14750 |
| ശ്രീ.ശങ്കരൻ നായർ | 2833083 | 56661 |
| ശ്രീ.അജി മാത്യൂസ് | 1035376 | 20708 |
| ശ്രീ.ദീപു | 695051 | 13901 |

കരാറുകാരിൽ നിന്നും ടി.ഡി.എസ്. ഈടാക്കി ഒടുക്കി വിശദാംശം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-9 പ്രൊക്യൂർമെന്റ് കമ്മിറ്റി ചുമതലകൾ നിറവേറ്റുന്നില്ല.

സ.ഉ (പി) നം 259/2010/ത.സ്വ.ഭ.വ തീ 08.11.10, 2013-ലെ സ്റ്റോർ പർച്ചേസ് മാന്വൽ ഖണ്ഡിക 6.1 എന്നിവ പ്രകാരം വാങ്ങേണ്ടി വരുന്ന സാധനങ്ങളുടെയും സേവനങ്ങളുടെയും മൊത്തത്തിലുള്ള കണക്കെടുപ്പ് സാമ്പത്തിക വർഷാരംഭത്തിൽ തന്നെ പ്രൊക്യൂർമെന്റ് കമ്മിറ്റി നടത്തേണ്ടതും ബാധകമായ നടപടിക്രമം അനുസരിച്ച് വാങ്ങേണ്ടതുമാണ്. എന്നാൽ സ്ഥാപനത്തിലെ പ്രസ്തുത കമ്മിറ്റിയുടെ രജിസ്റ്റർ പരിശോധിച്ചതിൽ ഇത്തരത്തിലുള്ളൊരു കണക്കെടുപ്പൊന്നും നടത്തിയിട്ടുള്ളതായി കാണുന്നില്ല.

വിവിധ വാങ്ങലുകൾ ടെണ്ടർ വിളിച്ചോ നേരിട്ടോ നടത്തുന്നതിന് തീരുമാനിച്ച വിവരം മാത്രമാണ് രജിസ്റ്ററിലുള്ളത്. വാങ്ങൽ പദ്ധതിയുടെ തുക നിശ്ചയിക്കുക, അംഗീകാരവും ഫണ്ടുകളും ഉറപ്പാക്കുക, ടെണ്ടർ നടപടിക്രമങ്ങൾ പാലിക്കുക, വാങ്ങുന്ന സാധനങ്ങളുടെ ഗുണനിലവാര പരിശോധന എന്നിവയെല്ലാം പ്രൊക്യൂർമെന്റ് കമ്മിറ്റിയുടെ ചുമതലകളിൽപ്പെടുന്നവയാണ്. തൻവർഷത്തെ വാങ്ങലുകളിൽ എൽഇഡി ബൾബിന്റെയും പെഡൽ ഡിസ്പെൻസറിന്റെയും ഗുണനിലവാരം മാത്രമാണ് കമ്മിറ്റി പരിശോധിച്ചിട്ടുള്ളത് എന്നാണ് ബന്ധപ്പെട്ട രേഖകളിൽ നിന്നും വ്യക്തമാകുന്നത്.

പഞ്ചായത്തിന്റെ വികസനത്തിന് സഹായകരവും കർമ്മനിരതവുമായ ഒരു കമ്മിറ്റി രൂപീകരിക്കുന്നതിലേക്ക് ഭരണസമിതിയുടെ സത്വര ശ്രദ്ധ ക്ഷണിക്കുന്നു.

## 1-10 FTEAOS ലൈസൻസ്- അപാകതകൾ.

1) തദ്ദേശസ്വയംഭരണ വകുപ്പിന്റെ 31.10.2017-ലെ ജി.ഒ.(പി)80/2017/ത.സ്വ.ഭ.വ എസ്.ആർ.ഒ.നം.674/2017 പ്രകാരം മൈക്രോ, മിനി, സ്മാൾ, മീഡിയം, ലാർജ്ജ് എന്നിങ്ങനെ വിവിധ തട്ടുകളായി മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ തരംതിരിച്ചാണ് ലൈസൻസ് ഫീ ഈടാക്കേണ്ടത്. ലഭിച്ച പല അപേക്ഷകളിലും മൂലധന നിക്ഷേപത്തിന്റെ വിവരം ലഭ്യമല്ല. അതിനാൽ ലൈസൻസ് ഫീ ഈടാക്കിയതിന്റെ കൃത്യത പരിശോധിക്കാൻ സാധിക്കുന്നില്ല. മാത്രമല്ല പല അപേക്ഷകളിലും ഒരു ദിവസത്തെ വിറ്റുവരവാണ് ചോദിച്ചിട്ടുള്ളത്. ഉദാഹരണം.

| വാർഡ്/കെട്ടിട നമ്പർ | സ്ഥാപനം | ഉടമസ്ഥൻ |
|---|---|---|
| 5/479 | സമൃദ്ധി സ്റ്റോർ | സജിത്ത് എസ്.എൻ, ശ്രീഭവൻ,നേമം |
| 20/19 | ചെക്ക്പോസ്റ്റ് മെൻസ് വെയർ | അനിൽ.പി, ലക്ഷ്മി വിലാസം, പേട്ട ലൈൻ |
| 18/263 | കമ്മ്യൂണിറ്റി ഫാർമസി | രതീഷ് കുമാർ.ആർ,ചരുവിള പുത്തൻ വീട്, പെരിങ്ങമ്മല |

| | | |
|---|---|---|
| 4/3 | ബേക്കറി | രാജീവ്.വി.എൽ, ഒയാസിസ്, ഊക്കോട് |

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം.6/07.04.2022-ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ നാമമാത്ര മുതൽ മുടക്കിൽ പ്രവർത്തിക്കുന്നവയാണെന്നും ഗ്രാമീണ മേഖലകളിൽ പ്രധാനമായും ചെറുകിട നാമമാത്ര കച്ചവടക്കാരും സ്വയം തൊഴിൽ സംരംഭങ്ങളും കുടുംബശ്രീ സംഘങ്ങളുമാണ് മിക്ക സ്ഥാപനങ്ങളും നടത്തുന്നതെന്നും അതിനാൽ പലർക്കും മൂലധന നിക്ഷേപത്തിന്റെ പ്രായോഗിക പരിജ്ഞാനമില്ലെന്നുമാണ് മറുപടിയിൽ പറയുന്നത്. ഇക്കാരണത്താൽ അപേക്ഷയിൽ പ്രസക്തഭാഗം ആരും പൂരിപ്പിക്കുന്നില്ലെന്നും തുടർന്ന് മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ അപേക്ഷകളെ തരംതിരിച്ച് ലൈസൻസ് ഫീസ് ഈടാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്നും വ്യക്തമാക്കുന്നു. സർക്കാർ ഉത്തരവിന് അനുസരിച്ച് പരിഷ്കരിച്ച അപേക്ഷാ ഫോമുകൾ തന്നെയാണ് പൊതുജനത്തിന് ലഭ്യമാക്കുന്നതെന്നും ലഭിക്കുന്ന അപേക്ഷകളിൽ മൂലധന നിക്ഷേപത്തിന്റെ വിവരം കൃത്യമായി ചേർത്തിട്ടുണ്ടെന്നും പരിശോധിക്കേണ്ടതാണ്. അതുവഴി ഈയിനത്തിൽ തനത് ഫണ്ടിന് നഷ്ടം സംഭവിക്കുന്നില്ലായെന്ന് ഉറപ്പുവരുത്താൻ സാധിക്കും.

2) ട്രേഡേഴ്സ് ലിസ്റ്റ് കാലികമായി സൂക്ഷിക്കുന്നില്ല.

താഴെ പറയുന്ന സ്ഥാപനങ്ങൾ ലൈസൻസിനുള്ള അപേക്ഷ നൽകിയിട്ടുണ്ടെങ്കിലും ട്രേഡേഴ്സ് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല.

| വാർഡ്/കെട്ടിട നമ്പർ | സ്ഥാപനം | ഉടമസ്ഥൻ | ട്രേഡേഴ്സ് ലിസ്റ്റ് പ്രകാരം |
|---|---|---|---|
| 19/478 | മുറുക്കാൻ കട | ബിനീഷ് കുമാർ, ആർ.പി. നിലയം, കല്ലിയൂർ | ഉൾപ്പെട്ടിട്ടില്ല |
| 1/675 | എസ്.ആർ.എം ഫ്രൂട്സ് ആന്റ് വെജിറ്റബിൾസ് | പ്രവീൺ.കെ.എസ്, അഴകറത്തറ, മേക്കുംകര വീട് | അതുല്യ ടെക്സ്റ്റയിൽസ് എന്ന സ്ഥാപനം പ്രവർത്തിക്കുന്നു. |
| 19/790 | ശ്രീമഹാവിഷ്ണു സൂപ്പർ മാർക്കറ്റ് | സീന.ഒ, കൃഷ്ണ വിലാസം,എംെത്തിയൂർ | പ്രമോദ് അസോസിയേറ്റ് ബിൽഡർ എന്ന സ്ഥാപനം പ്രവർത്തിക്കുന്നു. |
| 19/665,666,667, 668 | കർഷക കേന്ദ്രം വെള്ളായണി | ജയകുമാർ.എം.വി, പ്രദീപ് കുമാർ. ആർ, അമൃതകനി.എൽ, വട്ടവിള വീട്, വെള്ളായണി | ഉൾപ്പെട്ടിട്ടില്ല |

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം.6/07.04.2022-നുള്ള മറുപടിയിൽ ട്രേഡേഴ്സ് ലിസ്റ്റിൽ ഉൾപ്പെടാത്ത മുഴുവൻ സ്ഥാപനങ്ങളെയും ഉൾപ്പെടുത്തി ലിസ്റ്റ് കാലികമായി സൂക്ഷിക്കുന്നതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. പഞ്ചായത്തിൽ നിലവിലുള്ളതും പുതുതായി ലൈസൻസ് എടുത്ത സ്ഥാപനങ്ങളുടെയും വാർഡ് തിരിച്ചുള്ള ലിസ്റ്റ് തയ്യാറാക്കി കമ്പ്യൂട്ടറൈസ് ചെയ്ത് പ്രസിദ്ധപ്പെടുത്തിയിട്ടില്ല. ഇതിനുള്ള നടപടികൾ സ്വീകരിച്ച് വരികയാണെന്നും വ്യക്തമാക്കുന്നു. ട്രേഡേഴ്സ് ലിസ്റ്റ് കാലികമായി സൂക്ഷിച്ച് പഞ്ചായത്ത് പരിധിയിലുള്ള എല്ലാ സ്ഥാപനങ്ങളും ലൈസൻസ് പുതുക്കിയിട്ടുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

3) 2019-20 ലെ എഫ്.ടി.ഇ.എ.ഒ.എസ് രജിസ്റ്ററിലെ ആദ്യത്തെ 20 എൻട്രികൾ പരിശോധിച്ചതിൽ താഴെ പറയുന്ന സ്ഥാപനങ്ങൾ 2020-21 വർഷം ലൈസൻസ് പുതുക്കിയിട്ടില്ല.

| ക്രമ നം. | വാർഡ്/ കെട്ടിട | സ്ഥാപനം | ഉടമ |
|---|---|---|---|

| | നം. | | |
|---|---|---|---|
| 1 | 16/15 | മുട്ട കട | തങ്കം.എ.വി, വാസംബിക ഹൗസ്, പെരിങ്ങമ്മല |
| 2 | 20/25 | ആചാര്യ ടയർ വർക്ക്സ് | പ്രഭാകരൻ, അനുഭവൻ, കീഴൂർ, |
| 3 | 11/439 | ശരണ്യ സ്റ്റോർസ് | സോമൻ.സി, സി.എസ്.ഭവൻ, കല്ലിയൂർ |
| 4 | 2/827 | ഫാത്തിമാസ് ഏജൻസി | ഷിജാം.എ.എസ്, കടയിൽ വീട്, ടി.സി.52/458, വെള്ളായണി |
| 5 | 19/439 | റാണി ഫാഷൻ ജൂവലറി | എസ്. സുരേഷ് കുമാർ, റാണി നിവാസ്, വെങ്ങാനൂർ |
| 6 | 20/20 | മുത്താര മെഡിക്കൽസ് | സാജൻ.എസ്.എസ്, മനപ്പുറത്ത് വീട്, പെരിങ്ങമ്മല |
| 7 | 20/21 | അജോബി ഇലക്ട്രിക്കൽസ് | എൽ.ജോയി, ജെ.ബി. നിവാസ്, നെല്ലിവിള |
| 8 | 11/181 | ശിവകാമി പ്രോഡക്ട്സ് | രവികുമാർ, കൊല്ലംവിളാകത്ത് വീട് |

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം.06/07.04.2022-നുള്ള മറുപടിയിൽ ക്രമ നം.5, 6 എന്നിവ 2021-22 വർഷത്തെ ലൈസൻസ് പുതുക്കുന്നതിനൊപ്പം 2020-21 വർഷത്തെ ലൈസൻസ് കൂടി പുതുക്കിയിട്ടുണ്ടെന്നും, സീരിയൽ നം.3 ഉടമ മരണപ്പെട്ടതു മൂലം നിലവിൽ പ്രവർത്തിക്കുന്നില്ല എന്നും മറ്റുള്ളവ കോവിഡ് സാഹചര്യം മൂലം 2020-21 വർഷം പ്രവർത്തിച്ചിട്ടില്ലെന്നുമാണ് വ്യക്തമാക്കുന്നത്. പഞ്ചായത്ത് പരിധിയിൽ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന വ്യാപാര സ്ഥാപനങ്ങൾ കണ്ടെത്തി ലൈസൻസ് എടുപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

4) താഴെ കൊടുത്തിരിക്കുന്ന സ്ഥാപനങ്ങളിൽ നിന്നും വൈദ്യുതി കൊണ്ട് പ്രവർത്തിക്കുന്ന യന്ത്ര സാമഗ്രികൾ ഉപയോഗിക്കുന്നതിനുള്ള ഫീസ് ഈടാക്കിയിട്ടില്ല.

| വാർഡ്/കെട്ടിട നമ്പർ/സ്ഥാപനം | ഉടമസ്ഥൻ | യന്ത്രത്തിന്റെ കുതിര ശക്തി(HP) | ചുമത്താവുന്ന പരമാവധി ഫീസ് |
|---|---|---|---|
| 9/559/അനൂപ് ട്രേഡേഴ്സ് ഫർണിച്ചർ കട | ലത.എൻ.സി, അനുപമ, ഊക്കോട് | 4 | 50 |
| 1/558/ഫ്ളോർ മില്ല് | കെ.ലളിത കുമാരി, പുനങ്കാട്ടുവിള വീട്, വണ്ടിത്തടം | 10 | 100 |
| 1/824/അതുൽ ഹോളോബ്രിക്സ് | ലീജി, വെള്ളായണി | 5 | 50 |
| 13/890/ മൈക്രോമെറ്റൽസ് ലെയ്ത്ത് വർക്ക്സ് | സുമേഷ് കുമാർ.എസ്, ഉത്രാടം, ആറാമട | 8 | 100 |

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം.06/07.04.2022-നുള്ള മറുപടിയിൽ അടിയന്തിരമായി ഫീസ്

ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമെന്നാണ് വ്യക്തമാക്കുന്നത്.

## 1-11 കടമുറികൾ വാടകയ്ക്ക് നൽകാതിരുന്നതിനാൽ വരുമാന നഷ്ടം.

പഞ്ചായത്ത് ഉടമസ്ഥതയിലുള്ള ശാന്തിവിള മാർക്കറ്റിലെ 6/589A, 6/589B എന്നീ കടമുറികൾ 2020-21 വർഷം ലേലം ചെയ്ത് വാടകയ്ക്ക് നൽകിയിരുന്നില്ല. കടമുറികൾ ഒഴിഞ്ഞുകിടക്കുന്നതു സംബന്ധിച്ച് 6.04.2022-ൽ 2 നമ്പരായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ ഇലക്ട്രിഫിക്കേഷൻ വർക്കുകൾ നടക്കുന്നതിനാലാണ് ലേലം നടത്താതിരുന്നതെന്നും പണി പൂർത്തിയാകുന്ന മുറയ്ക്ക് കടമുറികൾ വാടകയ്ക്ക് നൽകുന്നതാണ് എന്നും രേഖപ്പെടുത്തിയിരിക്കുന്നു. പഞ്ചായത്തിന്റെ ആവശ്യത്തിനുപയോഗിക്കുന്നതുൾപ്പെടെയുള്ള എല്ലാ മുറികളും ലേലം ചെയ്ത് നൽകി തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള ഉചിതമായ നടപടികൾ സ്വീകരിക്കുന്നതിന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-12 വാടകയിനത്തിൽ കുടിശിക നിലനിൽക്കുന്നു.

പഞ്ചായത്ത് ഉടമസ്ഥതയിലുള്ള ശാന്തിവിള മാർക്കറ്റിലെ 6/590 നമ്പർ കടമുറി ലേലം നേടിയ ലാലി.എൽ, സർവോദയ കോളനി, നേമം എന്ന വ്യക്തിക്ക് മാസ വാടക ₹650/- എന്ന നിരക്കിൽ 05/11/2020 മുതൽ 31/03/2021 വരെ വാടകയ്ക്ക് നൽകിയിട്ടുള്ളതാണ്. അഡ്വാൻസ് ഇനത്തിൽ മൂന്ന് മാസത്തെ വാടക ₹1950/- മാത്രമേ ഒടുക്കിയിട്ടുള്ളൂ. ഫെബ്രുവരി, മാർച്ച് മാസത്തെ വാടകയായ ₹1300/- ഈടാക്കിയിട്ടില്ല. കൂടാതെ താഴെ പറയുന്ന ലേല നിബന്ധനകളും പാലിച്ചിട്ടില്ല.

| ലേല നിബന്ധന | യഥാർത്ഥ നടപടി |
|---|---|
| ലേലം പിടിക്കുന്ന ആൾ ഓരോ മാസത്തെയും വാടക തുക അതേ മാസം 5-ാം തീയതിക്കു മുമ്പ് പഞ്ചായത്തിൽ അടക്കേണ്ടതാണ്. | ഫെബ്രുവരി, മാർച്ച് മാസത്തെ വാടക കുടിശ്ശികയാണ്. |
| ലേലം സ്ഥിരപ്പെടുത്തിയ നോട്ടീസ് ലഭിച്ച് 7 ദിവസത്തിനകം സോൾവൻസി സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്. വീഴ്ച വരുത്തിയാൽ കടമുറി അവകാശം പുനർലേലം ചെയ്യുന്നതായിരിക്കും. | സോൾവൻസി സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല. അവകാശം പുനർലേലം ചെയ്തിട്ടില്ല. |
| തവണതുക നിശ്ചിത തീയതിക്ക് ഒടുക്കാത്തവർ 24% നിരക്കിൽ പിഴപലിശ ഒടുക്കേണ്ടതാണ്. | പിഴപലിശ ഒടുക്കിയിട്ടില്ല. |

ഇത് സംബന്ധിച്ച് 6.04.2022-ൽ 2-ാം നമ്പരായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ സാമൂഹികമായും സാമ്പത്തികമായും പിന്നോക്കം നിൽക്കുന്ന എസ്.സി വിഭാഗത്തിന് സംവരണം ചെയ്ത കടയായതിനാൽ നാമമാത്ര വാടകയാണ് പഞ്ചായത്ത് ഈടാക്കുന്നതെന്നും അതിനാൽ സോൾവൻസി സർട്ടിഫിക്കറ്റ് ഹാജരാക്കുക എന്ന നിബന്ധന പഞ്ചായത്ത് കമ്മിറ്റി പ്രോത്സാഹിപ്പിക്കുന്നില്ല എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. എന്നാൽ ഇത് സംബന്ധിച്ച പഞ്ചായത്ത് കമ്മിറ്റി തീരുമാനങ്ങൾ ഒന്നും തന്നെ ഓഡിറ്റിന് നൽകിയിട്ടില്ല. ലേല നിബന്ധനകൾ കൃത്യമായി പാലിക്കേണ്ടതും കുടിശ്ശിക ഈടാക്കേണ്ടതുമാണ്.

## 1-13 കൊറ്റില്ലം പാർക്ക് ഗേറ്റ് ഫീ പിരിവ്- ലേല നിബന്ധന പാലിക്കുന്നില്ല.

കൊറ്റില്ലം പാർക്ക് ഗേറ്റ് ഫീ പിരിവിനുള്ള അവകാശം ലേലം ചെയ്ത് 17/02/2021 ലെ 11(1) -ാം നമ്പർ പഞ്ചായത്ത് യോഗ

തീരുമാനപ്രകാരം പ്രശാന്ത്, മണ്ണംവിളകത്ത് വീട്, നേമം എന്ന വ്യക്തിക്ക് നൽകിയിരുന്നു. ഇതിൽ താഴെ പറയുന്ന ലേല വ്യവസ്ഥകൾ പാലിച്ചിട്ടില്ല.

1) ടിയാൾ ലേല നിബന്ധന പ്രകാരം കരാർ ഉടമ്പടിയിൽ ഒപ്പ് വെച്ചിട്ടില്ല.

2) ലേല തുകയായ ₹5000/- രണ്ട് ഗഡുക്കളായി അടക്കണമെന്നാണ് നിബന്ധന. ആദ്യ ഗഡു ഒടുക്കിയതിന്റെ വിശദാംശങ്ങൾ രജിസ്റ്ററിൽ നിന്നും ലഭ്യമല്ല. ലേല തുക നിശ്ചിത സമയത്ത് ഒടുക്കാത്ത പക്ഷം 24% പിഴ പലിശ സഹിതം ടിയാളിൽ നിന്നും ഈടാക്കിയതായി കാണുന്നില്ല.

3) എഗ്രിമെന്റ്, സോൾവൻസി സർട്ടിഫിക്കറ്റ് എന്നിവ യഥാസമയം ഹാജരാക്കിയില്ലെങ്കിൽ പുനർലേലം നടത്താവുന്നതാണ് എന്നാണ് നിബന്ധന. ഇത്തരത്തിൽ പുനർലേലം നടത്തിയിട്ടില്ല.

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം.15/11.04.2022-നുള്ള മറുപടിയിൽ കൊറ്റില്ലം പാർക്ക് സാമൂഹിക വിരുദ്ധർ നശിപ്പിച്ചതിനാൽ കരാർ ഉടമ്പടി മുന്നോട്ട് കൊണ്ടുപോകാൻ സാധിച്ചില്ല എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. നിജസ്ഥിതി പഞ്ചായത്തിന് ബോധ്യപ്പെട്ടതിനാൽ 05.03.2022-ലെ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി തീരുമാന നം.5(2) പ്രകാരം ലേലവ്യവസ്ഥകൾ റദ്ദ് ചെയ്ത് ഇ.എം.ഡി തനത് ഫണ്ടിൽ ചേർക്കാനും മറ്റ് തുകകൾ ടിയാനിൽ നിന്നും ഈടാക്കേണ്ടതില്ല എന്നും തീരുമാനിച്ചതായി മറുപടിയിൽ വ്യക്തമാക്കുന്നു.

## 1-14 നായ്ക്കൾക്ക് ലൈസൻസ് നൽകിയിട്ടില്ല.

1994-ലെ കേരള പഞ്ചായത്ത്രാജ് നിയമം വകുപ്പ് 254, കേരള പഞ്ചായത്ത്രാജ് (പന്നികൾക്കും പട്ടികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ, ചട്ടം 4 പ്രകാരം പഞ്ചായത്തിൽ നിന്നും ലഭിക്കുന്ന ലൈസൻസ് കൂടാതെ യാതൊരാളും നായ്ക്കളെ വളർത്താൻ പാടില്ല. ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം.6/07.04.2022-നുള്ള മറുപടിയിൽ 2020-21 വർഷം ആകെ ഒരു നായയ്ക്ക് മാത്രമാണ് ലൈസൻസ് എടുത്തിട്ടുള്ളതെന്ന് വ്യക്തമാക്കുന്നു. സ്റ്റാറ്റസ് റിപ്പോർട്ടിൽ പഞ്ചായത്തിൽ ആകെ 1747 നായ്ക്കൾ ഉണ്ടെന്നും അതിൽ 757 നായ്ക്കൾക്ക് ലൈസൻസ് ഉള്ളതായും രേഖപ്പെടുത്തിയിട്ടുണ്ട്. പഞ്ചായത്ത്രാജ് ചട്ടം അനുശാസിക്കും പ്രകാരം മുഴുവൻ വളർത്തുനായ്ക്കൾക്കും ലൈസൻസ് എടുക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

## 1-15 മൊബൈൽ ടവറുകളിൽ നിന്നും വസ്തുനികുതി പിരിച്ചെടുക്കുന്നില്ല.

സ്ഥാപനത്തിലെ സഞ്ചയ സോഫ്റ്റ്‌വെയർ പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന മൊബൈൽ ടവറുകളിൽ നിന്നും വസ്തു നികുതി ഈടാക്കിയിട്ടില്ല. വസ്തു നികുതി, ലൈബ്രറി സെസ്സ്, സർവ്വീസ് ചാർജ്ജ് ഉൾപ്പെടയുള്ള തുകയാണ് അടവാക്കുവാനുള്ള തുകയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

| കെട്ടിട നം | ഉടമസ്ഥന്റെ പേര് വിവരം | അടവാക്കേണ്ട കാലയളവ് | അടവാക്കുവാനുള്ള തുക |
|---|---|---|---|
| 3/637 | Principal General Manager, Telecom District, BSNL | 2013-14-1st Half& 11nd Half<br>2014-15-1st Half& 11nd Half<br>2015-16-1st Half& 11nd Half<br>2016-17-1st Half& 11nd Half<br>2017-18-1st Half& 11nd Half<br>2018-19-1st Half& 11nd Half<br>2019-20-1st Half& 11nd Half<br>2020-21-1st Half& 11nd Half | 57656/- |
| 19/641 | Idea Mobile Communication Ltd. | 2018-19-1st Half& 11nd Half<br>2019-20-1st Half& 11nd Half | 37920/- |

| | | | |
|---|---|---|---|
| | | 2020-21-1st Half& 11nd Half | |
| 19/642 | Wireless Info Service Ltd. Hambers | 2016-17-1st Half& 11nd Half<br>2017-18-1st Half& 11nd Half<br>2018-19-1st Half& 11nd Half<br>2019-20-1st Half& 11nd Half<br>2020-21-1st Half& 11nd Half | 49025/- |

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം.11/11.04.2022-നുള്ള മറുപടിയിൽ കുടിശിക ഈടാക്കുന്നതിന് റവന്യൂ റിക്കവറി ഉൾപ്പെടെയുള്ള തുടർനടപടികൾ സ്വീകരിക്കുന്നതാണ് എന്നാണ് വ്യക്തമാക്കുന്നത്. മൊബൈൽ ടവറുകളുടെ വസ്തുനികുതി ഇനത്തിൽ ലഭിക്കേണ്ട നികുതി കുടിശ്ശിക പിരിച്ചെടുക്കുന്നതിന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ഭാഗത്തുനിന്നും സത്വര നടപടികൾ ഉണ്ടാകേണ്ടതാണ്.

## 1-16 അനധികൃത കെട്ടിടങ്ങൾ കെട്ടിട നികുതി ഒടുക്കുന്നതിൽ കുടിശിക വരുത്തുന്നു.

താഴെ പറയുന്ന അനധികൃത കെട്ടിടങ്ങൾ കെട്ടിട നികുതി ഒടുക്കുന്നതിൽ കുടിശിക വരുത്തിയിട്ടുണ്ട്.

| വാർഡ്/ കെട്ടിട നം. | വിസ്തീർണം (ച. മീ) | അർദ്ധവർഷം | തുക | ഉടമസ്ഥൻ |
|---|---|---|---|---|
| 21/UA 808 (2017) | 76 | 2020- 1 & 11<br>2021- 1 & 11 | 1916/- | ഭുവന ചന്ദ്രൻ, ആർച്ചാഭവൻ, വെള്ളായണി |
| 2/UA 796 (2015) | 67 | 2021 -1 & 11 | 1163/- | സന്തോഷ് കുമാർ.ആർ, ശിവശക്തി, നേമം |
| 12/UA 725 (2015) | 12.45 | 2015 -11<br>2016- 1 & 11<br>2017- 1 & 11<br>2018- 1 & 11<br>2019- 1 & 11<br>2020- 1 & 11<br>2021- 1 & 11 | 780/- | ശ്രീകണ്ഠൻ മഹേശ്വരി, ശ്രീകണ്ഠ ഭവൻ, കല്ലിയൂർ |
| 11/ UA 740 (2019) | 83.84 | 2020- 1 & 11<br>2021- 1 & 11 | 2373/- | ജിനു.ജെ.എസ്., ജിനു ഭവൻ, പള്ളിച്ചൽ |

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം.25/13.04.2022-നുള്ള മറുപടിയിൽ മേൽ സൂചിപ്പിച്ച എല്ലാ കെട്ടിടങ്ങൾക്കും ഡിമാന്റ് നോട്ടീസ് നൽകിയിട്ടും നികുതി അടവാക്കാത്തതിനാൽ റവന്യൂ റിക്കവറി നോട്ടീസ് ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിച്ചുവരുന്നു എന്നാണ് വ്യക്തമാക്കുന്നത്.

## 1-17 രസീത് പരിശോധനയിലെ അപാകതകൾ.

06.04.2022 വരെയുള്ള രസീതുകൾ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കണ്ടെത്തി.

1. രസീത് ബുക്കുകളുടെ സ്റ്റോക്ക് രജിസ്റ്ററിൽ പുസ്തകത്തിന്റെ ഉപയോഗം പൂർത്തീകരിച്ച തീയതി രേഖപ്പെടുത്തിയിട്ടില്ല.

2. കേരള ട്രഷറി കോഡ് വാല്യം-1 ലെ ആർട്ടിക്കിൾ 90(എ) പ്രകാരം T.R-5 രസീതുകളുടെ ഡബിൾ ഫേസ്ഡ് കാർബൺ പകർപ്പുകൾ എടുക്കുന്ന വിധത്തിലായിരിക്കണം രസീത് ബുക്ക് പ്രിന്റ് ചെയ്യേണ്ടത്. രസീത് ബുക്ക് നംമ്പർ 7980 ലെ രസീത് നം.-1 ൽ ഡബിൾ ഫേസ്ഡ് കാർബൺ ഉപയോഗിച്ചിട്ടില്ല.

3. ലഭ്യമാക്കിയ രസീതു ബുക്കുകൾ പരിശോധിച്ചതിൽ രസീതുകൾ റദ്ദ് ചെയ്യുമ്പോൾ കാരണം രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. ഉദാഹരണം :-

| രസീത് ബുക്ക് നമ്പർ | രസീത് നമ്പർ |
|---|---|
| 7983 | 31,32,38,39,59,67 |

4. അഗ്രിക്കൾച്ചർ ഓഫീസിനു വേണ്ടി ഇഷ്യൂ ചെയ്തിട്ടുള്ള രസീതു ബുക്കുകളുടെ (7983,7984,7985) കളക്ഷൻ രജിസ്റ്റർ ഹാജരാക്കിയില്ല. അതിനാൽ കളക്ഷന്റെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

5. രസീത് ബുക്കിൽ സർട്ടിഫിക്കറ്റ് ഓഫ് കൗണ്ട് രേഖപ്പെടുത്തിയിട്ടില്ല. ഉദാഹരണം- രസീത് ബുക്ക് നം- 7980,7975,7985,7984,7983.

ഇതേ സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 7/07.04.2022-നുള്ള മറുപടിയിൽ മേൽ അപാകതകൾ പരിഹരിക്കുന്നതാണെന്നും കൃഷി ഓഫീസിൽ നിന്നുള്ള കളക്ഷൻ രജിസ്റ്റർ സൂക്ഷിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ടെന്നും വ്യക്തമാക്കുന്നു.

## 1-18 സത്യവാങ്മൂലം സമർപ്പിക്കാത്തവർക്കും നികുതി ഇളവ് നൽകി.

ജി.ഒ(എം.എസ്)358/15/ത.സ്വ.ഭ.വ തീ. 16/12/2015 പ്രകാരം നികുതി ഇളവിന് അർഹരായവർ ഓരോ പഞ്ചവർഷ അസ്സസ്മെന്റ് കാലയളവിലേക്കും കെട്ടിട ഉടമകളിൽ നിന്നും നിശ്ചിത മാതൃകയിലുള്ള സത്യവാങ്മൂലം വാങ്ങി ഗ്രാമപഞ്ചായത്തിൽ സൂക്ഷിക്കേണ്ടതാണ്. എന്നാൽ വാർഡ് 21, 20 മാത്രം പരിശോധിച്ചതിൽ മേൽ ഉത്തരവ് പ്രകാരം നികുതി ഇളവിന് അർഹരായവർ സമർപ്പിക്കേണ്ട സത്യവാങ്മൂലം ഹാജരാക്കിയിട്ടില്ല എന്ന് സഞ്ചയ സോഫ്റ്റ്‌വെയറിൽ രേഖപ്പെടുത്തിയിട്ടുള്ള താഴെ പറയുന്ന കെട്ടിടങ്ങൾക്ക് നികുതി ഇളവ് നൽകിയിട്ടുണ്ട്.

| ക്രമ നം. | വാർഡ് | കെട്ടിട നം | കെട്ടിട ഉടമ | വിസ്തീർണം (ച.മീ) |
|---|---|---|---|---|
| 1 | 21 | 854 | പി വിജയൻ, റ്റി.ഗീത, വടക്കേതട്ട് കുന്നുവിള വീട്, പൂങ്കുളം, വെള്ളായണി | 52.45 |
| 2 | 21 | 857 | ബിന്ദു കുമാരി എൽ, വിനോദ് ഭവൻ, പാലപ്പൂര്, വെള്ളായണി | 36.77 |
| 3 | 20 | 824 | എസ്.ലിനികുമാർ, ബി.ഷീജ, ലിനി ഭവൻ, പൂങ്കുളം, വെള്ളായണി | 10.45 |
| 4 | 20 | 825 | സന്ധ്യ. ഗോപി, അമൽ നിവാസ്, വലിയവിള, പാലപ്പൂര്, വെള്ളായണി | 38.08 |
| 5 | 20 | 844 | എം ബൈജു, വിജയകുമാരി.ആർ, ചരുവിള വീട്, പൂങ്കുളം, ആനക്കുഴി, വെള്ളായണി | 38.5 |
| 6 | 20 | 845 | മഹേശ്വരി.ബി, കാവുവിള പുത്തൻവീട്, പൂങ്കുളം, വെള്ളായണി | 38.4 |

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം.16/12.04.2022-നുള്ള മറുപടിയിൽ ഇനി മുതൽ ലൈഫ് മിഷൻ ഉൾപ്പെടെയുള്ള കെട്ടിടങ്ങൾക്കും സത്യവാങ്മൂലം വാങ്ങുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് രേഖപ്പെടുത്തിയിരിക്കുന്നു.

## 1-19 ഗ്രാമപഞ്ചായത്തിൽ സമീപകെട്ടിടങ്ങൾക്ക് വ്യത്യസ്ഥ മേഖല.

തൊട്ടടുത്തുള്ള കെട്ടിടങ്ങളെ രണ്ട് വ്യത്യസ്ത മേഖലകളിൽ ഉൾപ്പെടുത്തി നികുതി നിർണ്ണയം നടത്തിയിരിക്കുന്നു. ഉദാഹരണം.

| വാർഡ്/കെട്ടിട നമ്പർ | മേഖല |
|---|---|
| 1/12 | ത്രിതീയം |
| 1/12 A | ദ്വിതീയം |
| 1/13 | ത്രിതീയം |
| 1/13 A | ദ്വിതീയം |
| 1/26 | ത്രിതീയം |
| 1/26 A | ദ്വിതീയം |
| 1/31 | ത്രിതീയം |
| 1/31 A | ദ്വിതീയം |
| 5/7 | ത്രിതീയം |
| 5/7 A | ദ്വിതീയം |

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം.16/12.04.2022-നുള്ള മറുപടിയിൽ കെട്ടിട നമ്പർ നിലവിൽ അനുവദിച്ച് വരുന്നത് തൊട്ടടുത്ത കെട്ടിടത്തിന്റെ A, B തുടങ്ങിയ സബ് നമ്പരുകളായാണെന്നും 2013-ലെ നികുതി പരിഷ്കരണത്തിലാണ് മേഖലാ വിഭജനം വന്നതെന്നും അതിന് മുൻപ് അനുവദിച്ച കെട്ടിട നമ്പറുകളാണ് മേഖല തെറ്റായി ചേർത്ത് കാണുന്നതെന്നും രേഖപ്പെടുത്തിയിരിക്കുന്നു. നിലവിൽ മേഖല വ്യക്തമായി പരിശോധിച്ച് മാത്രമാണ് ചേർക്കുന്നതെന്നും വ്യക്തമാക്കിയിരിക്കുന്നു.

## 1-20 തൊഴിൽ നികുതി ഈടാക്കിയതിലെ അപാകതകൾ.

1) താഴെ കൊടുത്തിരിക്കുന്ന ഉദ്യോഗസ്ഥരിൽ നിന്നും കുറഞ്ഞ നിരക്കിലുള്ള നികുതിയാണ് ഈടാക്കിയിരിക്കുന്നത്.

| സീരിയൽ നം. | പേര് | തൊഴിൽ/സ്ഥാപനം | അർദ്ധവാർഷിക വരുമാനം | ഈടാക്കേണ്ട നികുതി | ഈടാക്കിയ നികുതി | |
|---|---|---|---|---|---|---|
| | | | | | 1st Half | 2nd Half |
| 1 | സിന്ധു.എസ് | അറ്റന്റർ/ആയുഷ് ഹോമിയോ ഹെൽത്ത് സെന്റർ, കല്ലിയൂർ | 102000 | 2000 | 750 | 750 |
| 2 | ആതിര തങ്കപ്പൻ | സീനിയർ മാനേജർ/കേരള ഗ്രാമീണ ബാങ്ക് | - | 2500 | 450 | - |

കൂടാതെ സീരിയൽ നം.2 ലെ അർദ്ധവാർഷിക വരുമാനം രേഖപ്പെടുത്തിയിട്ടില്ല.

2) തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചതിൽ താഴെ കൊടുത്തിരിക്കുന്ന ഉദ്യോഗസ്ഥരിൽ നിന്നും ഒരു അർദ്ധ വർഷത്തെ നികുതി മാത്രമാണ് ഈടാക്കിയിരിക്കുന്നത്.

| സീരിയൽ നം. | പേര് | തൊഴിൽ/സ്ഥാപനം | അർദ്ധവാർഷിക വരുമാനം | ഈടാക്കിയ നികുതി | ഈടാക്കിയ അർദ്ധ വർഷം |
|---|---|---|---|---|---|
| 1 | ലിജി.എ.ബി | ലൈവ് സ്റ്റോക്ക് ഇൻസ്പെക്ടർ/വെറ്റിനറി ഹോസ്പിറ്റൽ, കല്ലിയൂർ | 164160 | 1250 | 11 |
| 2 | ജയരാജ്.സി.പി | അറ്റന്റർ/വെറ്റിനറി ഹോസ്പിറ്റൽ, കല്ലിയൂർ | 186120 | 1250 | 11 |
| 3 | ചന്ദ്രലേഖ | പി.ടി.എസ്/വെറ്റിനറി ഹോസ്പിറ്റൽ, കല്ലിയൂർ | 59520 | 450 | 11 |
| 4 | ആതിര തങ്കപ്പൻ | സീനിയർ മാനേജർ/കേരള ഗ്രാമീണ ബാങ്ക് | 450 | - | 1 |

3) ലഭ്യമാക്കിയ പല അപേക്ഷകളിലും തൊഴിൽ നികുതി ചുമത്തുന്നതിനായി വരുമാനം സംബന്ധിച്ച് ജീവനക്കാർക്ക് നൽകിയ നിർദ്ദിഷ്ട ഫോമിൽ എല്ലാ വിവരങ്ങളും കൃത്യമായി ചേർത്തിട്ടില്ല.

ഉദാഹരണം-അടിസ്ഥാന ശമ്പളം, ക്ഷാമ ബത്ത, ബോണസ്, ഫെസ്റ്റിവൽ അലവൻസ് മുതലായവ.

അതിനാൽ നികുതി ചുമത്തിയതിന്റെ കൃത്യത പരിശോധിക്കാൻ സാധിക്കുന്നില്ല.

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നമ്പർ 1/06.04.2022-ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-21 വീട് വാസയോഗ്യമാക്കൽ എസ്.സി - പദ്ധതി പൂർത്തീകരിച്ചിട്ടില്ല.

പദ്ധതിയുടെ പേര് : വീട് വാസയോഗ്യമാക്കൽ എസ്.സി,

പദ്ധതി നമ്പർ : 02/2020

അടങ്കൽ തുക : 61,50,000/-

ചെലവ് തുക : 58,50,000/-

ചുവടെ വിവരിക്കുന്ന ഗുണഭോക്താക്കൾ നാളിതുവരെയായി വീട് വാസയോഗ്യമാക്കൽ പദ്ധതി പൂർത്തീകരിച്ചിട്ടില്ല.

| പേര് | ആദ്യ ഗഡു സ്വീകരിച്ച തീയതി |
|---|---|
| അനഘ റ്റി,വളയം തോട്ടത്തിൽ വീട്, വെള്ളയാണി, വാർഡ് – II | 18.02.2021 |
| ശിവപ്രസാദ്, മേലേ വീട്,വാർഡ് IV | 18.01.2021 |
| രേണുക, കളത്തിൽ വീട്, കാക്കാമൂല,വാർഡ് - XVIII | 18.01.2021 |

ആദ്യ ഗഡു സ്വീകരിച്ചതിനെ തുടർന്നുള്ള പ്രവൃത്തിയുടെ പുരോഗതി, പൂർത്തീകരണം ഇവ സംബന്ധിച്ച വിവരങ്ങൾ അടിയന്തിരമായി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. അല്ലാത്ത പക്ഷം ചെലവായ തുകയുടെ ഉത്തരവാദിത്തം നിർവ്വഹണ ഉദ്യോഗസ്ഥനായിരിക്കും.

## 1-22 റേഷൻകടകൾ ലൈസൻസ് ഇല്ലാതെയും തൊഴിൽ നികുതി ഒടുക്കാതെയും പ്രവർത്തിക്കുന്നു.

1996-ലെ കേരള പഞ്ചായത്ത്‌രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ മൂന്നാം ചട്ടത്തിന്റെ പട്ടിക ഒന്നിൽ വരുന്നതാണ് റേഷൻ കടകൾ. ലൈസൻസ് പുതുക്കിയിട്ടുള്ള സ്ഥാപനങ്ങളുടെ രജിസ്റ്ററിലും തൊഴിൽ നികുതി ഒടുക്കിയിട്ടുള്ള സ്ഥാപനങ്ങളുടെ രജിസ്റ്ററിലും

റേഷൻ കടകൾ ഉൾപ്പെട്ടിട്ടില്ല. അവയിൽ നിന്നും വരുമാനത്തിനനുസൃതമായി തൊഴിൽ നികുതിയും, സ്ഥാപന തൊഴിൽ നികുതിയും ഡിമാന്റ് ചെയ്ത് ഈടാക്കുകയും ചെയ്തിട്ടില്ല. ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം.1/06.04.2022-ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ലൈസൻസ് ഫീസ്, തൊഴിൽ നികുതി എന്നിവ ഈടാക്കുന്നതിൽ റേഷൻ കടകളെ ഉൾപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പ്രസ്തുത വിവരം പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതുമാണ്.

## 1-23 ഗ്രാമസഭകൾ ചുമതലകൾ നിറവേറ്റുന്നില്ല.

അധികാര വികേന്ദ്രീകരണ പ്രക്രിയയിൽ വോട്ടവകാശമുള്ള മുഴുവനാളുകൾക്കും ഭരണകാര്യങ്ങളിൽ നേരിട്ട് പങ്കെടുക്കാനും അധികാരം പ്രയോഗിക്കാനും കഴിയുന്ന ഒരു വേദിയാണ് പഞ്ചായത്ത്‌രാജ് സംവിധാനത്തിന്റെ അടിസ്ഥാനഘടകമായ ഗ്രാമസഭകൾ. എന്നാൽ, നിയമപരമായ ഒരു ബാദ്ധ്യത നിറവേറ്റുക എന്നതിനുമപ്പുറം പദ്ധതി ആസൂത്രണത്തിലോ പദ്ധതി പ്രവർത്തനങ്ങളിലോ ഗ്രാമസഭ ഇടപെടുന്നില്ല. 1994-ലെ കേരള പഞ്ചായത്ത്‌രാജ് ആക്ട് സെക്ഷൻ 3(3)-ൽ നിർദ്ദേശിച്ചിട്ടുള്ള വിധം മൂന്നു മാസത്തിലൊരിക്കലെങ്കിലും ഗ്രാമസഭ ചേരേണ്ടതാണ്. എന്നാൽ ക്രമപ്രകാരം ഗ്രാമസഭ ചേരുന്നതായി മിനിട്സിൽ രേഖപ്പെടുത്തിയിട്ടില്ല.

ഗ്രാമസഭകൾ എടുക്കുന്ന തീരുമാനങ്ങൾ ഏതെല്ലാം നടപ്പിലാക്കിയില്ല എന്നും അതിന്റെ കാരണമെന്തെന്നും ഗ്രാമസഭയെ ബോധിപ്പിക്കേണ്ട പഞ്ചായത്തിന്റെ നിയമപരമായ ഉത്തരവാദിത്തവും നിറവേറ്റപ്പെടുന്നില്ല. വികസനപ്രവർത്തനങ്ങളുടെ ആസൂത്രണമോ അവയുടെ നിർവ്വഹണം സംബന്ധിച്ച അവലോകനമോ ഉണ്ടാകുന്നില്ല. പരിസ്ഥിതി സംരക്ഷണം, മലിനീകരണ നിയന്ത്രണം എന്നിവയുൾക്കൊള്ളുന്ന നൂതന ആശയങ്ങൾ ഒന്നും ഗ്രാമസഭകളിൽ ഉരുത്തിരിയുന്നില്ല. ഓഡിറ്റ് റിപ്പോർട്ടുകൾ ഗ്രാമസഭകളിൽ ചർച്ച ചെയ്യപ്പെടേണ്ടതാണെന്ന വ്യവസ്ഥയും പാലിക്കപ്പെടുന്നില്ല.

ഗ്രാമസഭകളെ സംബന്ധിച്ച് ജനങ്ങളെ ബോധവാന്മാരാക്കുന്നതിനും നിശ്ചിത ഇടവേളകളിൽ ഗ്രാമസഭകൾ വിളിച്ചുകൂട്ടുന്നതിനും വികസന പ്രവർത്തനങ്ങളിൽ ജനങ്ങളുടെ പങ്കാളിത്തം ഉറപ്പുവരുത്താനും അധികാരികൾ ശ്രദ്ധിക്കേണ്ടതാണ്.

## 1-24 നിർവ്വഹണോദ്യോഗസ്ഥരുടെ പേരിൽ പ്രത്യേകം സേവിംഗ്സ് അക്കൌണ്ട് സൂക്ഷിക്കുന്നത്- സംബന്ധിച്ച്.

1. അസിസ്റ്റന്റ് എൻജിനീയർ നിർവ്വഹണം നടത്തിയ തനത് ഫണ്ട് മുഖേന ചെലവുള്ള പ്രവൃത്തികളിൽ പഞ്ചായത്ത് ഫണ്ടിൽ നിന്നും നേരിട്ട് കരാറുകാർക്ക് തുക നൽകാതെ അസിസ്റ്റന്റ് എൻജിനീയറുടെ പേരിലുള്ള ട്രെഷറി സേവിംഗ്സ് അക്കൗണ്ടിലേക്ക് ചെക്ക് നൽകുകയും, പിന്നീട് ഈ അക്കൌണ്ടിൽ നിന്നും നിർവ്വഹണോദ്യോഗസ്ഥ കരാറുകാർക്ക് ചെക്ക് നൽകുകയും ചെയ്യുന്നതായാണ് കാണുന്നത്. 31.03.2021-ന് പ്രസ്തുത അക്കൌണ്ടിൽ 1252222/-രൂപ നീക്കിയിരിപ്പുണ്ടായിരുന്നു. 06.04.2022-ൽ അക്കൗണ്ടിലെ നീക്കിയിരിപ്പ് 700041/- രൂപയാണ്. അക്കൌണ്ടിലെ വരവ്-ചെലവ് വിശദാംശം, 06.04.2022-ൽ നീക്കിയിരിപ്പ് കുറവുവന്നതിനുള്ള കാരണം എന്നിവ സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ടെങ്കിലും (ഓഡിറ്റ് എൻക്വയറി നം.31) മറുപടി ലഭ്യമാക്കിയില്ല.

2. ഗ്രാമപഞ്ചായത്തിൽ ഏതൊക്കെ നിർവ്വഹണോദ്യോഗസ്ഥരുടെ പേരിൽ പ്രത്യേകം അക്കൗണ്ട് സൂക്ഷിക്കുന്നു, അക്കൗണ്ട് പാസ്സ്ബുക്ക് എന്നിവ ലഭ്യമാക്കാനാവശ്യപ്പെട്ടെങ്കിലും ആയത് ലഭ്യമാക്കിയിട്ടില്ല.

വിഷയം സംബന്ധിച്ച് വ്യക്തമായ വിശദീകരണവും അനുബന്ധ രേഖകളും പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-25 ലൈഫ് വീടുകൾക്ക് ശൗചാലയം നിർമ്മാണം (സ്പിൽ ഓവർ) - രേഖകൾ ഹാജരാക്കിയില്ല

പദ്ധതിയുടെ പേര് : ലൈഫ് വീടുകൾക്ക് ശൗചാലയം നിർമ്മാണം (സ്പിൽ ഓവർ)

പദ്ധതി നമ്പർ : 224

അടങ്കൽ തുക : 3,24,000/-

ചെലവ് തുക : 3,24,000/-

ഫണ്ടിനം : തനത്ഫണ്ട്

പ്രസ്തുത പദ്ധതിയിൽ ഗുണഭോക്താക്കളുടെ അപേക്ഷകളിൽ വാർഡ് മെമ്പറുടെ ശുപാർശയോ, അർഹത തെളിയിക്കുന്നതിന് ആവശ്യമായ രേഖകളോ ഇല്ലാതെയാണ് പരിഗണിച്ചിട്ടുള്ളത്. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| പേര്, | അപാകത |
|---|---|
| ശ്രീജ, തെക്കേക്കര പുത്തൻവീട്, പാലൂർക്കോണം | 1.സമാനമായ ആനുകൂല്യം ലഭിച്ചിട്ടില്ലായെന്നുള്ള രേഖയില്ല.<br>2.വാർഡ് മെമ്പറുടെ ശുപാർശ ഇല്ല |
| ബേബി, | 1.സമാനമായ ആനുകൂല്യം ലഭിച്ചിട്ടില്ലായെന്നുള്ള |

| | |
|---|---|
| | രേഖയില്ല.<br>2.വാർഡ് മെമ്പറുടെ ശുപാർശ ഇല്ല |
| പ്രഭ കെ | 1.സമാനമായ ആനുകൂല്യം ലഭിച്ചിട്ടില്ലായെന്നുള്ള രേഖയില്ല<br>2.വാർഡ് മെമ്പറുടെ ശുപാർശ ഇല്ല |

ഏത് മാനദണ്ഡപ്രകാരം പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട അപേക്ഷകൾ സ്വീകരിച്ചതെന്ന് വ്യക്തമാക്കേണ്ടതാണ്. ഗുണഭോക്തൃ ലിസ്റ്റ് തയ്യാറാക്കുന്നതിന്റെ മാനദണ്ഡങ്ങൾ കൃത്യമായി പാലിക്കുന്നു എന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

## 1-26 ലൈഫ് വീടുകൾക്ക് ശൗചാലയം -രേഖകൾ ഹാജരാക്കിയില്ല

പദ്ധതിയുടെ പേര് : ലൈഫ് വീടുകൾക്ക് ശൗചാലയം

പദ്ധതി നമ്പർ : 297

അടങ്കൽ തുക : 6,84,000/-

ചെലവ് തുക : 6,24,000/-

ഫണ്ടിനം : 1. ധനകാര്യ കമ്മീഷൻ അവാർഡ്, 2. ജില്ലാ/ബ്ലോക്ക്പഞ്ചായത്ത് വിഹിതം

ഗുണഭോക്താക്കളിൽ ഒരാളുടെ അപേക്ഷയിലും, ദാരിദ്ര്യരേഖയ്ക്ക് താഴെ കഴിയുന്ന കുടുംബത്തിലെ അംഗമാണെന്നും, ധനസഹായം അനുവദിക്കുന്നതിന് അർഹനാണെന്നുമുള്ള വാർഡ് മെമ്പറുടെ ശുപാർശയില്ലാതെയാണ് അപേക്ഷകൾ പരിഗണിച്ചിരിക്കുന്നത്. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു. എത് മാനദണ്ഡത്തിലാണ് ഈ പദ്ധതികളിൽ അപേക്ഷ സ്വീകരിച്ചതെന്ന് അറിയിക്കേണ്ടതാണ്.

| പേര് | അപാകത |
|---|---|
| ശോഭന എസ്, വലിയ വിള, പ്ലാവിള വീട് | 1.സമാനമായ ആനുകൂല്യം ലഭിച്ചിട്ടില്ലായെന്നുള്ള രേഖയില്ല.<br>2.വാർഡ് മെമ്പറുടെ ശുപാർശ ഇല്ല. |
| ദിവ്യ എം പി നായർ, കോട്ടുത്തല കോണത്ത് പുത്തൻവീട്, ശാന്തി വിള | 1.സമാനമായ ആനുകൂല്യം ലഭിച്ചിട്ടില്ലായെന്നുള്ള രേഖയില്ല.<br>2.വാർഡ് മെമ്പറുടെ ശുപാർശ ഇല്ല |
| രാജരത്നം, ഫിലോ നിവാസ്, പാലപ്പൂര് | 1.സമാനമായ ആനുകൂല്യം ലഭിച്ചിട്ടില്ലായെന്നുള്ള രേഖയില്ല.<br>2.വാർഡ് മെമ്പറുടെ ശുപാർശ ഇല്ല. |
| ഷീന, രജീഷ് ഭവൻ, പ്രാവച്ചമ്പലം | 1.സമാനമായ ആനുകൂല്യം ലഭിച്ചിട്ടില്ലായെന്നുള്ള രേഖയില്ല.<br>2.വാർഡ് മെമ്പറുടെ ശുപാർശ ഇല്ല. |
| രജനി, അഫ്സാ ഭവൻ, തെറ്റി വിള | 1.സമാനമായ ആനുകൂല്യം ലഭിച്ചിട്ടില്ലായെന്നുള്ള രേഖയില്ല.<br>2.വാർഡ് മെമ്പറുടെ ശുപാർശ ഇല്ല. |
| സുനിത, സുനിതാ നിവാസ്, തെറ്റി വിള | 1.സമാനമായ ആനുകൂല്യം ലഭിച്ചിട്ടില്ലായെന്നുള്ള രേഖയില്ല<br>2.വാർഡ് മെമ്പറുടെ ശുപാർശ ഇല്ല |
| മണി ജി, വലിയ | 1.സമാനമായ ആനുകൂല്യം ലഭിച്ചിട്ടില്ലായെന്നുള്ള രേഖയില്ല<br>2.വാർഡ് മെമ്പറുടെ ശുപാർശ ഇല്ല |
| ലത ആർ, വട്ടവിള, പൂങ്കുളം | 1.സമാനമായ ആനുകൂല്യം ലഭിച്ചിട്ടില്ലായെന്നുള്ള രേഖയില്ല.<br>2.വാർഡ് മെമ്പറുടെ ശുപാർശ ഇല്ല. |

ഗുണഭോക്തൃലിസ്റ്റ് കൃത്യമായ മാനദണ്ഡപ്രകാരമാണ് തയ്യാറാക്കുന്നതെന്ന് ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റി ഉറപ്പുവരുത്തേണ്ടതും എല്ലാ രേഖകളും ഓഡിറ്റിന് ഹാജരാക്കേണ്ടതുമാണ്.

## 1-27 ലൈഫ് പദ്ധതി, എസ്സ്.സ്സി. - നിർമ്മാണം പൂർത്തിയാക്കിയിട്ടില്ല

പദ്ധതിയുടെ പേര് : ലൈഫ് പദ്ധതി, എസ്സ്.സ്സി.

പദ്ധതി നമ്പർ : 304/2020

അടങ്കൽ തുക : 9,60,00,00/-

ചെലവ് തുക : 13,00,000/-

മേൽ പദ്ധതിയിൽ ഗുണഭോക്താവുമായുള്ള കരാർ പ്രകാരം കരാറിൽ ഏർപ്പെട്ട് 6 (ആറ്) മാസത്തിനകം പദ്ധതി പ്രകാരമുള്ള ഭവന നിർമ്മാണം പൂർത്തിയാക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ ചുവടെ വിവരിക്കുന്ന ഗുണഭോക്താക്കൾ നാളിതുവരെയായി ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല. കരാർ ലംഘനത്തിന് ഇവർക്കെതിരെ സ്വീകരിച്ച നടപടി അറിയിക്കേണ്ടതും തുടർനടപടികൾ സ്വീകരിച്ച് പദ്ധതിപ്പണം പാഴ്ചെലവാകുന്നില്ലെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

| പേര് | ആദ്യ ഗഡു സ്വീകരിച്ച തീയതി |
|---|---|
| ഗോപു ഡി | 10.02.2021 |
| സന്ധ്യ എ.എസ് | 10.02.2021 |
| സുരേഷ് കുമാർ | 10.02.2021 |
| ഷൈനി | 10.02.2021 |
| മഞ്ജു കുമാരി | 10.02.2021 |
| പ്രദീപ് കുമാർ | 10.02.2021 |
| ശാലിനി എസ്.എം | 10.02.2021 |
| ബിന്ദു | 10.02.2021 |
| സുനിത ആർ | 10.02.2021 |
| ബിപിൻ ലാൽ ആർ | 10.02.2021 |
| രജിത എം.എ | 10.02.2021 |
| സുനന്ദ റ്റി | 10.02.2021 |
| സന്തോഷ് കുമാർ | 25.02.2021 |
| എസ്തർ | 05.07.2021 |

## 1-28 വീട്ടുവളപ്പിൽ കുളത്തിലെ മത്സ്യകൃഷി- ചെലവ് രേഖകൾ ഹാജരാക്കിയില്ല. 1,73,480/- രൂപ തടസ്സം ചെയ്യുന്നു.

സുഭിക്ഷ കേരളം; വീട്ടുവളപ്പിൽ കുളത്തിലെ മത്സ്യകൃഷി പദ്ധതിക്കായി (237/21) 9,84,000/- രൂപ വകയിരുത്തിയിട്ടുണ്ട്. (കേന്ദ്രാവിഷ്കൃത ഫണ്ട്- 1,47,200/-രൂപ , സംസ്ഥാനവിഷ്കൃത ഫണ്ട് 1,31,200/- രൂപ , തനത് ഫണ്ട് - 2,03,520/- രൂപ , മറ്റുള്ളവ - 5,02,080/- രൂപ ). കല്ലിയൂർ ഗ്രാമപഞ്ചായത്തിലെ ചെലവ് പത്രിക പ്രകാരം പദ്ധതിയിനത്തിൽ തനതു ഫണ്ടിൽ നിന്നും 1,73,480/- രൂപ ചെലവഴിച്ചതായി കാണുന്നു. എന്നാൽ പ്രസ്തുത ചെലവ് സംബന്ധിച്ചുള്ള രേഖകൾ ഒന്നും തന്നെ പരിശോധനയ്ക്കായി ഹാജരാക്കിയിട്ടില്ല. രേഖകൾ ഹാജരാക്കാൻ ഓഡിറ്റ് റിക്വിസിഷൻ നം.3/12-04-2022 വഴി നിർദ്ദേശം നൽകിയിരുന്നെങ്കിലും രേഖകൾ ഹാജരാക്കുകയോ എന്തെങ്കിലും തരത്തിലുള്ള അസൗകര്യം ഉള്ളപക്ഷം ആയത് രേഖാമൂലം അറിയിക്കുകയോ ചെയ്തിട്ടില്ല. ചെലവ് സംബന്ധിച്ച രേഖകളുടെ അഭാവത്തിൽ പദ്ധതിയിനത്തിൽ ചെലവഴിച്ച 1,73,480/- രൂപ തടസ്സം ചെയ്യുന്നു. തനതു ഫണ്ട് ചെലവിന്റെ ചെക്ക് നമ്പർ ഉൾപ്പെടെയുള്ള രേഖകൾ അടിയന്തിരമായി ഹാജരാക്കി തടസം ഒഴിവാക്കേണ്ടതാണ്.

## 1-29 മരുന്നുകൾ പൂർണ്ണമായി ലഭിച്ചിട്ടില്ല.

ആയുർവ്വേദ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങുന്നതിലേക്കായി 2 പദ്ധതികൾ വഴി ഔഷധിക്ക് തുകകൾ കൈമാറിയിട്ടുണ്ട്. എന്നാൽ കൈമാറിയ തുകക്കുള്ള മരുന്നുകൾ പൂർണമായും ലഭ്യമായിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

I)

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, ആയുർവ്വേദം |
| പദ്ധതി, നം | ആയുർവ്വേദ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ 37/21 |
| അടങ്കൽ തുക | 7,000,00 (മെയിന്റനസ് ഫണ്ട് |

| | |
|---|---|
| | -റോഡിതരം) |
| ചെലവ് തുക | 700000/- (ബിൽ നം. 6/20-21, 11-02-2021) |

പദ്ധതി പ്രകാരം മരുന്ന് വാങ്ങുന്നതിലേക്കായി ഔഷധിക്ക് 700000/-രൂപ കൈമാറിയിട്ടുണ്ട്. എന്നാൽ ഹാജരാക്കിയ രേഖകൾ പ്രകാരം 664723/- രൂപയുടെ മരുന്നുകൾ മാത്രമാണ് പ്രസ്തുത സ്ഥാപനം ലഭ്യമാക്കിയിട്ടുള്ളത്.

II)

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, ആയുർവ്വേദം |
| പദ്ധതി, നം | എൻ.എച്ച്.എം ആയുർവ്വേദ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ 38/21 |
| അടങ്കൽ തുക | 5,000,00/- (മെയിന്റനസ് ഫണ്ട് -റോഡിതരം) |
| ചെലവ് തുക | 5,000,00/- (ബിൽ നം. 7/20-21, 11-02-2021) |

പദ്ധതി പ്രകാരം മരുന്ന് വാങ്ങുന്നതിലേക്കായി ഔഷധിക്ക് 5,00,000/-രൂപ കൈമാറിയിട്ടുണ്ട്. എന്നാൽ ഹാജരാക്കിയ രേഖകൾ പ്രകാരം 1,76,514/-രൂപയുടെ മരുന്നുകൾ മാത്രമാണ് പ്രസ്തുത സ്ഥാപനം ലഭ്യമാക്കിയിട്ടുള്ളത്.

മരുന്നുകൾ ലഭ്യമാകുന്നതിലെ കാലതാമസത്തിന കാരണം അറിയിക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ:13/11-04-2022 ന് മറുപടി നൽകിയിട്ടില്ല. നിശ്ചിത സമയപരിധിക്കുള്ളിൽ മരുന്നുകൾ ലഭ്യമാക്കുന്നതിലേക്കായി സ്ഥാപനത്തോട് കരാറിൽ ഏർപ്പെടാത്തതിന് കാരണം വ്യക്തമാക്കിയിട്ടില്ല. ബാക്കിയുള്ള മരുന്ന് അടിയന്തിരമായി ലഭ്യമാക്കാൻ പ്രസ്തുത സ്ഥാപനത്തോട് ആവശ്യപ്പെടുകയും ആയത് സ്റ്റോക്കിലെടുത്ത് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്. അല്ലാത്തപക്ഷം തുക തിരികെ ഈടാക്കാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-30 പദ്ധതിയിനത്തിൽ വാങ്ങിയ കമ്പ്യൂട്ടർ, പ്രിന്റർ എന്നിവ ഗുണനിലവാരം ഉറപ്പാക്കി സ്റ്റോക്കിൽ എടുത്തിട്ടില്ല.

| | |
|---|---|
| നിർവഹണോദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, ആയുർവ്വേദം |
| പദ്ധതി,നം | ആയുർവ്വേദ ആശുപത്രിയിലേക്ക് കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ പദ്ധതി , 99/21 |
| അടങ്കൽ തുക | 70,000/- (മെയിന്റനസ് ഫണ്ട് -റോഡിതരം) |
| ചെലവ് തുക | 53950 (33762 ബിൽ നം. 1/ 20-21 17-08- 2020<br>20188 ബിൽ നം. 10/ 20-21 16-03- 2021) |

പ്രസ്തുത പദ്ധതിയുടെ നിർവ്വഹണത്തിൽ ചുവടെ പറയുന്ന അപാകങ്ങൾ കാണുന്നു.

1.ആയുർവ്വേദ ആശുപത്രിയിലേക്ക് കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ പദ്ധതി പ്രകാരം 33,762/- രൂപയുടെ ലാപ്ടോപ്, മൗസ്, ക്യാരി കേസ് എന്നിവയുടെ ടാക്സ് ഇൻവോയ്സ് ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്. എന്നാൽ സ്പെസിഫിക്കേഷൻ പ്രകാരമുള്ള ഉത്പന്നങ്ങൾ ഗുണനിലവാരം ഉറപ്പ് വരുത്തി സ്റ്റോക്കിൽ എടുത്തതായി നിർവഹണോദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

2. 20,188/- രൂപ പ്രിന്റർ വാങ്ങുന്നതിലേക്കായി കൈമാറിയിട്ടുണ്ട്. ടി പ്രിന്റർ കൈപ്പറ്റിയതുമായി ബന്ധപ്പെട്ട് യാതൊരു രേഖയും ഫയലിൽ സൂക്ഷിച്ചിട്ടില്ല. ആയതിനാൽ പ്രിന്റർ ലഭിച്ചിട്ടുണ്ടോ ഇല്ലയോ എന്നത് ഉറപ്പ് വരുത്താൻ സാധിച്ചിട്ടില്ല.

3. ലാപ്ടോപ്, പ്രിന്റർ, അനുബന്ധ ഉപകരണങ്ങൾ എന്നിവ സ്റ്റോക്കിൽ എടുത്തതായി രേഖപ്പെടുത്തിയിട്ടുള്ള സ്റ്റോക്ക് രജിസ്റ്റർ പരിശോധനയ്ക്കായി ഹാജരാക്കിയിട്ടില്ല.

പ്രസ്തുത വിവരങ്ങൾ പരാമർശിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.13/11-04-2022-നു മറുപടി നൽകിയിട്ടില്ല കേരള

ഫിനാൻഷ്യൽ കോഡ്, ആർട്ടിക്കിൾ 147 പ്രകാരം സ്റ്റോറുകൾ കൈപ്പറ്റുവാൻ ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥൻ ആയവ പരിശോധിച്ച് സ്റ്റോക്കിൽ എടുക്കേണ്ടതാണ്. പുതിയതല്ലാത്തതോ സ്പെസിഫിക്കേഷൻ പ്രകാരമല്ലാത്തതോ കേടുപാടുകൾ സംഭവിച്ചതോ ആയ സാമഗ്രികൾ സ്വീകരിക്കേണ്ടതില്ല. സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ പ്രസ്തുത നിർദ്ദേശം പാലിക്കപ്പെട്ടിട്ടുണ്ടോ എന്ന കാര്യം വ്യക്തമല്ല. ആർട്ടിക്കിൾ 149 (1) പ്രകാരം ഓഫീസ് തലവനോ ചുമതലപ്പെട്ട മറ്റേതെങ്കിലും ഉദ്യോഗസ്ഥനോ സ്റ്റോക്ക് അക്കൗണ്ട് കൃത്യമാക്കി സൂക്ഷിക്കേണ്ടതാണ്. സ്റ്റോഴ്സ് പർച്ചേസിനായുള്ള കെ.എഫ്.സി-യിലെ ചട്ടങ്ങൾ കൃത്യമായി പാലിച്ചിട്ടില്ല. ടി പർച്ചേസ് സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്ത് സ്ഥാപന മേധാവിയുടെ സാക്ഷ്യപ്പെടുത്തലോടു കൂടെ സൂക്ഷിക്കാൻ വേണ്ട നടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്.

പ്രിന്റർ ലഭ്യമായിട്ടുണ്ടോ എന്ന കാര്യത്തിൽ വ്യക്തത വരുത്തേണ്ടതാണ്. ലഭ്യമായിട്ടില്ലാത്തപക്ഷം ആയത് അടിയന്തിരമായി ലഭ്യമാക്കാൻ ആവശ്യപ്പെടുകയും തുടർ നടപടികൾ സ്വീകരിക്കുകയും ചെയ്യേണ്ടതാണ് .

## 1-31 അപരാജിത ചൂർണം വാങ്ങൽ ; പദ്ധതി ലക്ഷ്യം കൈവരിച്ചിട്ടില്ല. 50000/- രൂപ തടസ്സംചെയ്യുന്നു.

| | |
|---|---|
| നിർവഹണോദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, ആയുർവ്വേദം |
| പദ്ധതി,നം | പകർച്ച വ്യാധി നിയന്ത്രണം- അപരാജിത ചൂർണം വാങ്ങൽ , SO 50/ 21 |
| അടങ്കൽ തുക | 50,000/- (തനത് ഫണ്ട്) |
| ചെലവ് തുക | 50000/- |
| ഭരണാനുമതി നമ്പർ | 1(1)/17-03-2020 |

പഞ്ചായത്തിലെ എല്ലാ വാർഡുകളിലും വാർഡ് മെമ്പർമാരുടെയും ആശാ പ്രവർത്തകരുടെയും സഹായത്തോടെ അപരാജിത ചൂർണം ലഭ്യമാക്കുന്നതിലേക്കായി തനത് ഫണ്ടിൽ നിന്നും മെഡിക്കൽ ഓഫീസറുടെ പേർക്ക് കല്ലിയൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി 50000/- രൂപയുടെ ചെക്ക് 04-03-2021-ന് നൽകിയിട്ടുണ്ട്. ( 0698780/ 04-03-2021 നം ചെക്ക് ). അപരാജിത ചൂർണം ലഭ്യമാക്കുന്നതിലേക്കായി മെഡിക്കൽ ഓഫീസർ 08 -07-2021 ന് 50000/- രൂപയുടെ ചെക്ക് മാനേജിങ് ഡയറക്ടർ, ഔഷധിയുടെ പേർക്ക് നൽകിയിട്ടുണ്ട് . (നം. 1051495/ 08 -07-2021 ). പ്രസ്തുത ചെക്ക് നാളിതുവരെ മാറിയിട്ടില്ല എന്ന സബ് ട്രെഷറി ഓഫീസറുടെ (വിഴിഞ്ഞം ) 13-08-2021 ലെ സാക്ഷ്യപത്രം ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ 16-08-2021-ന 50000/- രൂപയുടെ മറ്റൊരു ചെക്ക് (ചെക്ക് നം 1051497) മാനേജിങ് ഡയറക്ടർ, ഔഷധി എന്ന പേർക്ക് വീണ്ടും നൽകിയിട്ടുണ്ട്. പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് ചുവടെ പറയുന്ന കാര്യങ്ങൾക്ക് വ്യക്തമായ വിശദീകരണം നൽകിയിട്ടില്ല.

1. 2020- 21 സാമ്പത്തിക വർഷം നടപ്പിലാക്കേണ്ടിയിരുന്ന പദ്ധതിയ്ക്ക് 04-03-2021-ന സെക്രട്ടറിയുടെ പക്കൽ നിന്നും ചെക്ക് ലഭ്യമായിട്ടും 4 മാസത്തിന ശേഷം 08 -07-2021 നാണ് ഔഷധിക്ക് ചെക്ക് നൽകിയിട്ടുള്ളത്.
2. ഔഷധിയുടെ പേർക്ക് നൽകിയിട്ടുള്ള 1051495/ 08 -07-2021-ാം നമ്പർ ചെക്ക് നാളിതുവരെ മാറിയിട്ടില്ല എന്ന സബ് ട്രെഷറി ഓഫീസറുടെ (വിഴിഞ്ഞം ) 13-08-2021-ലെ സാക്ഷ്യപത്രം സൂക്ഷിച്ചിട്ടുണ്ട്. ഔഷധിക്ക് നൽകിയിട്ടുള്ള ഒറിജിനൽ ചെക്ക് പരിശോധനയ്ക്കായി ഹാജരാക്കിയിട്ടില്ല. തുക കൈപ്പറ്റാത്തതിന് സ്ഥാപനത്തിന്റെ ഭാഗത്തുനിന്നുള്ള വിശദീകരണം സംബന്ധിച്ച രേഖകളും സൂക്ഷിച്ചിട്ടില്ല.
3. ആവശ്യപ്പെട്ട പ്രകാരമുള്ള അപരാജിത ചൂർണം ലഭ്യമായതിന്റെയും സ്റ്റോക്കിൽ എടുത്തതിന്റെയും ആയത് വാർഡുകളിൽ വിതരണം ചെയ്തതിന്റെയും രേഖകൾ ഹാജരാക്കിയിട്ടില്ല.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 13/11-04-2022 ന മറുപടി ലഭ്യമാക്കിയിട്ടില്ല. പ്രസ്തുത രേഖകളുടെ അഭാവത്തിൽ പദ്ധതി ലക്ഷ്യം കൈവരിച്ചിട്ടില്ല എന്നു ഓഡിറ്റിന് ബോധ്യപ്പെട്ടിട്ടുണ്ട്. ആയതിനാൽ പദ്ധതി ഇനത്തിൽ ചെലവഴിച്ച 50000/- രൂപ തടസ്സംചെയ്യുന്നു. പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കി രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്. പദ്ധതികൾ നടപ്പിലാക്കുന്നതിലെ കാലതാമസം ഒഴിവാക്കാനും പൂർണമായ രേഖകൾ ഫയലിൽ സൂക്ഷിക്കാനും ഇനിമേൽ ശ്രദ്ധിക്കേണ്ടതാണ് .

## 1-32 വനിതകൾക്ക് യോഗാ പരിശീലനം; രേഖകൾ ഹാജരാക്കിയില്ല. 27325/- രൂപ തടസ്സംചെയ്യുന്നു.

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, ആയുർവ്വേദം |
| പദ്ധതി,നം | വനിതകൾക്ക് യോഗാ പരിശീലനം (229/ 21 സ്പിൽ ഓവർ) പദ്ധതി |
| അടങ്കൽ തുക | 34450 (വികസന ഫണ്ട് പൊതു വിഭാഗം -സാധാരണ വിഹിതം ) |
| ചെലവ് തുക | 27325 (17325- ബിൽ നം 2/20-21, 10-11-2020<br>10000-ബിൽ നം . 9/20-21, 16-03-2021) |

വനിതകൾക്ക് യോഗാ പരിശീലനം പദ്ധതി സംബന്ധിച്ച രേഖകൾ പരിശോധിച്ചതിൽ ചുവടെ ചേർത്തിരിക്കുന്ന അപാകങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് .

1. പ്രസ്തുത പദ്ധതി വഴി വനിതകൾക്ക് യോഗ പരിശീലനം നൽകുന്നതിനായി 17325/- രൂപ ചെലവഴിച്ച് 50 യോഗ മാറ്റുകൾ കേരള സ്റ്റേറ്റ് ഹാൻഡ്‌ലൂം ഡെവലപ്മെന്റ് കോർപറേഷനിൽ നിന്നും വാങ്ങിയിട്ടുണ്ട് (ഇൻവോയ്സ് നം.55062/ 06-02-2020). പ്രസ്തുത മാറ്റുകൾ സ്റ്റോക്കിലെടുത്തതായി കാണിച്ചുള്ള സ്റ്റോക്ക് രജിസ്റ്റർ ലഭ്യമാക്കിയിട്ടില്ല.

2. നിലവിൽ 50 യോഗ മാറ്റുകൾ എവിടെയാണ് സൂക്ഷിച്ചിരിക്കുന്നതെന്ന വിവരം ലഭ്യമാക്കണമെന്ന് ഓഡിറ്റ് എൻക്വയറി നം 13/11-04-2022 വഴി ആവശ്യപ്പെട്ടിരുന്നെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല .

3. 2-03-2020 മുതൽ 25 ദിവസത്തേക്ക് യോഗ ക്ലാസ് എടുത്ത വകയ്ക്ക് 10000/- രൂപ രേഷ്മ പത്മൻ എ. ആർ എന്ന വ്യക്തി 10-03-2021-ന ഒപ്പിട്ടു കൈപ്പറ്റിയിട്ടുണ്ട്. പ്രസ്തുത ദിവസങ്ങളിൽ യോഗ പരിശീലനം നടത്തിയതുമായി ബന്ധപ്പെട്ട മുഴുവൻ രേഖകളും പരിശോധനയ്ക്കായി ഹാജരാക്കാൻ ഓഡിറ്റ് എൻക്വയറി നം. 13/11-04-2022 വഴി ആവശ്യപ്പെട്ടിരുന്നെങ്കിലും രേഖകൾ ലഭ്യമാക്കിയിട്ടില്ല.
ചെലവ് സംബന്ധിച്ച രേഖകളുടെ അഭാവത്തിൽ പദ്ധതിയിനത്തിൽ ചെലവഴിച്ച 27,325/- രൂപ തടസ്സംചെയ്യുന്നു. രേഖകൾ അടിയന്തിരമായി ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-33 ടെണ്ടർകുറവ് കുറക്കാതെ കരാറുകാരന് മുഴുവൻ തുകയും നൽകി- 54105/- രൂപ തിരിച്ചടയ്ക്കേണ്ടതാണ്.

പ്രോജക്ട് നം. - 245/21 (മഞ്ചാടിത്തലയ്ക്കൽ ഏലാ സൈഡ് വാൾ നിർമ്മാണം )

അടങ്കൽ - 267471/-

ചെലവ് - 267103/- (ബിൽ നം.61/27.8.20)

Cost Index - 44.12%

നിർവ്വഹണം - അസി.എൻജിനീയർ

എം-ബുക്ക് നം. - 22/20-21

പ്രവൃത്തിക്കായി ആദ്യം ടെണ്ടർ ക്ഷണിച്ചതിൽ കുറഞ്ഞനിരക്ക് (21.1% Below) ക്വാട്ട് ചെയ്ത ശ്രീ.അനിൽകുമാർ.എസ്- ന് കരാർ ഉറപ്പിച്ച് സെലക്ഷൻ നോട്ടീസ് നൽകുകയും ടിയാൻ 12/7/2018-ന് കരാറിലേർപ്പെടുകയുമുണ്ടായി. തുടർന്ന് പ്രവൃത്തി നിർവ്വഹണം ആരംഭിക്കാത്തതിനാൽ രണ്ടാമത് കുറഞ്ഞനിരക്ക് ക്വാട്ട് ചെയ്ത(16.4% Below) ശ്രീ.രതീഷ് കുമാർ എന്ന കരാറുകാരന് ആദ്യ കരാറുകാരൻ ക്വാട്ട് ചെയ്ത നിരക്കിൽ പ്രവൃത്തി നിർവ്വഹണം നടത്താൻ അറിയിപ്പ് നൽകാൻ ഭരണസമിതി തീരുമാനിക്കുകയും (19.12.2019 ലെ (10) നം.തീരുമാനം) ഇത് പ്രകാരം നിർവ്വഹണോദ്യോഗസ്ഥൻ 01.02.2020-ന് കത്ത് നൽകയും ടിയാൻ പ്രവൃത്തി നിർവ്വഹണം നടത്തുകയും ചെയ്തിട്ടുണ്ട്. എന്നാൽ ടിയാനിൽ നിന്ന് 21.1% ടെണ്ടർകുറവ് പിടിക്കാതെ മുഴുവൻ തുകയും നൽകിയിട്ടുണ്ട്. വിശദാംശം ചുവടെ

| നൽകിയ തുക | നൽകേണ്ടിയിരുന്ന തുക |
|---|---|
| ആകെ പ്രവൃത്തി മൂല്യം - 267103/- | ആകെ പ്രവൃത്തി മൂല്യം - 267103/- |

| | |
|---|---|
| (-) KBOCWW+ IT+GST – 10684/-<br>കരാറുകാരന് നൽകിയ തുക –<br>256419 /- | (-) ടെണ്ടർകുറവ് - 56359/-<br>210744<br>(-) KBOCWW+ IT+GST – 8430/-<br>കരാറുകാരന് നല്കേണ്ട തുക –<br>202314 /- |
| അധികം നൽകിയ തുക = 256419- 202314= 54105/- രൂപ | |

339000/- രൂപ ഭരണാനുമതി ലഭിച്ച പ്രവൃത്തി കരാറെടുത്ത ശ്രീ.അനിൽകുമാർ ചെയ്യാത്തതിനാൽ പഞ്ചായത്ത് കമ്മിറ്റി തീരുമാനപ്രകാരം സെക്കന്റ് ലോവസ്റ്റ് ക്വാട്ട് ചെയ്ത ശ്രീ.രതീഷ് കുമാറിന് ടെണ്ടർ നൽകുകയും, സൈറ്റ് കണ്ടീഷൻ അനുസരിച്ച് ആദ്യ കരാറുകാരൻ ക്വാട്ട് ചെയ്ത 21.1% Below തുകയായ 2,67,471/- രൂപയ്ക്കാണ് എസ്റ്റിമേറ്റ് റിവൈസ് ചെയ്തിട്ടുള്ളതെന്നും, കറാറുകാരന് ടെണ്ടർ കുറവില്ലുള്ള തുക മാത്രമാണ് നൽകിയതെന്നും, വീണ്ടും പ്രവൃത്തിമൂല്യത്തിൽ നിന്നും തുക കുറവ് ചെയ്യേണ്ടതില്ലെന്നമാണ് മറുപടി ലഭ്യമാക്കിയിട്ടുള്ളത്.

ഈ മറുപടി അംഗീകരിക്കാവുന്നതല്ല. നിരക്കിൽ യാതൊരു മാറ്റവും വരുത്താതെയാണ് എസ്റ്റിമേറ്റ് റിവൈസ് ചെയ്തിട്ടുള്ളത്. റിവൈസ്ഡ് എസ്റ്റിമേറ്റ് പ്രകാരം നിരക്കിൽ കുറവ് വരുത്തിയിരിക്കുന്നത് ഒഴിവാക്കിയ ഇനങ്ങൾക്കാണ്. വിശദാംശം ചുവടെ ചേർക്കുന്നു.

| ഇനം | എസ്റ്റിമേറ്റ് പ്രകാരം | | റിവൈസ്ഡ് എസ്റ്റിമേറ്റ് പ്രകാരം | | റിമാർക്സ് |
|---|---|---|---|---|---|
| | അളവ് | നിരക്ക് | അളവ് | നിരക്ക് | |
| 11.1.1.1 Excavation For Structures--- | 12.1. Cum | 536.09/cum | 28.87 Cum | 536.09/cum | |
| Od4953/2018-19 Providing Concrete For Plain/ Concrete In Open.... | 3.63 Cum | 6566.47/cum | 0 Cum | 6284.44/cum | റിവൈസ്ഡ് എസ്റ്റിമേറ്റിൽ ഒഴിവാക്കി |
| 11.4.1.1 Providig Concrete For ...... | 37.27 Cum | 7669.53/cum | 0 Cum | 7340.12/cum | റിവൈസ്ഡ് എസ്റ്റിമേറ്റിൽ ഒഴിവാക്കി |
| 11.8 Supplying, Fitting.... | .224 Tonne | 74666.84/tonne | 0 Tonne | 71459.88/tonne | റിവൈസ്ഡ് എസ്റ്റിമേറ്റിൽ ഒഴിവാക്കി |
| Od56805/2018-19 Construction Of Embarkment..... | 14.676 Cum | 402.3/cum | 3.6 Cum | 402.3/cum | |
| Extra Item | | | | | |
| Od552991/2019-20 Dry Rubble Masonry | | | 49.93 Cum | 3791.54/cum | |

| | | | | | |
|---|---|---|---|---|---|
| Randum Rubble Stone Masonry | | | | | |
| Od552992/2019-20<br>Randum Rubble Masonry Stone Masonry In Cement...... | | | 10.06 Cum | 6064.7/cum | |

കരാറുകാരന് ടെണ്ടർകുറവ് ഈടാക്കാതെ മുഴുവൻ തുകയും നൽകിയ നടപടി അംഗീകരിക്കാവുന്നതല്ല. ആയതിനാൽ അധികം നൽകിയ 54105/- രൂപ കരാറുകാരനിൽ നിന്നും തിരികെ ഈടാക്കാത്തപക്ഷം നിർവ്വഹണോദ്യോഗസ്ഥന്റെ ബാധ്യതയാകുന്നതാണ്.

## 1-34 ഇലക്ട്രിക്കൽ വർക്ക് ഉൾപ്പെടുന്ന പ്രവൃത്തികൾ- നിർവ്വഹണത്തിലെ അപാകതകൾ.

(A) പ്രോജക്ട് നം. - 199/21

അടങ്കൽ - 450000/- രൂപ

ചെലവ് -(ബിൽ നം.49/17.8.20- 427923, 1/21.4.20- 19090/-, 447013/- രൂപ

ചെക്ക് നം. 2204422/23.3.20- 3,00,000/- ) (2019-20-ലെ ചെലവ്)

കൺവീനർ - ശ്രീമതി ചിത്ര.കെ

സാങ്കേതികമികവ് ആവശ്യമായ ഇലക്ട്രിക്കൽ പ്രവൃത്തികൾ ഗുണഭോക്തൃസമിതി മുഖാന്തിരം നടപ്പാക്കാതെ ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് ലൈസൻസ് ഉള്ള ഇലക്ട്രിക്കൽ കോൺട്രാക്ടർ മുഖേന നടപ്പാക്കേണ്ടതാണെന്ന് 13.11.2014-ലെ 1/1559 /2010/സി.ഇ/ത.സ്വ.ഭ.വ നം. സർക്കുലറിൽ നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ 149536/- രൂപയുടെ ഇലക്ട്രിക്കൽ വർക്ക് ഉൾപ്പെടെയുള്ള പ്രവൃത്തി ഗുണഭോക്തൃസമിതി വഴിയാണ് നടപ്പാക്കിയിട്ടുള്ളത്. കൂടാതെ ഇലക്ട്രിക്ക് വർക്കിന്റെ സൂപ്പർവിഷൻ ചാർജ് (4314/-), ചെക്ക് മെഷറിംഗ് ചാർജ്(1438/-) എന്നിവ അതാത് ഉദ്യോഗസ്ഥർക്ക് നൽകാതെ കൺവീനറുടെ അക്കൗണ്ടിലേക്കാണ് നൽകിയിരിക്കുന്നത്.

കൺവീനർക്ക് നൽകിയ തുകയിൽ നിന്നും അതാത് ഉദ്യോഗസ്ഥർക്ക് സൂപ്പർവിഷൻ ചാർജ്, ചെക്ക് മെഷറിംഗ് ചാർജ് എന്നിവ നൽകിയിട്ടുണ്ടെന്നും, പ്രസ്തുത ഉദ്യോഗസ്ഥരുടെ കൈപ്പറ്റ് രസീത് പരിശോധനയ്ക്ക് ലഭ്യമാക്കാമെന്നുമാണ് വിശദീകരണം നൽകിയത്(ഓഡിറ്റ് എൻക്വയറി നം. 19). എന്നാൽ ഇലക്ട്രിക്കൽ വർക്ക് ഗുണഭോക്തൃസമിതി മുഖാന്തിരം നടപ്പാക്കിയതിന് വിശദീകരണം നൽകിയിട്ടില്ല. രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതും, അപാകതയ്ക്ക് വിശദീകരണം നൽകേണ്ടതുമാണ്.

(B) പ്രോജക്ട് നം. - 247/21

അടങ്കൽ - 400000/-

ചെലവ് - 397720/- (ബിൽ നം.51/17.8.2020)

കരാറുകാരൻ - ശ്രീ.അജി ജെ.മാത്യൂസ്

120000/- രൂപയുടെ ഇലക്ട്രിക്ക് പ്രവൃത്തി ഉൾപ്പെടുന്ന പ്രോജക്ട് നടപ്പാക്കിയ കരാറുകാരന് ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് ലൈസൻസ് ഉണ്ടോയെന്നത് സംബന്ധിച്ച രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല. ഇലക്ട്രിക്ക് വർക്കിന്റെ സൂപ്പർവിഷൻ ചാർജ്(3461/-), ചെക്ക് മെഷറിംഗ് ചാർജ് (1153/-) എന്നിവ അതാത് ഉദ്യോഗസ്ഥർക്ക് നൽകാതെ കരാറുകാരന്റെ അക്കൗണ്ടിലേക്കാണ് നൽകിയിരിക്കുന്നത്.

പ്രവൃത്തി ഇലക്ട്രിക്ക് ഇൻസ്പെക്ടറേറ്റ് ലൈസൻസ് ഉള്ള കരാറുകാരനെക്കൊണ്ടുതന്നെയാണ് ചെയ്യിപ്പിച്ചതെന്നും, ലൈസൻസിന്റെ പകർപ്പ് പരിശോധനയ്ക്ക് ലഭ്യമാക്കാമെന്നും, സൂപ്പർവിഷൻ ചാർജ്, ചെക്ക് മെഷറിംഗ് ചാർജ് എന്നിവ കൈപ്പറ്റിയ ഉദ്യോഗസ്ഥരുടെ കൈപ്പറ്റ് രസീത് പരിശോധനയ്ക്ക് ലഭ്യമാക്കാമെന്നും മറുപടി നൽകി. രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-35 ഗുണഭോക്തൃ സമിതി മുഖേന നടപ്പാക്കിയ പ്രോജക്ടുകൾ- അപാകതകൾ.

(A) വർക്ക് ബില്ലിൽ നിന്നും വാറ്റ് ഇനത്തിൽ കുറവ് ചെയ്യേണ്ട തുക കുറവ് വരുത്തിയില്ല.

1. സർക്കാർ ഉത്തരവ് (പി)നം30/2016ധന. തീയതി 29/02/2016 പ്രകാരം ഗുണഭോക്തൃസമിതി നിർവഹിക്കുന്ന മരാമത്ത് പ്രവൃത്തികളുടെ എസ്റ്റിമേറ്റുകൾ തയ്യാറാക്കുമ്പോൾ 7.5% ഓവർഹെഡ് ചാർജ് അനുവദിക്കാമെന്നും എന്നാൽ

വർക്ക്ബില്ലുകളിൽ നിന്നും ഈടാക്കുന്ന അനുവദനീയമായ നികുതികൾ ഗുണഭോക്തൃസമിതി തന്നെ വഹിക്കണമെന്നും വ്യക്തമാക്കുന്നുണ്ട്. 01.01.2017 മുതൽ VAT നിലവിലില്ലാത്ത സാഹചര്യത്തിലും കൺവീനർമാർ ജി.എസ്.റ്റി. ഒടുക്കു വരുത്താത്ത സാഹചര്യത്തിലും 5% തുക കുറവ് ചെയ്ത് ബില്ല് നൽകിയാൽ മതിയാവുന്നതാണെന്ന് ഡിബി 9058/17സി.ഇ/ത.സ്വ.ഭ.വ.തീയതി 16.03.2018 പ്രകാരം നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിൽ അസി. എൻജിനീയർ നിർവ്വഹണോദ്യോഗസ്ഥനായ ഗുണഭോക്തൃസമിതി മുഖേന നിർവഹിച്ച പ്രവൃത്തികളിൽ ആകെ പ്രവൃത്തി മൂല്യത്തിൽ നിന്നും 5% തുക കുറവ് ചെയ്തിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ട് നം | കൺവീനർ | എം.ബുക്ക് നമ്പർ | അടങ്കൽ | ചെലവ്, ബിൽ നം | ആകെ പ്രവൃത്തി മൂല്യം | കൺവീനർക്ക് നൽകേണ്ട തുകയിൽ നിന്നും കുറവ് ചെയ്യേണ്ടിയിരുന്ന തുക (ആകെ പ്രവൃത്തിമൂല്യത്തിന്റെ 5% ) |
|---|---|---|---|---|---|---|---|
| 1 | 119/21 | ശ്രീ.അരുൺ | 27/20-21 | 50000/- | 49919/- (Try. Cheque No. 2178402/28.10.20) | 49919/- | 2496 |
| 2 | 199/20 | ശ്രീമതി ചിത്ര.കെ | 614/19-20. 719/19-20, 459/19-20 | 750000/- | 747923/- [2020-21 ലെ ചെലവ് 447013/- (ബിൽ നം.49/17.8.20-427923, 1/21.4.20-19090/-) [2019-20 ൽ ചെക്ക് നം. 2204422/23.3.20 പ്രകാരം 3,00,000/- ചെലവഴിച്ചു] | 747013/- | 37351 |
| 3 | 231/21 | ശ്രീമതി കൃഷ്ണപ്രിയ.ആർ.കെ | 718/19-20 | 256000/- | 255910/- (35/19.6.20, 36/19.6.20) | 255910/- | 12796 |
| 4 | 243/21 | ശ്രീ.ഗോപകുമാർ | 351/19-20 | 100000/- | 99945/- (64/22.9.20) | 99945/- | 4997 |

| | | | | | | | |
|---|---|---|---|---|---|---|---|
| 5 | 250/21 | ശ്രീമതി രജനി | 760/19-20 | 50000/- | 27323/- (69/14.10.20) | 27323/- | 1366 |
| 6 | 252/21 | ശ്രീ.ഗോപകുമാർ | 242/20-21 | 50000/- | 37220/- (125/24.2.21) | 37220/- | 1861 |

2020-21 വർഷത്തിൽ ഗുണഭോക്തൃസമിതി മുഖേന നടപ്പാക്കിയ പ്രവൃത്തികളുടെ എസ്റ്റിമേറ്റിന് Updation വരുത്തി Beneficiary Rate-നാണ് ഡാറ്റാ ഉൾപ്പെടുത്തിയിട്ടുള്ളതെന്നും, Overhead Charge എന്നത് നികുതിയിനത്തിൽ മാത്രമല്ല Unexpected ചെലവുകൾക്കുകൂടി ഉൾപ്പെടുള്ള തുകയാണെന്നും ആയതിനാലാണ് 5% കുറവ് വരുത്താത്തതെന്നുമാണ് വിശദീകരണം നൽകിയത് (ഓഡിറ്റ് എൻക്വയറി നം. 18). മറുപടി അംഗീകരിക്കാവുന്നതല്ല. 7.5% ഓവർഹെഡ് ചാർജ് കൂടി ഉൾപ്പെട്ട റേറ്റാണ് നൽകിയിട്ടുള്ളത്. ആയതിനാൽ അധികം നൽകിയ തുക കൺവീനറിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്.

(B) ചെലവ് രേഖകൾ ഫയലിൽ കൃത്യമായി സൂക്ഷിച്ചിട്ടില്ല.

13.11.2014 ലെ 1/1559/2010/സി.ഇ/ത.സ്വ.ഭ.വ നം. സർക്കുലറിൽ മരാമത്ത് പ്രവൃത്തികൾ ഗുണഭോക്തൃസമിതി മുഖേന നിർവഹിക്കുമ്പോൾ ഗുണഭോക്തൃസമിതിക്ക് പണം നൽകുന്നത് അവർക്കുള്ള യഥാർത്ഥ ചെലവോ കരാർ പ്രകാരമുള്ള ബിൽ തുകയോ ഇതിൽ ഏതാണോ കുറവ് അതായിരിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ഗുണഭോക്തൃസമിതി മുഖേന നടപ്പാക്കിയ പ്രവൃത്തി ഫയലുകളിൽ തൊഴിലാളികളുടെ മസ്റ്റർറോൾ, വാങ്ങുന്ന സാധനങ്ങളുടെ ബില്ല്, വാടക, തൊഴിലാളികളുടെ വേതനം എന്നിവ സംബന്ധിച്ച രേഖകൾ സൂക്ഷിച്ചിട്ടില്ല. ഓഡിറ്റ് എൻക്വയറി നൽകിയതിനെ തുടർന്ന് മറുപടിയോടൊപ്പം ചെലവ് രേഖകൾ അവസാന ദിവസം ലഭ്യമാക്കിയെങ്കിലും ആയതിന്റെ കൃത്യത സമയപരിമിതിമൂലം പരിശോധിക്കാൻ സാധിച്ചിട്ടില്ല. പ്രസ്തുത രേഖകൾ പരിശോധനയക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-36 തെരുവുവിളക്ക് സ്ഥാപിക്കൽ - സ്ഥാപനവുമായുള്ള കരാറിന് വിരുദ്ധമായി പ്രവൃത്തി നടത്തി

പ്രോജക്ട് : 56/21 തെരുവുവിളക്ക് LED സ്ഥാപിക്കൽ

നിർവ്വഹണോദ്യോഗസ്ഥൻ : സെക്രട്ടറി

പദ്ധതി അടങ്കൽ : 400000/-രൂ

ചെലവ് : ബിൽ നം 397/6.1.21 - 56022/- രൂ

ചെക്ക് നം 101257/4.11.20 - 9495/- രൂ

101258/4.11.20 - 9362/- രൂ

101263/10.11.20 - 322922/- രൂ

ആകെ ചെലവ് – 397801/- രൂ.

പ്രസ്തുത പദ്ധതി നിർവ്വഹണത്തിന് ചുമതലപ്പെടുത്തിയത് ARTCO എന്ന സ്ഥാപനത്തെയാണ്. സപ്ലൈ ചെയ്യുന്ന ഉപകരണങ്ങൾ ഇൻസ്റ്റാൾ ചെയ്യുന്നത് സ്ഥാപനത്തിന്റെ ചുമതലയായിരിക്കും എന്ന് കരാറിൽ സൂചിപ്പിച്ചിട്ടുണ്ട്. പഞ്ചായത്ത് ചൂണ്ടിക്കാണിക്കുന്ന ഇടങ്ങളിൽ വിളക്കുകൾ സ്ഥാപിച്ച നൽകേണ്ടതാണെന്ന വ്യവസ്ഥ സ്ഥാപനം അംഗീകരിച്ചിട്ടുണ്ട്.

എന്നാൽ 130 വിളക്കുകൾ സ്ഥാപിച്ചതിന് ഫിറ്റിംഗ് ചാർജ്ജ്, സൂപ്പർവിഷൻ ചാർജ്ജ് എന്നിവയുൾപ്പടെ 308361/-രൂപ KSEB-യ്ക്കാണ് നൽകിയിട്ടുള്ളത്. KSEB-യുടെ വിവിധ സെക്ഷനുകൾ ലഭ്യമാക്കിയിട്ടുള്ള എസ്റ്റിമേറ്റ് പ്രകാരം ഒരു വിളക്കിനുള്ള സൂപ്പർവിഷൻ ചാർജ്ജ് 24.871/- രൂ മാത്രമാണ്. KSEB മുഖേന ഇൻസ്റ്റലേഷൻ നടത്തുന്നതിനായാണ് പദ്ധതി രൂപീകരിച്ചതെന്നാണ് ഓഡിറ്റ് എൻക്വയറിക്ക് (നം. 10) നൽകിയിട്ടുള്ള മറുപടി. കരാർ വ്യവസ്ഥയ്ക്ക് വിരുദ്ധമായി പദ്ധതി നടത്തിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-37 കട്ടിൽ വിതരണം- തുക അധികം നൽകി - 998/- രൂപ അധികച്ചെലവ്

പ്രോജക്ട് നം. - 198/21 (എസ്.സി. വിഭാഗം വൃദ്ധർക്ക് കട്ടിൽ വിതരണം)

അടങ്കൽ - 313200/- (വി.ഫ(എസ്.സി.പി))

ചെലവ് - 118798/- (ബിൽ നം.1/20.4.2020)

നിർവ്വഹണം - അസി.സെക്രട്ടറി

പ്രോജക്ട് പ്രകാരം കട്ടിൽ വാങ്ങുന്നതിനായി ടെണ്ടർ ക്ഷണിച്ചതിൽ കുറഞ്ഞനിരക്ക് രേഖപ്പെടുത്തിയ ഗ്രേസ്

ഇൻഡസ്ട്രീസിനെ ഗുണമേന്മയില്ലായെന്ന കാരണത്താൽ ഒഴിവാക്കി വിഷ്ണു സ്റ്റീൽ ഇൻഡസ്ട്രീസ് എന്ന സ്ഥാപനത്തെ കട്ടിൽ വിതരണത്തിന് തെരഞ്ഞെടുക്കുകയും സ്ഥാപനവുമായി നെഗോസിയേഷൻ നടത്തിയതിൽ ഒരു കട്ടിലിന്റെ വില എല്ലാ നികുതിയും ട്രാൻസ്പോർട്ടേഷൻ ചാർജ്ജുമുൾപ്പെടെ 2945/- രൂപയായി ഉറപ്പിക്കുകയും 40 കട്ടിൽ വിതരണം ചെയ്യാൻ ഓർഡർ നൽകുകയുമുണ്ടായി.

1. ഇപ്രകാരം കണക്കാക്കുമ്പോൾ 40 കട്ടിലിന്റെ വിലയായി സ്ഥാപനത്തിന് നൽകേണ്ട തുക - 117800/- രൂപയാണ്(2945 X 40). എന്നാൽ 118798/- രൂപ നൽകിയിരിക്കുന്നു (998/- രൂപ അധികം നൽകിയിരിക്കുന്നു).

2. ലഭ്യമാക്കിയ ടെണ്ടർ ഫോറം പ്രകാരം 198X90 Cm സ്പെസിഫിക്കേഷനുള്ള കട്ടിലിനാണ് തുക ക്വാട്ട് ചെയ്തിട്ടുള്ളത്. എന്നാൽ ലഭ്യമാക്കിയ ഫൈനൽ ബില്ലിൽ വിതരണം ചെയ്ത കട്ടിലിന്റെ സ്പെസിഫിക്കേഷൻ 198X60 Cm എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

198X90 Cm സ്പെസിഫിക്കേഷനുള്ള കട്ടിൽ തന്നെയാണ് വിതരണം ചെയ്തിട്ടുള്ളതെന്നും, അധികം നൽകിയ 998/- രൂപ സർക്കാർ പുതുതായി ഏർപ്പെടുത്തിയ Cess ആണെന്നുമാണ് മറുപടി ലഭ്യമാക്കിയിട്ടുള്ളത്(ഓഡിറ്റ് എൻക്വയറി നം.4). എന്നാൽ ബില്ലിൽ സെസ്സ് സംബന്ധിച്ച വിവരം ഉൾപ്പെടുത്തിയിട്ടില്ല. ആയതിനാൽ മറുപടി അംഗീകരിക്കാവുന്നതല്ല. അധികം നൽകിയ തുക തിരികെ ഈടാക്കേണ്ടതും, കരാർ പ്രകാരമുള്ള സ്പെസിഫിക്കേഷനിലുള്ള ഇനം തന്നെയാണ് സ്ഥാപനം വിതരണം ചെയ്തതെന്ന് ഉറപ്പാക്കേണ്ടതുമാണ്.

## 1-38 സ്റ്റോക്ക് രജിസ്റ്റർ വിതരണ രജിസ്റ്റർ എന്നിവയിൽ കൃത്യമായ രേഖപ്പെടുത്തൽ നടത്തി സൂക്ഷിക്കുന്നില്ല.

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | ICDS സൂപ്പർവൈസർ |
| പദ്ധതി,നം | അങ്കണവാടികളിൽ ഫർണിച്ചർ വാങ്ങൽ (SO 84/ 21) |
| അടങ്കൽ തുക | 486190 (75000- വികസന ഫണ്ട്-പൊതു വിഭാഗം സാധാരണ വിഹിതം)<br>4,11,190/- മെയിന്റനൻസ് ഫണ്ട് -റോഡിതരം) |
| ചെലവ് തുക | 411190/- (ബിൽ നം.- 12/20-21, 13-01-2021 |
| അംഗീകാരം, തീരുമാനം നം. | 1(1)/23.01.2021 |

കല്ലിയൂർ ഗ്രാമപഞ്ചായത്തിൽ ഉൾപ്പെട്ട 35 അങ്കണവാടികളിലും കുട്ടികൾക്കായി 5 കസേര വീതം വാങ്ങി നൽകുന്നതിന് സർക്കാർ അംഗീകൃത സ്ഥാപനമായ സിഡ്കോയ്ക്ക് കസേര ഒന്നിന് 2350/- രൂപ നിരക്കിൽ 411190/- രൂപ കൈമാറിയിട്ടുണ്ട്. പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1. പ്രസ്തുത പദ്ധതി വഴി ലഭ്യമായ 175 കസേരകൾ സ്റ്റോക്കിൽ എടുത്തതായോ കേടുപാടുകൾ ഇല്ലായെന്ന് പരിശോധിച്ച് ഉറപ്പ് വരുത്തിയതായോ നിർവഹണോദ്യോഗസ്ഥ സാക്ഷ്യപെടുത്തിയിട്ടില്ല.

2. സ്റ്റോക്ക് രജിസ്റ്ററിൽ 175 കസേരകൾ സ്റ്റോക്കിൽ എടുത്തതിന്റെ വിവരങ്ങൾ എഴുതി സൂക്ഷിച്ചിട്ടില്ല.

3. പദ്ധതി വഴി 35 അങ്കണവാടികളിലേക്ക് കസേര കൈമാറിയതിന്റെ വിതരണ രജിസ്റ്റർ ഹാജരാക്കിയിട്ടില്ല.

അംഗനവാടികളുടെ ആസ്തി രജിസ്റ്റർ പരിശോധിച്ച് പ്രസ്തുത പദ്ധതി വഴിയുള്ള വിതരണം ഉറപ്പ് വരുത്തിയിട്ടുണ്ട്. വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.12-നു 175 കസേരകൾ സ്റ്റോക്കിൽ ചേർക്കാൻ വിട്ടുപോയതാണെന്ന് അറിയിച്ചിട്ടുണ്ട്. കേരള ഫിനാൻഷ്യൽ കോഡ്, ആർട്ടിക്കിൾ 147 പ്രകാരം സ്റ്റോറുകൾ കൈപ്പറ്റുവാൻ ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥൻ ആയവ പരിശോധിച്ച് സ്റ്റോക്കിൽ എടുക്കേണ്ടതാണ്. പുതിയതല്ലാത്തതോ സ്പെസിഫിക്കേഷൻ പ്രകാരമല്ലാത്തതോ കേടുപാടുകൾ സംഭവിച്ചതോ ആയ സാമഗ്രികൾ സ്വീകരിക്കേണ്ടതില്ല. പ്രസ്തുത നിർദ്ദേശം കൃത്യമായി പാലിക്കുകയും വിതരണ രജിസ്റ്റർ തുടർന്നുള്ള പദ്ധതികളിൽ കൃത്യമായി തയ്യാറാക്കി സൂക്ഷിക്കേണ്ടതുമാണ്.

## 1-39 വൃദ്ധർക്ക് കട്ടിൽ വിതരണം, അപേക്ഷകനും റേഷൻ കാർഡിൽ ഉൾപ്പെട്ട കുടുംബാംഗങ്ങൾക്കും പകരം മറ്റ് വ്യക്തികൾക്ക് കട്ടിൽ കൈമാറി.

| | |
|---|---|
| നിർവഹണോദ്യോഗസ്ഥൻ | ICDS സൂപ്പർവൈസർ |
| പദ്ധതി,നം | വൃദ്ധർക്ക് കട്ടിൽ വിതരണം (SO 262/ 21) |
| അടങ്കൽ തുക | 873600- വികസന ഫണ്ട്-പൊതു വിഭാഗം സാധാരണ വിഹിതം) |
| ചെലവ് തുക | 873600 (ബിൽ നം.- 5/20-21, 11-08-2020 |

വൃദ്ധർക്ക് കട്ടിൽ വിതരണം പദ്ധതി വഴി 'ഒളിമ്പിയ സ്റ്റീൽസ് 'എന്ന സ്ഥാപനത്തിന് 273 കട്ടിലുകൾ വിതരണം ചെയ്യുന്നതിലേക്കായി 873600/- രൂപ കട്ടിൽ ഒന്നിന് 3200/- എന്ന നിരക്കിൽ കൈമാറിയിട്ടുണ്ട്. 273 കട്ടിലുകൾ വിതരണം ചെയ്തതായി കാണിച്ചുള്ള വിതരണ രജിസ്റ്റർ ഹാജരാക്കിയിട്ടുണ്ട്. എന്നാൽ ടി പർച്ചേസ് വഴി ലഭിച്ച കട്ടിലുകളുടെ ഗുണമേന്മ ഉറപ്പ് വരുത്തി സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്തിട്ടില്ല. വിതരണ രജിസ്റ്ററിന്റെ തുടർ പരിശോധനയിൽ വിതരണ രജിസ്റ്ററിൽ അപേക്ഷകർക്ക് പകരം മറ്റ് വ്യക്തികൾ ഒപ്പിട്ട് കട്ടിൽ കൈപ്പറ്റിയിട്ടുണ്ട് എന്ന് കണ്ടെത്തി. അപേക്ഷകർ സമർപ്പിച്ചിട്ടുള്ള റേഷൻ കാർഡിന്റെ പകർപ്പിൽ ടി വ്യക്തികളുടെ പേര് ഉൾപ്പെട്ടിട്ടില്ല. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു

| വാർഡ് നം. | അപേക്ഷകന്റെ പേര് | കട്ടിൽ കൈപ്പറ്റിയ വ്യക്തിയുടെ പേര് |
|---|---|---|
| IX | വിജയമ്മ കെ | സിന്ധിയ |
| XVIII | എപ്പപ്രോസ് | ജോസ് |
| XVIII | ബാബു | ഷാജി |
| XVIII | ശശി | മുരുഗൻ |
| XVIII | പൊന്നമ്മ | ശോഭന |
| XVIII | തങ്കമണി | സുഗതൻ |

അപേക്ഷനോ റേഷൻ കാർഡിൽ ഉൾപ്പെട്ടിട്ടുള്ള കുടുംബങ്ങൾക്കോ അല്ലാതെ മറ്റ് വ്യക്തികൾക്ക് കട്ടിൽ കൈമാറിയതിനു കാരണം അറിയിക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.12 ന കോവിഡ് തരംഗത്തിന് ഇടയിൽ വിതരണം നടത്തിയതിനാൽ 60 വയസു കഴിഞ്ഞ മുതിർന്ന പൗരന്മാരെ വിതരണ സ്ഥലത്ത് എത്തിക്കാൻ സാധിച്ചിരുന്നില്ല. അവരുടെ ബന്ധുക്കൾ എത്തി കട്ടിലുകൾ കൈപ്പറ്റാൻ നിർദേശിച്ചിരുന്നു. ഈ ബന്ധുക്കൾ റേഷൻ കാർഡിൽ ഉൾപ്പെട്ടവരാണെന്ന് ഉറപ്പ് വരുത്താത്തത് ആ പ്രത്യേക സാഹചര്യത്തിലാണ് എന്നറിയിച്ചിട്ടുണ്ട്. അപേക്ഷകന്റെ രേഖാമൂലമുള്ള നിർദേശത്തിന്റെ അടിസ്ഥാനത്തിൽ അല്ല കട്ടിലുകൾ കൈമാറിയത്. ആയതിനാൽ മറുപടി അംഗീകരിക്കാവുന്നതല്ല. പദ്ധതിയിനത്തിലുള്ള കട്ടിലുകൾ ഗുണഭോക്താക്കൾക്ക് കൃത്യമായി ലഭിച്ചിട്ടുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്. തുടർ വർഷങ്ങളിൽ അപേക്ഷകന് നേരിട്ട് ഹാജരാകാൻ പറ്റാത്ത സാഹചര്യത്തിൽ റേഷൻ കാർഡിൽ ഉൾപ്പെട്ട കുടുംബാംഗങ്ങൾക്ക് മാത്രം ഇത്തരത്തിലുള്ള വകകൾ കൈമാറാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-40 അങ്കണവാടി പോഷകാഹാരം; TDS തുക കുറവ് ചെയ്യാതെ മുഴുവൻ തുകയും കൈമാറി.

| | |
|---|---|
| നിർവഹണോദ്യോഗസ്ഥൻ | ICDS സൂപ്പർ വൈസർ |

| | |
|---|---|
| പദ്ധതി, നം | അങ്കണവാടി പോഷകാഹാരം (10/ 21) |
| അടങ്കൽ തുക | 3707190 – (1300000 വികസന ഫണ്ട് – പൊതു വിഭാഗം സാധാരണ വിഹിതം<br>2307190- കേന്ദ്രാവിഷ്കൃത ഫണ്ട് ,<br>100000- മറ്റ് ബ്ളോക്ക് പഞ്ചായത്ത് ഫണ്ട് ) |
| ചെലവ് തുക | 3707190 |

അംഗനവാടികളിലേക്ക് ന്യൂട്രിമിക്സ് വാങ്ങിയ ഇനത്തിൽ വിവിധ കുടുംബശ്രീ യൂണിറ്റുകളിലേക്ക് തുക കൈമാറിയിട്ടുണ്ട്. എന്നാൽ 250000/- രൂപയ്ക്ക് പുറത്തുള്ള പർച്ചേസിന് നിയമപ്രകാരം ഈടാക്കേണ്ടിയിരുന്ന TDS തുക ഈടാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ചെക്ക് നം (തുക) | യൂണിറ്റ് | ഇൻവോയ്സ് നം, തുക (GST ഉൾപ്പെടെ ) | ഈടാക്കേണ്ടിയിരുന്ന TDS – (Total Amount – GST Amount) X 2% ) |
|---|---|---|---|---|
| 1 | 1325854/11-12-2020 (798381) | സമൃദ്ധി ആൻഡ് ബ്ളോസം ന്യൂട്രി മിക്സ് യൂണിറ്റ് | 096/5-8-2020- 141985<br>106/24-08-2020- 147074<br>116/28-09-2020- 144336<br>ആകെ 433395 | 8255 (412757x2%) |
| 2 | 1325856/25-03-2021 (561918) | സമൃദ്ധി ആൻഡ് ബ്ളോസം ന്യൂട്രി മിക്സ് യൂണിറ്റ് | 150/31-12-2020- 143891<br>164/18-02-2021-144891<br>ആകെ 288782 | 5500 (275030x2%) |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.12 ന ഭക്ഷ്യ വസ്തുക്കൾ അങ്കണവാടികൾക്ക് വിതരണം ചെയ്യുന്നതിന് TDS ബാധകമല്ലെന്ന ധാരണയിലും ഈ പ്രോജക്ടിന്റെ ബില്ലുകൾ എല്ലാം 250000/- രൂപയ്ക്ക് താഴെയുള്ള ബില്ലുകൾ ആയതിനാൽ TDS ഒടുക്കേണ്ട എന്ന ധാരണയിലുമാണ് TDS പിടിക്കാത്തതെന്ന് അറിയിച്ചിട്ടുണ്ട്. എന്നാൽ ഈ മറുപടി അംഗീകരിക്കാവുന്നതല്ല . നിയമ പ്രകാരമുള്ള TDS തുക കുറവ് ചെയ്ത് ബാക്കി തുക മാത്രം കൈമാറാൻ ഇനിമേൽ ശ്രദ്ധിക്കേണ്ടതാണ്.

## 1-41 കൂടിയ നിരക്ക് രേഖപ്പെടുത്തിയ കരാറുകാരന് കരാർ നൽകി- അധിക ചെലവ്.

പ്രോജക്ട് നം. – 111/21 (എള്ളൂർകോട്- കുളത്തിൻകര തേർഡ് ഇടവഴി- കനാൽ ബണ്ട്റോഡ് മുത്തുക്കുഴി വള്ളംകോട് ചാനൽക്കര റോഡ് കോൺക്രീറ്റിംഗ് വാർഡ് 9)

അടങ്കൽ – 600000/-

ചെലവ് – 599915/- (Try. Cheque No. 2178400/13.10.2020)

എം-ബുക്ക് നം. – 115/20-21

കരാറുകാരൻ – നീലാമ്പരൻ.കെ

1. പ്രവൃത്തി നിർവ്വഹണത്തിന് ഇ-ടെണ്ടർ ക്ഷണിച്ചതിൽ (9.06.2020-ന് ) മൂന്ന് കരാറുകാർ നിരക്ക് ക്വാട്ട് ചെയ്തതിന്റെ രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്. വിശദാംശം ചുവടെ.

| കരാറുകാരൻ | ക്വാട്ട് ചെയ്ത നിരക്ക് |
|---|---|
| ശ്രീ.സുരേഷ്ബാബു | 400615 |
| ശ്രീ.രാജേന്ദ്രൻ | 433369.01 |
| ശ്രീ.ശങ്കരൻ നായർ | 454091.86 |

എന്നാൽ പ്രസ്തുത കരാറുകാരെ ഒഴിവാക്കി റീ ടെണ്ടർ ക്ഷണിച്ചതിന്റെ (01.08.2020-ന്) അടിസ്ഥാനത്തിൽ ശ്രീ.നീലാമ്പരൻ.കെ എന്ന കരാറുകാരന് 535638.53/- രൂപയ്ക്കാണ് കരാറുറപ്പിച്ചിരിക്കുന്നത്. കുറഞ്ഞനിരക്ക് രേഖപ്പെടുത്തിയ ടെണ്ടർ പരിഗണിക്കാതെ കൂടിയ നിരക്ക് രേഖപ്പെടുത്തിയ കരാറുകാരന് കരാർ നൽകാനുണ്ടായ സാഹചര്യം വ്യക്തമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടിയായി ആദ്യരണ്ട് കരാറുകാരുടെ ഇ-ടെണ്ടർ ഓപ്പൺ ചെയ്തപ്പോൾ പ്രധാനപ്പെട്ട Document ആയ Schedule Upload ചെയ്തിട്ടില്ലായിരുന്നുവെന്നും ആയതിനാൽ ടെണ്ടർ സ്വീകരിക്കാൻ സാധിച്ചിട്ടില്ലായെന്നും ആയതിനാൽ ലഭ്യമായ ടെണ്ടർ സിംഗിൾ ടെണ്ടറായി മാത്രമേ പരിഗണിക്കാൻ സാധിക്കുകയുള്ളൂവെന്നതിനാൽ റീടെണ്ടർ ചെയ്യാൻ തീരുമാനിച്ചതായും അറിയിക്കുകയുണ്ടായി (ഇ-ടെണ്ടർ സമർപ്പിച്ച മൂന്ന് പേരിൽ രണ്ടുപേർ ടെണ്ടർ ഷെഡ്യൂൾ സമർപ്പിച്ചിട്ടില്ലാത്തതിനാൽ സിംഗിൾ ടെണ്ടർ എന്ന് കണക്കാക്കി റീടെണ്ടർ ചെയ്യാൻ 15.06.2020-ലെ ഭരണസമിതി തീരുമാനമെടുത്തിട്ടുണ്ട്).

കരാറുകാർ മൂന്നുപേരും സമർപ്പിച്ച Price Tender Schedule, Bid Submission Confirmation Form എന്നിവയുടെ ഹാർഡ് കോപ്പി കരാറുകാർ ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ മേൽ അപാകതയും, പ്രവൃത്തി റീടെണ്ടർ ചെയ്യുന്ന വിവരവും കരാറുകാരെ രേഖാമൂലം അറിയിച്ചതിന്റെ യാതൊരു രേഖയും സൂക്ഷിച്ചിട്ടില്ല. റീ ടെണ്ടറിനായി പത്രപ്പരസ്യം നൽകിയതിന്റെ വിശദാംശം പരിശോധനയ്ക്ക് ലഭ്യമാക്കാനാവശ്യപ്പെട്ടെങ്കിലും ലഭ്യമാക്കിയിട്ടില്ല (വിശദാംശം പഞ്ചായത്ത് സെക്രട്ടറിയിൽ നിന്ന് ലഭ്യമാക്കി പരിശോധനയ്ക്കായി സമർപ്പിക്കുന്നതാണെന്നാണ് മറുപടി നൽകിയിട്ടുള്ളത്). റീടെണ്ടറിൽ ആദ്യകരാറുകാരനിൽ നിന്നും ഏകദേശം ഒന്നരലക്ഷത്തോളം അധികം ക്വാട്ട് ചെയ്ത കരാറുകാരനുമായി നെഗോസിയേഷൻ നടത്തിയതിന്റെ രേഖകളും സൂക്ഷിച്ചിട്ടില്ല.

ടെണ്ടറിലേയും, റീടെണ്ടറിലേയും Price Comparative Statement, E-tender Sumary Report, റീടെണ്ടറിനായി പത്രപ്പരസ്യം നൽകിയതിന്റെ രേഖകൾ എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതും, അപാകത ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

## 1-42 പ്രത്യേക കന്നുക്കുട്ടി പരിപാലന പദ്ധതി; മുൻ വർഷങ്ങളിൽ കൈമാറിയ തുക പൂർണമായും വിനിയോഗിച്ചിട്ടില്ല.

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | വെറ്ററിനറി സർജൻ |
| പദ്ധതി,നം | പ്രത്യേക കന്നുക്കുട്ടി പരിപാലന പദ്ധതി ,66/21 |
| അടങ്കൽ തുക | 500000 (വികസന ഫണ്ട്-പൊതു വിഭാഗം സാധാരണ വിഹിതം) |
| ചെലവ് തുക | 5,00,000/- (175000 ബിൽ നം.- 8/20-21, 08-02-2021 ,<br>325000/- ബിൽ നം.- 11/20-21, 04-3-2021) |

മേൽ പറഞ്ഞ പദ്ധതി പ്രകാരം നാലു മുതൽ ആറ് മാസം പ്രായമുള്ള കന്നുക്കുട്ടികളെ തിരഞ്ഞെടുത്ത് ഇൻഷുറൻസ് പരിരക്ഷ ഉറപ്പ് വരുത്തിയതിനു ശേഷം കാലിത്തീറ്റ ക്ഷീര സംഘങ്ങൾ വഴി വിതരണം ചെയ്യുന്നതിലേക്കായി ഗ്രാമപഞ്ചായത്ത് വിഹിതം 5,00,000/- രൂപ ഡെപ്യൂട്ടി ഡയറക്ടർ, എസ്.എൽ.ബി.പി തിരുവനന്തപുരത്തിന് കൈ മാറിയിട്ടുണ്ട്. പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട ധനവിനിയോഗ സാക്ഷ്യപത്രം അനുസരിച്ച് 86070/- രൂപ പദ്ധതി ഇനത്തിൽ ചെലവഴിച്ചിട്ടുണ്ട്. 413931/- രൂപ ചെലവഴിക്കാതെ ബാക്കി നിൽക്കുന്നു. (03/08 / 2021 പ്രകാരം ) . പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട മുൻവർഷങ്ങളിലെ ചെലവ് തുക ധനവിനിയോഗ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് എൻക്വയറി നം.26-നുള്ള മറുപടിയായി നിർവ്വഹണോദ്യോഗസ്ഥ ലഭ്യമാക്കിയിട്ടുണ്ട്. പ്രസ്തുത രേഖകൾ പ്രകാരം മുൻവർഷങ്ങളിൽ കൈമാറിയിട്ടുള്ള തുകകളിലെ ഒരു ഭാഗം ചെലവഴിക്കാൻ അവശേഷിക്കുന്നതായി കാണുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം | സാമ്പത്തിക വർഷം | എസ് .എൽ .ബി .പി തിരുവനന്തപുരത്തിന് കൈമാറിയ തുക | ഗുണഭോക്താക്കളുടെ എണ്ണം | ധനവിനിയോഗ സാക്ഷ്യപത്ര പ്രകാരമുള്ള | ചെലവഴിക്കാത്ത തുക |
|---|---|---|---|---|---|

| | | | | പദ്ധതി ചെലവ് | |
|---|---|---|---|---|---|
| 1 | 2017-2018 | 500000 | 40 | 372587 | 127413 |
| 2 | 2018-2019 | 812500 | 65 | 718946 | 93554 |
| 3 | 2019-2020 | 300000 | 24 | 299627 | 373 |
| | | | | ആകെ | 221340/- |

*ടി വിവരങ്ങൾ 16-04-2022 പ്രകാരമാണ്

മുൻ സാമ്പത്തിക വർഷങ്ങളിൽ കൈമാറിയിട്ടുള്ള തുകകളിൽ ചെലവഴിക്കാതെ അവശേഷിക്കുന്ന തുക കൂടി വരും വർഷങ്ങളിലെ പദ്ധതി നിർവ്വഹണത്തിനായി മുതൽക്കൂട്ടേണ്ടതാണ്.

## 1-43 പശു വളർത്തൽ പദ്ധതി; പദ്ധതിയിനത്തിൽ ലഭിച്ച പശുക്കളെ കൈമാറ്റം ചെയ്തു.

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | വെറ്ററിനറി സർജൻ |
| പദ്ധതി,നം | പശു വളർത്തൽ പദ്ധതി (വനിത), 190/21 |
| അടങ്കൽ തുക | 2007500<br>(770000 വികസന ഫണ്ട് - പൊതു വിഭാഗം സാധാരണ വിഹിതം,<br>1237500-മറ്റുള്ളവ ) |
| ചെലവ് തുക | 7,70,000 (6,60,000 -ബിൽ നം.- 1/20-21, 20-04-2020,<br>82,500- ബിൽ നം.- 2/20-21, 20-04-2020<br>27,500 -ബിൽ നം.- 7/20-21,21-10-2020) |

മേൽപ്പറഞ്ഞ പദ്ധതി പ്രകാരം 28 ഗുണഭോക്താക്കൾക്ക് 27500/- രൂപ വീതം ആകെ 7,70,000/- രൂപ പശുവിനെ വാങ്ങുന്നതിനുള്ള ധനസഹായമായി കൈമാറിയിട്ടുണ്ട്. പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1. ഗുണഭോക്തൃ സമിതിയുടെ മേൽനോട്ടത്തിൽ ഗുണഭോക്താവ് പശുവിനെ വാങ്ങി ഇൻഷ്വർ ചെയ്യേണ്ടതുണ്ട്. എന്നാൽ ഇതിൽ 27 ഗുണഭോക്താക്കളും അപേക്ഷയോടൊപ്പം ഇൻഷ്വറൻസ് രേഖകൾ ഹാജരാക്കിയിട്ടില്ല. ഇൻഷ്വറൻസ് ഇല്ലാത്ത അപേക്ഷകർക്ക് ധനസഹായം അനുവദിച്ചതിനു വിശദീകരണം നൽകണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 26 ന് പദ്ധതി നിർവ്വഹിച്ച മുൻ വെറ്ററിനറി സർജന്റെ മറുപടി ലഭ്യമാകും മുറയ്ക്ക് വിവരം ധരിപ്പിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട് .

2. പദ്ധതി ആനുകൂല്യം കൈപ്പറ്റിയ ഏതാനും ചില വ്യക്തികളെ ഫോൺ വഴി ബന്ധപ്പെട്ടതിൽ ചുവടെ പറയുന്ന അപാകങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

| ക്രമ നം | അപേക്ഷകന്റെ പേര് | പശുവിനെ നൽകിയ വ്യക്തിയുടെ പേര് | ലഭ്യമായ വിവരം |
|---|---|---|---|
| 1 | സുധ എൽ | വിജയകുമാരൻ നായർ വി | പദ്ധതി വഴി വാങ്ങിയ പശുവിനെ കൈമാറ്റം ചെയ്തു |
| 2 | അശ്വതി ആർ ചന്ദ്രൻ | ശ്രീകണ്ഠൻ നായർ | പശു അപേക്ഷകയുടെ പിതാവിന്റെ സംരക്ഷണത്തിലാണ്. ഭർതൃ ഗൃഹത്തിലാണ് അപേക്ഷകയുടെ താമസം. അപേക്ഷയിൽ രേഖപ്പെടുത്തിയിരിക്കുന്ന വിലാസവും ഫോൺ നമ്പറും പിതാവിന്റേതാണ് |
| 3 | ദീപ എം. പി നായർ | രാജേന്ദ്രൻ നായർ | പദ്ധതി വഴി വാങ്ങിയ പശുവിനെ കൈമാറ്റം ചെയ്തു |

| | | | |
|---|---|---|---|
| 4 | രതമ്മ | വിജി വി | പദ്ധതി വഴി വാങ്ങിയ പശുവിനെ കൈമാറ്റം ചെയ്തു |
| 5 | ഷീജ ബി | ഷാജി ആർ എസ് | അപേക്ഷയിൽ രേഖപ്പെടുത്തിയിരിക്കുന്ന ഫോൺ നം. പശുവിനെ വിറ്റ ആളുടേതാണ്. |
| 6 | അശ്വതി ആർ | ഷാജി ആർ എസ് | അപേക്ഷയിൽ രേഖപ്പെടുത്തിയിരിക്കുന്ന ഫോൺ നം. പശുവിനെ വിറ്റ ആളുടേതാണ്. |
| 7 | സിന്ധു എം | ഷാജി ആർ എസ് | അപേക്ഷയിൽ രേഖപ്പെടുത്തിയിരിക്കുന്ന ഫോൺ നം. പശുവിനെ വിറ്റ ആളുടേതാണ്. |

ക്രമ നം. 5, 6, 7 എന്നിവയിൽ പശുവിനെ നൽകിയിട്ടുള്ളത് ഒരേ വ്യക്തിയാണ്. ആകെ 82500/- രൂപ ടിയാന് കൈമാറിയിട്ടുണ്ട്. ബന്ധപ്പെട്ട 3 അപേക്ഷയിലും രേഖപ്പെടുത്തിയിരിക്കുന്നത് ഇതേ വ്യക്തിയുടെ മൊബൈൽ നമ്പർ ആണ്. ടി സാഹചര്യത്തിൽ പശുവിനെ ഉടമസ്ഥനായ ഷാജി ആർ.എസ് അപേക്ഷകർക്ക് കൈമാറിയതായി പരിശോധിച്ച് ബോധ്യപ്പെടാൻ കഴിഞ്ഞിട്ടില്ല. ഇതേ തുടർന്ന് അശ്വതി ആർ, സിന്ധു എം എന്നിവരുടെ വീടുകളിൽ 16-04-2022-ൽ നടത്തിയ സ്ഥല പരിശോധനയിൽ ചുവടെ പറയുന്ന കാര്യങ്ങളാണ് ബോധ്യപ്പെട്ടിട്ടുള്ളത്.

| ക്രമ നം. | അപേക്ഷകന്റെ പേര് | നിരീക്ഷണം |
|---|---|---|
| 1 | അശ്വതി, അശ്വതി ഭവൻ, പാലപ്പൂര്, വെള്ളായണി പി ഒ | 1.പശുവിനെ വിറ്റയാളുടെ അയൽവാസിയാണ് അപേക്ഷകൻ<br>2. പദ്ധതിയിനത്തിൽ ലഭിച്ച പശു നിലവിൽ അപേക്ഷകന്റെ പക്കലില്ല. |
| 2 | സിന്ധു എം., നിശാന്ത് ഭവൻ , പാലപ്പൂര്, വെള്ളായണി പി ഒ | പദ്ധതിയിനത്തിൽ ലഭിച്ച പശു നിലവിൽ വിൽപനക്കാരനായ ഷാജി ആർ.എസ് എന്ന വ്യക്തിയുടെ സംരക്ഷണത്തിലാണ്. |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.26 ന സിന്ധു എം എന്ന വ്യക്തിയുടെ തൊഴുത്ത് പ്രകൃതി ക്ഷോഭത്തിൽ തകർന്നതിനാൽ താത്കാലികമായി ഷാജി ആർ എസ് എന്ന വ്യക്തിയുടെ തൊഴുത്തിൽ പാർപ്പിച്ചിരിക്കുകയാണെന്ന വിവരം അപേക്ഷക അറിയിച്ചതായി ലഭ്യമാക്കിയ മറുപടിയിൽ പരാമർശിച്ചിട്ടുണ്ട്. എന്നാൽ വിൽപ്പനക്കാരനു തന്നെ പശുവിനെ സംരക്ഷിക്കാൻ നൽകി എന്ന വാദം അംഗീകരിക്കാവുന്നതല്ല. മറ്റു പരാമർശങ്ങൾക്ക് പദ്ധതി നിർവഹണം നടത്തിയ മുൻ വെറ്റിനറി സർജന്റെ മറുപടി ലഭ്യമാകുന്ന മുറയ്ക്ക് വിശദീകരണം ലഭ്യമാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

പാൽ, മുട്ട, മാംസം എന്നിവയുടെ ഉൽപാദനത്തിൽ സ്വയം പര്യാപ്തത നേടുകയെന്നതായിരിക്കണം മൃഗ സംരക്ഷണ ക്ഷീര വികസന പ്രോജക്ടുകളിലൂടെ ലക്ഷ്യമിടേണ്ടതെന്ന് സ.ഉ.(കൈ.)നം.11/2018/തസ്വഭവ തീയതി:29.01.18 പ്രകാരമുള്ള പദ്ധതി നിർവ്വഹണ മാർഗ്ഗരേഖയിൽ നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ വളർത്തുമൃഗങ്ങളെ പഞ്ചായത്തിൽ തന്നെയുള്ള വ്യക്തികളിൽ നിന്നും വാങ്ങിയത് മൂലവും വാങ്ങിയവയെ കൈമാറ്റം ചെയ്തത് വഴിയും പാൽ ഉൽപാദനത്തിൽ സ്വയം പര്യാപ്തത കൈവരിക്കുകയെന്ന ലക്ഷ്യത്തിനു പദ്ധതി ഉതകിയിട്ടില്ല എന്ന് ഓഡിറ്റ് വിലയിരുത്തുന്നു. പർച്ചേസ് കമ്മിറ്റി, മോണിറ്ററിങ് കമ്മിറ്റി എന്നിവ കാര്യക്ഷമമായി പ്രവർത്തിച്ചിട്ടില്ല എന്നാണ് ഇതിൽ നിന്നും മനസ്സിലാകുന്നത്.

പദ്ധതി വഴി വാങ്ങുന്ന മൃഗങ്ങളെ പരിപാലിച്ചുകൊള്ളാമെന്നും അവയെ നഷ്ടപ്പെടുത്തിയാൽ അത് തന്റെ സ്ഥാവര ജംഗമ വസ്തുക്കളിൽ നിന്നും ഈടാക്കാവുന്നതാണെന്നും ഓരോ അപേക്ഷകനും സാക്ഷ്യപെടുത്തിയിട്ടുള്ളതിന്റെ അടിസ്ഥാനത്തിലാണ് തുക കൈ മാറിയിട്ടുള്ളത്. അപാകത കണ്ടെത്തിയ സാഹചര്യത്തിൽ മോണിറ്ററിങ് സമിതി പദ്ധതി വഴി ആനുകൂല്യം കൈപ്പറ്റിയ 28 പേരുടെ വീടുകളിലും സ്ഥലപരിശോധന നടത്തി പദ്ധതി വഴി വാങ്ങിയ പശുവിനെ പരിപാലിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തി വിശദമായ റിപ്പോർട്ട് ഓഡിറ്റിന് സമർപ്പിക്കേണ്ടതാണ്. തുടർവർഷങ്ങളിൽ പദ്ധതിയിനത്തിൽ വിതരണം ചെയ്യുന്ന പശുക്കളെ വാങ്ങുന്നയാൾ മികച്ച രീതിയിൽ സംരക്ഷിക്കുന്നുണ്ടെന്ന് മോണിറ്ററിങ്

സമിതി കൃത്യമായി നിരീക്ഷിക്കേണ്ടതാണ്.

### 1-44 കോവിഡ് പ്രതിരോധപ്രവർത്തനം.

കോവിഡ് -19 ന്റെ പാശ്ചാത്തലത്തിൽ പഞ്ചായത്തിലെ 21 വാർഡുകളിലും 15 അംഗങ്ങൾ വീതമുള്ള Emergency Response Team രൂപീകരിച്ചിട്ടുണ്ട്. Covid First Line Treatment സെന്ററുകളുടെ രൂപീകരണത്തിനും നടത്തിപ്പിനുമായി PHC മെഡിക്കൽ ഓഫീസർ നോഡൽ ഓഫീസറായും, അസി.സെക്രട്ടറി ചാർജ് ഓഫീസറായും പ്രത്യേക മാനേജിംഗ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. Covid-19 പ്രതിരോധ പ്രവർത്തനങ്ങൾക്കായി ട്രഷറി അക്കൌണ്ട് (STSB-799011400008295) ആരംഭിച്ചിട്ടുണ്ട്. ജില്ലാ ദുരന്തനിവാരണ അതോറിറ്റിയിൽ നിന്ന് 45 ലക്ഷം രൂപ ലഭിച്ചിട്ടുണ്ട്. ഒരു കമ്മ്യൂണിറ്റി കിച്ചനാണ് പ്രവർത്തിച്ചിട്ടുള്ളത്. കമ്മ്യൂണിറ്റി കിച്ചണായി 267300/-രൂപ ചെലവഴിച്ചിട്ടുണ്ട്. ഇതിലേക്കായി സംഭാവന ഇനത്തിൽ സാധനങ്ങളും ലഭിച്ചിട്ടുണ്ട്. സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിച്ചിട്ടുണ്ട്. പഞ്ചായത്ത് പരിധിയിൽ കോവിഡ് ഫസ്റ്റ് ലൈൻ ട്രീറ്റ്മെന്റ് സെന്റർ, ഇൻസ്റ്റിറ്റ്യൂഷണൽ ക്വാറന്റീൻ സെന്റർ എന്നിവ പ്രവർത്തിച്ചിരുന്നു. Covid 19 പ്രതിരോധ പ്രവർത്തനങ്ങൾക്കായി ജനറൽ കമ്മിറ്റി തീരുമാനപ്രകാരം താൽക്കാലിക ആര്യോഗ്യ പ്രവർത്തകരേയും, ശുചീകരണ തൊഴിലാളികളേയും നിയമിച്ചിട്ടുണ്ട്(അവലംബം- ഓഡിറ്റ് എൻക്വയറി നം.20 നുള്ള മറുപടി).

### 1-45 ഹെഡ്മാസ്റ്റർ നിർവ്വഹണോദ്യോഗസ്ഥനായ പദ്ധതികൾ - 1260633/-രൂപ തടസ്സപ്പെടുത്തുന്നു.

2020-21 സാമ്പത്തിക വർഷത്തിൽ കല്ലിയൂർ ഗ്രാമപഞ്ചായത്തിൽ ഹെഡ്മാസ്റ്റർ നിർവ്വഹണോദ്യോഗസ്ഥനായി വികസനഫണ്ട് (ജനറൽ), എസ്.സി.പി എന്നീ ഫണ്ടുകളിൽ നിന്നായി വിവിധ പദ്ധതികൾക്കായി 1260633/-രൂപ ചെലവഴിച്ചിട്ടുണ്ട്. പഠനോപകരണങ്ങൾ, ലാപ്ടോപ്പ് എന്നിവയുൾപ്പെടെ വൻതുക ചെലവഴിച്ചിട്ടുണ്ടെങ്കിലും ആവർത്തിച്ചാവശ്യപ്പെട്ടിട്ടും ഫയലുകളൊന്നും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ഉപകരണങ്ങളുടെ ദൗർലഭ്യം കാരണം 17.12.21-ലെ വർക്ക് ഓർഡർ പ്രകാരമുള്ള ഉപകരണങ്ങൾ വിതരണം ചെയ്യാൻ കഴിഞ്ഞില്ല എന്ന കാണിച്ച് കെൽട്രോൺ 26.03.22-ന് നിർവ്വഹണോദ്യോഗസ്ഥനയച്ച ഒരു കത്ത് മാത്രമാണ് ഓഡിറ്റിന് ലഭ്യമാക്കിയിട്ടുള്ളത്. തുക തിരികെ ഈടാക്കിയിട്ടുണ്ടോ എന്നതും വ്യക്തമല്ല. വ്യക്തമായ ചെലവു രേഖകളുടെ അഭാവത്തിൽ പ്രസ്തുത ചെലവ് തടസ്സപ്പെടുത്തുന്നു. പ്രസ്തുത ചെലവുകളുമായി ബന്ധപ്പെട്ട എല്ലാ രേഖകളും അടിയന്തിരമായി ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ബ്ലോക്ക് പഞ്ചായത്ത്

| മുന്നിരിപ്പ് | 2020-21 RP7 & RP 31 പ്രകാരമുള്ള വരവ് | ആകെ | Expenditure Statement പ്രകാരമുള്ള ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|
| 2496054 | 2016350 (RP7) + | 6374804 | 3999242 | 2375562 |

| | | | | |
|---|---|---|---|---|
| | 1862400 (RP 31)<br>3878750 | | | |

എന്നാൽ B4 Schedule പ്രകാരമുള്ള നീക്കിയിരിപ്പ് 2066962/- രൂപയാണ്. ആയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

Expenditure Statement ബ്ലോക്ക്പഞ്ചായത്ത് വിഹിതമായി വിവിധ പ്രോജക്ടുകൾക്ക് ചെലവഴിച്ച തുക.

| പ്രോജക്ടിന്റെ പേര് | ചെലവഴിച്ച തുക |
|---|---|
| സുഭിക്ഷ കേരളം | 150000 |
| ലൈഫ് | 1500000 |
| ലൈഫ് - SC ഫിഷറീസ് | 791492 |
| അങ്കണവാടി പോഷകാഹാരം | 100000 |
| സ്നേഹ സ്പർശം | 717750 |
| ക്ഷീര സമൃദ്ധി | 740000 |
| ആകെ | 3999242 |

ജില്ലാ പഞ്ചായത്ത്

| മുന്നിരിപ്പ് | 2020-21 RP7 പ്രകാരമുള്ള വരവ് | ആകെ | Expenditure Statement പ്രകാരമുള്ള ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|
| 450500 | 1707750 | 2158250 | 2020969 | 137281 |

എന്നാൽ B4 Schedule പ്രകാരമുള്ള നീക്കിയിരിപ്പ് 445881/- രൂപയാണ്. ആയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

Expenditure Statement പ്രകാരം ജില്ലാ പഞ്ചായത്ത് വിഹിതമായി വിവിധ പ്രോജക്ടുകൾക്ക് ചെലവഴിച്ച തുക.

| പ്രോജക്ടിന്റെ പേര് | ചെലവഴിച്ച തുക |
|---|---|
| കേദാരം | 144500 |
| ലൈഫ് | 907600 |
| ന്യൂലൈഫ് | 320000 |
| ലൈഫ് - SC ഫിഷറീസ് | 4619 |
| സ്നേഹസ്പർശം | 584250 |
| ക്ഷീര സമൃദ്ധി | 60000 |
| ആകെ | 2020969/- |

## 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവണ ഏജൻസി | മുന്നിരിപ്പ് | 2020-21 ൽ മുൻകൂർ നൽകിയ തുക | പ്രവൃത്തിയുടെ പേര് | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | 3408655 | - | - | 0 | 3408655 |
| | | 60000 | പൈപ്പ് ലൈൻ എക്സ്റ്റൻഷൻ (6/21) | 0 | 60000 |
| | | 550000 | പൈപ്പ് ലൈൻ എക്സ്റ്റൻഷൻ (173/21) | 0 | 550000 |

| | | | | | |
|---|---|---|---|---|---|
| ആകെ | 3408655/- | 610000/- | - | 0 | 4018655/- |

എന്നാൽ B-18 Schedule പ്രകാരമുള്ള നീക്കിയിരിപ്പ് 3411755/- രൂപയാണ്. ആയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

| നിർവഹണ ഏജൻസി | മുന്നിരിപ്പ് | 2020-21 ൽ മുൻകൂർ നൽകിയ തുക | പ്രവൃത്തിയുടെ പേര് | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി | 4700822 | - | - | 0 | 4700822 |
| | | 186764 | ഇലക്ട്രിക് പോസ്റ്റ് മാറ്റൽ (18/21) | 0 | 186764 |
| | | 49686 | ഇലക്ട്രിക് ലൈൻ എക്സ്റ്റൻഷൻ (173/21) | 0 | 49686 |
| ആകെ | 4700822/- | 236450/- | - | - | 4937272/- |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല.

## 4-4 വായ്പ/വായ്പ തിരിച്ചടവ്

2020-21 സാമ്പത്തിക വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പാ തുകയുടെയും വിശദവിവരം.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| പ്രത്യേക ഭവന പദ്ധതി വായ്പ | 4495/DB1/ 14/ തസ്വഭവ, തീയതി 20.05.2015 | 16800000 | 8400000 | 1680000 | 895740 | 6720000 |
| പ്രത്യേക ഭവന പദ്ധതി വായ്പ പലിശ | | . | 895740 | . | . | . |

## 4-5 സ്ഥിര നിക്ഷേപം

ഇല്ല.

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല.

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലുൾപ്പെട്ട ഖണ്ഡികകൾ

ഇല്ല.

## 4-8 ചാർജ്ജ്/സർചാർജ്ജ് നടപടിക്രമങ്ങൾ

ഇല്ല.

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| മുന്നിരിപ്പ് | 2,46,09,254.18 |
| ഓഡിറ്റ് വർഷത്തെ വരവ് | 13,02,31,519.00 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 14,42,29,031.00 |
| നീക്കിയിരിപ്പ് | 1,06,11,742.18 |
| വരവിനങ്ങളിലുള്ള നഷ്ടം | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 54,105 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 15,11,438 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-33 | 54,105 | ശ്രീമതി പ്രിയങ്ക വിഎസ്, അസിസ്റ്റന്റ് എഞ്ചിനിയർ |
| ആകെ | 54,105 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-28 | 173480 | ശ്രീമതി ദിവ്യാറാണി, ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ |
| 1-31 | 50000 | ഡോ.രാജശേഖരൻ, മെഡിക്കൽ ഓഫീസർ, ആയുർവേദം |
| 1-32 | 27325 | |
| 1-45 | 1260633 | ശ്രീമതി ബീന സരോജം, ഹെഡ്മിസ്ട്രസ്സ് |
| ആകെ | 15,11,438 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി.പ്രിയങ്ക വിഎസ്, അസി.എഞ്ചിനീയർ | അസി.എഞ്ചിനീയർ | വൈജയന്ത്, ടി.സി.11/1665, ചാരാച്ചിറ റോഡ്, കവടിയാർ, തിരുവനന്തപുരം 03 |
| ഡോ.രാജശേഖരൻ, മെഡിക്കൽ ഓഫീസർ, അയുർവേദം | മെഡിക്കൽ ഓഫീസർ, അയുർവേദം | ശ്യാമള മന്ദിരം, പയറ്റുവിള പി.ഒ |
| ശ്രീമതി ബീന സരോജം , ഹെഡ്മിസ്ട്രസ്സ് | ഹെഡ്മിസ്ട്രസ്സ് | ഉപാസന, ടി.സി, നേമം |
| ശ്രീ ഗോപകുമാർ, അസിസ്റ്റന്റ് സെക്രട്ടറി | അസിസ്റ്റന്റ് സെക്രട്ടറി | ടി.സി 70/210(1), വൈഗ, റ്റി.എൻ പുരം, മണക്കാട് പി.ഒ |
| ശ്രീ അനസചേതനൻ , സെക്രട്ടറി | സെക്രട്ടറി | അമ്പലത്തറ പി.ഒ, തിരുവനന്തപുരം |
| ശ്രീമതി.ദിവ്യാറാണി, ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | പ്രശാന്തി, പേരൂർക്കട 695005 |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2000-01 | കെ.എസ്.എ.റ്റി.വി.എം/ജി.പി.4/1133/2018 തീയതി.25.05.2018 | 13 |
| 2001-02 | കെ.എസ്.എ.റ്റി.വി.എം/ജി.പി.4/1133/2018 തീയതി.25.05.2018 | 8 |
| 2002-03 | കെ.എസ്.എ.റ്റി.വി.എം/ജി.പി.4/1133/2018 തീയതി.25.05.2018 | 1 |
| 2003-04 | കെ.എസ്.എ.റ്റി.വി.എം/ജി.പി.4/1133/2018 തീയതി.25.05.2018 | 4 |
| 2004-05 | കെ.എസ്.എ.റ്റി.വി.എം/ജി.പി.4/1133/2018 തീയതി.25.05.2018 | 1 |
| 2005-06 | കെ.എസ്.എ.റ്റി.വി.എം/ജി.പി.4/1133/2018 തീയതി.25.05.2018 | 1 |
| 2006-07 | കെ.എസ്.എ.റ്റി.വി.എം/ജി.പി.4/1133/2018 തീയതി.25.05.2018 | 6 |
| 2007-08 | കെ.എസ്.എ.റ്റി.വി.എം/ജി.പി.4/1133/2018 തീയതി.25.05.2018 | 1 |
| 2008-09 | കെ.എസ്.എ.റ്റി.വി.എം/ജി.പി.4/1133/2018 തീയതി.25.05.2018 | 6 |
| 2009-10 | കെ.എസ്.എ.റ്റി.വി.എം/ജി.പി.4/1133/2018 തീയതി.25.05.2018 | 1 |
| 2010-11 | കെ.എസ്.എ.റ്റി.വി.എം/ജി.പി.4/1133/2018 തീയതി.25.05.2018 | 1 |

| | | |
|---|---|---|
| 2011-12 | കെ.എസ്.എ.റ്റി.വി.എം/ജി.പി.4/1133/2018 തീയതി.25.05.2018 | 8 |
| 2012-13 | കെ.എസ്.എ.റ്റി.വി.എം/ജി.പി.4/1133/2018 തീയതി.25.05.2018 | 7 |
| 2013-14 | കെ.എസ്.എ.റ്റി.വി.എം/ജി.പി.4/1133/2018 തീയതി.25.05.2018 | 5 |
| 2014-15 | കെ.എസ്.എ.റ്റി.വി.എം/ജി.പി.4/1081/2016 തീയതി.29.06.2016 | 14 |
| 2015-16 | കെ.എസ്.എ.റ്റി.വി.എം/ജി.പി.4/2013/2016 തീയതി.09.02.2016 | 11 |
| 2016-17 | കെ.എസ്.എ.റ്റി.വി.എം/ജി.പി.4/1782/2017 തീയതി.23.08.2017 | 25 |
| 2017-18 | കെ.എസ്.എ.റ്റി.വി.എം/ജി.പി.4/224/2019 തീയതി.25.04.2019 | 22 |
| 2018-19 | കെ.എസ്.എ.റ്റി.വി.എം/ജി.പി.4/327/2020 തീയതി.02.06.2020 | 36 |

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം.

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ തിരുവനന്തപുരം ജില്ലയിലെ കല്ലിയൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തിരുവനന്തപുരം ജില്ലയിലെ കല്ലിയൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്